നം.കെ.എസ്.എ(എച്ച്.യു)ജി 2-25/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്,
മെഡിക്കൽ കോളേജ് .പി.ഒ., 680 596
ഇ.മെയിൽ:-healthuty.ksad@kerala.gov.in

തീയതി:12.04.2019

**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, ചട്ടം 18 , 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാനിയമം 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നു.)*

---

**ഓഡിറ്റ് തിയതി :20.02.2018 മുതൽ 31.07.2018 വരെ (ചെലവ് ഓഡിറ്റ്)**

**01.08.2018 മുതൽ 31.01.2019 വരെ (വരവ് -ചെലവ് ഓഡിറ്റ്)**

**ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട**

**ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും : ശ്രീ.ഷാജി.കെ, ജോയിന്റ് ഡയറക്ടർ**

**ഓഡിറ്റ് നടത്തിയവരുടെ പേരുവിവരം :**

| | |
|---|---|
| ശ്രീ.വി.പി.ഷോബി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.വി.എ.ഹാരിഷ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ഫെമിന.എ.എ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശ്രീജ.കെ.ടി. | ഓഡിറ്റർ |

**i) ഓഡിറ്റിന്റെ വ്യാപ്തിയും പരിമിതികളും**

2017-18 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് ആകെ 30 ഓഡിറ്റ് റിക്വിസിഷനുകളും 48 ഓഡിറ്റ് എൻക്വയറികളും നൽകുകയുണ്ടായി. എല്ലാ ഓഡിറ്റ് എൻക്വയറികൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കിയ രേഖകളും രജിസ്റ്ററുകളും പരിശോധിച്ചും ഓഡിറ്റ്

എൻക്വയറികൾക്ക് ലഭ്യമാക്കിയ മറുപടികൾ പരിഗണിച്ചുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

**ii) ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

തനതു വരുമാനം, സർക്കാരിൽ നിന്ന് ലഭിച്ച ഫണ്ടുകൾ എന്നിവയുടെ വരവ്, അവയുടെ ഒടുക്കൽ / പിൻവലിക്കൽ എന്നിവ പരിശോധനക്ക വിധേയമാക്കുകയുണ്ടായി . 31.01.2019 വരെയുള്ള രസീതികളും അവയുടെ ഒടുക്കം പരിശോധിച്ചിട്ടുണ്ട്. എന്നാൽ

സർവ്വകലാശാലയുടെ എല്ലാ വരവുകളും രസീതികൾ മുഖേന സ്വീകരിക്കപ്പെടുന്നില്ല . ആയതിനാൽ പണം വരവിന്റേയും ഒടുക്കിന്റേയും കൃത്യത പരിശോധിച്ച് ഉറപ്പാക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

(വിശദവിവരങ്ങൾ ഖണ്ഡിക 2-1-1 ൽ പരാമർശിച്ചിട്ടുണ്ട്)

സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകളും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

## iii) ഉത്തരവാദികളായ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| വൈസ് ചാൻസലർ | ഡോ.എം.കെ.സി.നായർ | 01.04.2017 മുതൽ<br>31.03.2018 വരെ |
| പ്രൊ.വൈസ് ചാൻസലർ | ഡോ.എ.നളിനാക്ഷൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| രജിസ്ട്രാർ | ഡോ.എം.കെ.മംഗളം | 01.04.2017 മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| കൺട്രോളർ ഓഫ് എക്സാമിനേഷൻ | ഡോ. പി.കെ.സുധീർ | 01.04.2017 മുതൽ<br><br>31.03.2018 വരെ |
| ഫിനാൻസ് ഓഫീസർ | ശ്രീ.രാജേഷ്.കെ.പി | 01.04.2017 മുതൽ<br><br>31.03.2018 വരെ |

## iv) റിപ്പോർട്ടിന്റെ ഉള്ളടക്കം

| ക്രമ നം | **ഭാഗം 1 പൊതുഅവലോകനം** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതുവായ വിവരങ്ങൾ | 1-1 |
| 2 | ബജറ്റ് | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക | 1-3 |
| 4 | വിവിധ ധനസഹായങ്ങളും വിനിയോഗവും | 1-4 |
| 5 | വിനിയോഗ സാക്ഷ്യപത്രങ്ങൾ | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | സർവ്വകലാശാല അഫിലിയേഷൻ നടപടികൾക്കുള്ള സോഫ്റ്റ് വെയർ - യൂണിവേഴ്സിറ്റി സ്യൂട്ട് പരിശോധന. | 1-9 |

| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
|---|---|---|
| 10 | വരുമാനത്തിന്റെ അക്കൗണ്ടിംഗിലും തുടർ നടപടികളിലും കെട്ടുകാര്യസ്ഥത – സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു | 2-1 |
| 11 | ഫാമിലി ഹെൽത്ത് സ്റ്റഡീസ് സ്കൂൾ കെട്ടിട നിർമാണത്തിന് മുറിച്ച് മാറ്റിയ മരങ്ങൾ വിൽപ്പന നടത്തിയ വകയിൽ ₹40,000/- ലഭിച്ചിട്ടില്ല. | 2-2 |
| 12 | സർവ്വകലാശാലയിലെ അഫിലിയേഷൻ നടപടിക്രമങ്ങളിലെ അപാകതകൾ | 2-3 |
| 13 | അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരമില്ലായ്മ – പരിഹാരനടപടികൾ ഇല്ല. | 2-4 |
| 14 | പെർമനന്റ് അഫിലിയേഷൻ - വിശദമായ നടപടിക്രമങ്ങളുടെ അഭാവം. | 2-5 |
| 15 | അഫിലിയേറ്റഡ് കോളേജുകളിലെ പരീക്ഷ- Malpractices & Lapses Enquiry Committe പരാതികൾ -സുതാര്യമായ പരീക്ഷ ക്രമീകരിക്കുന്നതിൽ വീഴ്ച വരുന്നു. | 2-6 |
| 16 | അപേക്ഷാഫീസ് ഈടാക്കാതെ സീറ്റുവർദ്ധനവ് അനുവദിച്ചു. | 2-7 |
| 17 | പരീക്ഷ വരവുകൾ - ഓരോ വരവിനത്തിനും പ്രത്യേകം ഡി.സി.ബി രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 2-8 |
| 18 | അഫിലിയേഷൻ ഫീസ് ഡിസിബി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല - വാർഷിക കണക്കിൽ കുടിശ്ശിക, മുൻകൂർ വിവരങ്ങൾ ഇല്ല. | 2-9 |

| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ,ചെലവ് ഇനങ്ങളിലെ അപാകതകൾ | | |
|---|---|---|
| 19 | സർവ്വകലാശാല ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് പരിപാലനത്തിലെ അപാകതകൾ | 3-1 |
| 20 | സർക്കാരിൽ നിന്നും മുൻകൂർ അനുമതിയില്ലാതെയും പൊതുതാൽപര്യം മുൻനിർത്തിയല്ലാതെയുമുള്ള പുനർ നിയമനങ്ങൾ | 3-2 |
| 21 | സർവ്വകലാശാലയിലെ ദിവസ വേതന/കരാർ നിയമനങ്ങളിലെ അപാകതകൾ | 3-3 |
| 22 | സർവ്വകലാശാല വൈസ് ചാൻസലർക്ക് പുതിയ കാർ വാങ്ങിയത്- സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ല. | 3-4 |
| 23 | സർവ്വകലാശാല വാഹനങ്ങളുടെ പരിപാലനം-ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെയും മറ്റു അപാകതകളും | 3-5 |
| 24 | അഫിലിയേറ്റഡ് കോളേജുകൾക്കും സർവ്വകലാശാല ജീവനക്കാർക്കും മുൻകൂർ അനുവദിച്ചത് ക്രമീകരിക്കുന്നതിൽ ഗുരുതരമായ വ്യവസ്ഥാ ലംഘനം | 3-6 |
| 25 | മെഡിക്കൽ എക്സിബിഷൻ-MEDEX 2017 | 3-7 |
| 26 | എഫ്.ഐ.ടി യിൽ നിന്ന് ഫർണീച്ചർ വാങ്ങൽ-അപാകതകൾ | 3-8 |
| 27 | ബാർകോഡഡ് ഉത്തരപുസ്തകങ്ങളുടെ അച്ചടിയും വിതരണവും- അപാകതകൾ | 3-9 |
| 28 | HVLS ഫാൻ SITC - അപാകതകൾ | 3-10 |

| | | |
|---|---|---|
| | | |
| 29 | M/S.Indigo Arkitekts- ടെക്നിക്കൽ കൺസൾട്ടൻസി സർവ്വീസ് അപാകതകൾ | 3-11 |
| 30 | ഭൂമി പൊന്നും വിലയ്ക്കെടുക്കൽ- അവാർഡുതുക അധികരിച്ച നിരക്കിൽ നൽകേണ്ടി വന്നതും/ മറ്റു അപാകതകളും | 3-12 |
| | **ഭാഗം 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും** | |
| 31 | വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം | 4-1 |
| 32 | സാമ്പത്തിക നില | 4-2 |
| 33 | 31.03.2018- ലെ ബാങ്ക് നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ | 4-3 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 35 | ഓഡിറ്റ് റിക്കവറി | 4-5 |
| 36 | ഓഡിറ്റ് ചാർജ് | 4-6 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 38 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |
| 39 | അനുബന്ധങ്ങൾ | അനുബന്ധം 1,2,3,4 |

# ഭാഗം 1

# പൊതു അവലോകനം

## 1-1 പൊതുവായ വിവരങ്ങൾ

സർവ്വകലാശാലയുടെ സംഘടനാരൂപം, വിവിധ തരത്തിലുള്ള അനുബന്ധ സ്ഥാപനങ്ങളുടെ വിവരം, മറ്റ് പ്രസക്തമായ വിവരങ്ങൾ

### 1.1.1. ആമുഖം.

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയുർവേദം, സിദ്ധ, യോഗ, പ്രകൃതിചികിത്സ, യുനാനി എന്നീ അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്നിവയ്ക്ക് മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേയ്ക്ക് 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്", 2010, 22.01.2011 ന് വിളംബരപ്പെടുത്തിയ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം, 2010' എന്നിവ പ്രകാരം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിലവിൽ വന്നു. സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട് 2013-ൽ സർക്കാർ ഉത്തരവ്(അ)നം.125/2013/ആ.കു.ക്ഷേ.വ./തീയതി 04.04.2013 പ്രകാരം പ്രാബല്യത്തിലായി. പ്രസ്തുത സ്റ്റാറ്റ്യൂട്ട് അസാധുവാക്കിക്കൊണ്ട് 20.04.2018 ലെ സ.ഉ(അ)നം.44/2018/ആ.കു.ക്ഷേ.വ. പ്രകാരം (SRO 253/2018) പുതിയ പ്രഥമ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയിട്ടുണ്ട്. സർവ്വകലാശാലയുടെ പ്രാദേശിക അധികാരികത കേരള സംസ്ഥാനം മുഴുവൻ വ്യാപിച്ചിട്ടുള്ളതും ആസ്ഥാനം തൃശ്ശൂരും ആണ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം , വകുപ്പ് 3(1)പ്രകാരമുള്ള പട്ടികയിലെ ക്രമ നമ്പർ 5 ആയി സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾ പ്പെടുന്നുണ്ട്. 2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം വകുപ്പ് 68(1)ലെ വ്യവസ്ഥയനുസരിച്ച് സർവ്വകലാശാലയുടെ ഓഡിറ്റിനായി ഈ വകുപ്പിനെ (ഉത്തരവ് നമ്പർ 586/2011/ധനം തിയതി 03.12.2011) സർക്കാർ ചുമതലപ്പെടുത്തി.

### 1.1.2. സർവ്വകലാശാലയുടെ ചുമതലകൾ

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

(i) വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട , സർവ്വകലാശാല യുക്തമെന്നു കരുതുന്ന, അങ്ങനെയുള്ള പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക;

(ii) വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമനത്തിനും വ്യാപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക;

(iii) ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക തുടങ്ങി Xlii വരെയുള്ള ഉപവകുപ്പുകൾ (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം,2010 വകുപ്പ് 6 കാണുക.)

### 1.1.3. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ

1. വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;
2. വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധതികളും തയ്യാറാക്കുക;
3. അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക;

   (i)ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക;

   (ii) സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക;
4. സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്വം നൽകുക;
5. സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക;

6. സാംക്രമിക രോഗ പഠനത്തിനും സംസ്ഥാനത്ത് വ്യാപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനത്തിന് ഊന്നൽ നൽകുക;

7. മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

8. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക;

9. വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തിനുമുള്ള അവസരങ്ങൾ ആരായുക;

10. വൈദ്യശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുക;

11. ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യമങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ശൃംഖല സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂതന രീതികളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടുത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈദഗ്ധ്യ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക

12. ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാഡമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ ചികിത്സാസമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതിയുടെയും വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക.

## 1.1.4. സർവ്വകലാശാലയുടെ സംഘടനാരൂപം

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.

(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ

(i) കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂളുകൾ

(ii) സർവ്വകലാശാല നേരിട്ടു നടത്തുന്ന , അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ

(ബി) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിൽ രണ്ടിലും അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

(സി) അംഗീകൃത സ്ഥാപനങ്ങൾ

സർവ്വകലാശാലയുടെ കീഴിൽ 2017-18 വർഷത്തിൽ അഫിലിയേറ്റഡ് കോളേജുകൾ മാത്രമാണുള്ളത്. അവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **അഫിലിയേറ്റഡ് സ്ഥാപനങ്ങൾ** | ഗവൺമെന്റ് | എയ്ഡഡ് | സെൽഫ് ഫിനാൻസിങ്ങ് | ആകെ |
|---|---|---|---|---|
| മെഡിക്കൽ കോളേജുകൾ | 10 | 0 | 23 | 33 |
| ആയുർവേദ കോളേജുകൾ | 3 | 2 | 12 | 17 |
| ഹോമിയോ കോളേജുകൾ | 2 | 3 | 0 | 5 |
| സിദ്ധ മെഡിക്കൽ കോളേജുകൾ | 0 | 0 | 1 | 1 |
| യുനാനി | 0 | 0 | 1 | 1 |
| ഡെന്റൽ കോളേജുകൾ | 5 | 0 | 20 | 25 |
| ഫാർമസി കോളേജുകൾ | 4 | 0 | 39 | 43 |
| നഴ്സിംഗ് കോളേജുകൾ | 6 | 0 | 117 | 123 |
| പാരാമെഡിക്കൽ | 7 | 0 | 41 | 48 |

| | | | | |
|---|---|---|---|---|
| കോളേജുകൾ | | | | |
| **ആകെ** | 37 | 5 | 254 | 296 |

## 1.1.5 സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങൾ

**(കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാനിയമം വകുപ്പ് 19 കാണുക)**

| ക്രമ നം. | അധികാര സ്ഥാനത്തിന്റെ പേര് | ആകെ അംഗങ്ങളുടെ എണ്ണം | ക്വാറം (കുറഞ്ഞത്) | നിർബന്ധമായി ചേരേണ്ട വാർഷിക യോഗങ്ങളുടെ എണ്ണം | ചേർന്ന യോഗങ്ങളുടെ തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം, വകുപ്പ് |
|---|---|---|---|---|---|---|---|
| 1 | സെനറ്റ് | 96 | 24 | 2 | 29.11.2017 | 66 | 20 |
| | | | | | 24.03.2018 | 56 | |
| 2 | ഗവേണിംഗ് കൗൺസിൽ | 17 | 9 | 4 | 12.04.2017 | 12 | 22 |
| | | | | | 12.06.2017 | 14 | |
| | | | | | 24.07.2017 | 14 | |
| | | | | | 25.08.2017 | 12 | |
| | | | | | 20.11.2017 | 14 | |
| | | | | | 29.12.2017 | 12 | |
| | | | | | 09.03.2018 | 13 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | അക്കാദമിക് കൗൺസിൽ | 69 | ആകെ അംഗങ്ങളുടെ 1/5 * | 3 | 17.05.2017 | 43 | 24 |
| | | | | | 03.11.2017 | 42 | |
| | | | | | 01.03.2018 | 40 | |
| 4 | പരീക്ഷാ ബോർഡ് | 14 | 7 | 2 (ഓരോ അക്കാഡമിക് ടേമിലും) | 24.04.2017 | 11 | 26 |
| | | | | | 23.08.2017 | 12 | |
| | | | | | 09.01.2018 | 10 | |
| | | | | | 23.03.2018 | 10 | |
| 5 | **പഠനബോർഡ്**<br><br>1 ബോർഡ് ഓഫ് സ്റ്റഡീസ്- മെഡിക്കൽ (പി.ജി) | 11 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ കൂടാതെ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസരത്തിൽ യോഗം ചേരാവുന്നതാണ് | 23.05.2017 | 7 | 28 |
| | 2. ബോർഡ് ഓഫ് സ്റ്റഡീസ്- | 11 | " | " | 23.05.2017 | 4 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | സർജിക്കൽ പി.ജി. (മെഡിക്കൽ) | | | | | | |
| | 3. ബോർഡ് ഓഫ് സ്റ്റഡീസ്- സൂപ്പർ സ്പെഷ്യ ലിറ്റി മെഡിക്കൽ (പി.ജി.) | 11 | " | " | യോഗം ചേർന്നിട്ടില്ല | | |
| | 4. ബോർഡ് ഓഫ് സ്റ്റഡീസ്- സൂപ്പർ സ്പെഷ്യാ ലിറ്റി സർ ജിക്കൽ (പി.ജി. മെഡിക്കൽ) | 11 | " | " | യോഗം ചേർന്നിട്ടില്ല | | |
| | 5. ബോർഡ് ഓഫ് സ്റ്റഡീസ്- (പി.ജി.) പ്രീക്ലിനിക്കൽ (മെഡിക്കൽ) | 11 | " | " | 03.05.2017 | 8 | |
| | 6.ബോർഡ് ഓഫ് സ്റ്റഡീസ്- (യൂ.ജി.) ക്ലിനിക്കൽ (മെഡിക്കൽ) | 11 | " | " | 11.04.2017 | 8 | |
| | | | | | 20.05.2017 | 2 | |
| | 7.ബോർഡ് | 11 | " | " | 20.05.2017 | 4 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഓഫ് സ്റ്റഡീസ്-പ്രീ ക്ലിനിക്കൽ (യു.ജി.) (മെഡിക്കൽ) | | | | | | |
| | 8.ബോർഡ് ഓഫ് സ്റ്റഡീസ്- ദന്തൽ സയൻസസ് (യു.ജി) | 11 | " | " | 15.05.2017 | 7 | |
| | | | | | 11.10.2017 | 7 | |
| | | | | | 07.12.2017 | 8 | |
| | 9.ബോർഡ് ഓഫ് സ്റ്റഡീസ്- ദന്തൽ സയൻസസ്(പി.ജി) | 11 | " | " | 15.05.2017 | 10 | |
| | | | | | 18.08.2017 | 7 | |
| | | | | | 11.10.2017 | 6 | |
| | 10.ബോർഡ് ഓഫ് സ്റ്റഡീസ്- ആയുർവ്വേദ പ്രീ-ക്ലിനിക്കൽ (പി.ജി) | 11 | " | " | 22.09.2017 | 5 | |
| | 11.ബോർഡ് ഓഫ് സ്റ്റഡീസ്- ആയുർവ്വേദ ക്ലിനിക്കൽ (യു.ജി) | 11 | " | " | 22.09.2017 | 7 | |
| | 12.ബോർഡ് ഓഫ് സ്റ്റഡീസ് | 11 | " | " | 21.02.2018 | 7 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | -ആയുർവ്വേദ മെഡിക്കൽ (പി.ജി) | | | | | | |
| | 13.ബോർഡ് ഓഫ് സ്റ്റഡീസ്- ആയുർവ്വേദ സർ ജിക്കൽ (പി.ജി) | 11 | " | " | 14.02.2018 | 5 | |
| | 14.ബോർഡ് ഓഫ് സ്റ്റഡീസ്- ആയുർവ്വേദ പ്രീ-ക്ലിനിക്കൽ (യു.ജി) | 11 | " | " | 22.09.2017 | 5 | |
| | 15.ബോർഡ് ഓഫ് സ്റ്റഡീസ്- ഹോമി യോപ്പതി (പി.ജി.) | 11 | " | " | 28.04.2017 | 6 | |
| | | | | | 12.12.2017 | 4 | |
| | 16.ബോർഡ് ഓഫ് സ്റ്റഡീസ്- ഹോമി യോപ്പതി (യു.ജി.) | 11 | " | " | 28.04.2017 | 5 | |
| | | | | | 23.02.2018 | 8 | |
| | 17.ബോർഡ് ഓഫ് സ്റ്റഡീസ് | 11 | " | " | 24.04.2017 | 7 | |
| | | | | | 20.10.2017 | 9 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | നഴ്സിംഗ് (പി.ജി.) | | | | 07.02.2018 | 8 | |
| | 18.ബോർഡ് ഓഫ് സ്റ്റഡീസ്-നഴ്സിംഗ് (യു.ജി.) | 11 | " | " | 11.04.2017 | 7 | |
| | | | | | 20.10.2017 | 7 | |
| | | | | | 07.02.2018 | 10 | |
| | 19.ബോർഡ് ഓഫ് സ്റ്റഡീസ്-ഫാർമസ്യൂട്ടിക്കൽ സയൻസസ് (യു.ജി) | 11 | " | " | 26.05.2017 | 9 | |
| | | | | | 18.08.2017 | 3 | |
| | | | | | 11.10.2017 | 8 | |
| | | | | | 05.12.2017 | 7 | |
| | | | | | 08.02.2018 | 7 | |
| | 20.ബോർഡ് ഓഫ് സ്റ്റഡീസ്-ഹോമിയോപ്പതി (യു.ജി.) | 11 | " | " | 26.05.2017 | 6 | |
| | | | | | 18.08.2017 | 9 | |
| | | | | | 24.10.2017 | 7 | |
| | | | | | 05.12.2017 | 6 | |
| | | | | | 22.02.2018 | 7 | |
| | 21.ബോർഡ് ഓഫ് സ്റ്റഡീസ്-ഹാബിലിറ്റേഷൻ സയൻസ് | 11 | " | " | 07.11.2017 | 8 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | 22.ബോർഡ് ഓഫ് സ്റ്റഡീസ്- ക്ലിനിക്കൽ അലൈഡ് സയൻസസ് | 11 | " | " | 22.11.2017 | 7 | |
| | 23.ബോർഡ് ഓഫ് സ്റ്റഡീസ്- ഫിസിയോ തെറാപ്പി | 11 | " | " | 18.07.2017 | 7 | |
| | | | | | 21.11.2017 | 7 | |
| | 24.ബോർഡ് ഓഫ് സ്റ്റഡീസ്- മെഡിക്കൽ ലാബ് ടെക്നോളജി | 11 | " | " | 22.11.2017 | 6 | |
| | | | | | 21.02.2018 | 7 | |
| | 25.ബോർഡ് ഓഫ് സ്റ്റഡീസ്- റേഡിയേഷൻ & ഇമേജിങ് സയൻസ് | 11 | " | " | 22.02.2018 | 7 | |
| | 26.ബോർഡ് ഓഫ് സ്റ്റഡീസ്- സിദ്ധ | 11 | " | " | 10.04.2017 | 6 | |
| | | | | | 18.08.2017 | 9 | |
| | 27.ബോർഡ് ഓഫ് സ്റ്റഡീസ്- യുനാനി | 11 | " | " | 07.04.2017 | 5 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | **ഫാക്കൽറ്റി**<br>1.ഫാക്കൽറ്റി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് | 6 | ആകെ അംഗങ്ങളുടെ പകുതി | വർഷത്തിൽ ഒരിക്കൽ കൂടാതെ വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം അത്യാവശ്യം വരുന്ന അവസരത്തിൽ യോഗം ചേരാവുന്നതാണ് | 13.06.2017 | 4 | 30 |
| | | | | | 18.08.2017 | 4 | |
| | | | | | 27.10.2017 | 4 | |
| | | | | | 22.02.2018 | 4 | |
| | 2.ഫാക്കൽറ്റി ഓഫ് ഡെന്റൽ സയൻസസ് | 6 | " | " | 09.05.2017 | 4 | |
| | | | | | 11.10.2017 | 3 | |
| | | | | | 21.02.2018 | 4 | |
| | 3.ഫാക്കൽറ്റി ഓഫ് നഴ്സിംഗ് | 6 | " | " | 24.04.2017 | 6 | |
| | 4.ഫാക്കൽറ്റി ഓഫ് മെഡിസിൻ | 16 | " | " | 27.05.2017 | 6 | |
| | | | | | 26.10.2017 | 4 | |
| | | | | | 27.02.2018 | 5 | |
| | 5.ഫാക്കൽറ്റി ഓഫ് ഹോമിയോപ്പതി | 6 | " | " | 28.04.2017 | 4 | |
| | | | | | 23.02.2018 | 4 | |
| | | | | | 23.03.2018 | 5 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | 6.ഫാക്കൽറ്റി ഓഫ് ആയുർവ്വേദ, സിദ്ധ | 14 | " | " | 11.04.2017 | 9 | |
| | | | | | 22.08.2017 | 11 | |
| | | | | | 21.02.2018 | 10 | |
| | 7.ഫാക്കൽറ്റി ഓഫ് പാരാ മെഡിക്കൽ ആൻഡ് അലൈഡ് ഹെൽത്ത് സയൻസസ് | 12 | " | " | 03.05.2017 | 12 | |
| | | | | | 16.01.2018 | 6 | |
| 7 | ഫിനാൻസ് കമ്മിറ്റി | 7 | 4 | 4 | 07.04.2017 | 5 | 32 |
| | | | | | 07.06.2017 | 5 | |
| | | | | | 20.07.2017 | 4 | |
| | | | | | 22.08.2017 | 5 | |
| | | | | | 16.11.2017 | 5 | |
| | | | | | 27.12.2017 | 5 | |
| | | | | | 01.03.2018 | 5 | |
| 8 | പ്ലാനിംഗ് കമ്മിറ്റി | 15 | ആകെ അംഗങ്ങളുടെ 1/3 | വർഷത്തിൽ ചുരുങ്ങിയത് 3 തവണ | 07.04.2017 | 10 | 33 |
| | | | | | 25.05.2017 | 9 | |
| | | | | | 07.03.2018 | 8 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | റിസർച്ച് കൗൺ സിൽ | 15 | Not specified in Act & Statute | Not specified in Act & Statute | Not convened during 2017-18 | -- | 35 |
| 10 | യൂണിവേഴ്സിറ്റി ക്വാളിറ്റി അക്ഷ്വറൻസ് കൗൺസിൽ | 11 | Not specified in Act & Statute | Not specified in Act & Statute | Not conducted in 2017-18 | -- | 36 |
| 11 | എത്തിക്സ് കമ്മിറ്റി | 15 | 1/2 | Not specified in Act & Statute | 23 & 24.11.2017 | 3 | 37 |
| | | | | | 28.12.2017 | 3 | |
| | | | | | 23.01.2018 | 3 | |
| | | | | | 08.03.2018 | 3 | |
| | | | | | 27.03.2018 | 3 | |
| 12 | സ്റ്റുഡന്റ്സ് കൗൺസിൽ | 26 | 1/4th | 2 | 04.04.2017 | 10 | 38 |
| | | | | | 28.10.2017 | 9 | |

***(സ്റ്റാറ്റ്യൂട്ട് പ്രകാരം ആകെ അംഗങ്ങളുടെ നാലിലൊന്ന് എന്ന് വ്യത്യസ്തമായി രേഖപ്പെടുത്തിക്കാണുന്നു).**

യുനാനി , സിദ്ധ വിഭാഗത്തിൽ സർവ്വകലാശാലയുടെ കീഴിൽ സർക്കാർ കോളേജുകൾ ഇല്ലാത്തതിനാൽ യഥാക്രമം 9, 7 അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ബോർഡുകൾ രൂപീകരിച്ചിട്ടുള്ളത്.

## 1.1.6 ക്വാറം തികയാതെ അധികാരസ്ഥാനങ്ങൾ യോഗം കൂടിയത് നിയമവിരുദ്ധം

പഠന ബോർഡ്, ഫാക്കൽറ്റി എന്നീ അധികാരസ്ഥാനങ്ങളുടെ താഴെ പറയുന്ന യോഗങ്ങൾ ക്വാറം തികയാതെയാണ് കൂടിയിട്ടുള്ളത് . പ്രസ്തുത നടപടി നിയമവിരുദ്ധമാണ് എന്നുള്ള വിവരം ഉത്തരവാദിത്തപ്പെട്ടവരുടെ ശ്രദ്ധയിൽ പ്പെടുത്തുന്നു. യോഗത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അധികാരസ്ഥാനത്തിന്റെ പേര്<br><br>**1.പഠനബോർഡ്** | ആകെ അംഗങ്ങളുടെ എണ്ണം | ക്വാറം | യോഗ<br><br>തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥ |
|---|---|---|---|---|---|
| സർജിക്കൽ പി.ജി.<br><br>(മെഡിക്കൽ) | 11 | ആകെ അംഗങ്ങളുടെ പകുതി | 23.05.2017 | 4 | ചാപ്റ്റർ IX (287) |
| യു.ജി.ക്ലിനിക്കൽ മെഡിസിൻ | 11 | " " | 20.05.2017 | 2 | ചാപ്റ്റർ IX (287) |
| പ്രീക്ലിനിക്കൽ യു.ജി. (മെഡിക്കൽ) | 11 | " " | 20.05.2017 | 4 | ചാപ്റ്റർ IX (287) |
| ആയുർവ്വേദ പ്രീ ക്ലിനിക്കൽ പി.ജി. | 11 | " " | 22.09.2017 | 5 | ചാപ്റ്റർ IX (287) |
| ആയുർവ്വേദ സർജിക്കൽ പി.ജി. | 11 | " " | 14.02.2018 | 5 | ചാപ്റ്റർ IX (287) |
| ആയുർവ്വേദ പ്രീ ക്ലിനിക്കൽ യു.ജി. | 11 | " " | 22.09.2017 | 5 | ചാപ്റ്റർ IX (287) |

| | | | | | |
|---|---|---|---|---|---|
| ഹോമിയോപ്പതി പി.ജി. | 11 | " " | 12.12.2017 | 4 | ചാപ്റ്റർ IX (287) |
| ഹോമിയോപ്പതി യു.ജി. | 11 | " " | 28.04.20.17 | 5 | ചാപ്റ്റർ IX (287) |
| ഫാർ മസ്യൂട്ടിക്കൽ സയൻസ് യു.ജി. | 11 | " " | 18.08.2017 | 3 | ചാപ്റ്റർ IX (287) |
| യുനാനി | 11 | " " | 07.04.2017 | 5 | ചാപ്റ്റർ IX (2 |

| അധികാരസ്ഥാനത്തിന്റെ പേര്<br>**2. ഫാക്കൽറ്റി** | ആകെ അംഗ ങ്ങളുടെ എണ്ണം | ക്വാറം | യോഗ തീയതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥ |
|---|---|---|---|---|---|
| ഫാക്കൽറ്റി ഓഫ് മെഡിസിൻ | 16 | ആകെ അംഗ ങ്ങളുടെ പകുതി | 27.05.2017 | 6 | ചാപ്റ്റർ XIII (32 |
| | | | 28.10.2017 | 4 | |
| | | | 27.02.2018 | 5 | |

## 1-2 ബജറ്റ്.

ബജറ്റ് തയ്യാറാക്കൽ, പാസ്സാക്കൽ, നിർവ്വഹണം എന്നിവ സംബന്ധിച്ച് സർവ്വകലാശാല നിയമത്തിലെ വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

| | |
|---|---|
| വകുപ്പ് 23(iv) | സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാലയുടെ ബജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക (ഗവേണിംഗ്കൗൺസിലിന്റെ അധികാരങ്ങൾ) |
| വകുപ്പ് | ഫൈനാൻസ് കമ്മിറ്റിയിൽ നിന്നും ലഭിച്ച പ്രകാരമുള്ള ബജറ്റ് എസ്റ്റിമേറ്റ് |

| | |
|---|---|
| 23(xix) | അതിന്റേതായ ഭേദഗതികൾ എന്തെങ്കിലും ഉണ്ടെങ്കിൽ, അവയോടുകൂടി അംഗീകരിക്കുക (ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ) |
| വകുപ്പ് 32(2)(i) | സർവ്വകലാശാലയുടെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെലവിന്റെ കണക്കുകൾ പുനരവലോകനം ചെയ്യുകയും ഗവേണിംഗ് കൗൺസിലിന് ശുപാർശ നടത്തുകയും ചെയ്യുക (ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങൾ) |
| വകുപ്പ് 66(1) | അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബജറ്റ് എസ്റ്റിമേറ്റുകൾ ധനവിവര പത്രികയോടൊപ്പം ഫൈനാൻസ് ഓഫീസർ വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന തീയതിക്ക് മുമ്പ് തയ്യാറാക്കേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചശേഷം ആയത് സെനറ്റിൽ ചർച്ചക്ക് ഹാജരാക്കേണ്ടതാണ്. |

2010 ലെ സർവ്വകലാശാല നിയമം,വകുപ്പ് 40(2)(xxi) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായവും ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കേണ്ട വിധവും സ്റ്റാറ്റ്യൂട്ടിനാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്. എന്നാൽ ഈ വിഷയത്തിൽ നാളിതുവരെ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയിട്ടില്ല.

2017-18 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്, പരിഷ്ക്കരിച്ച എസ്റ്റിമേറ്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച<br><br>തിയ്യതി | ഗവേണിങ്ങ് കൗൺസിൽ അംഗീകരിച്ച<br><br>തിയ്യതി |
|---|---|---|
| ബജറ്റ് എസ്റ്റിമേറ്റ് | 04.01.2017 ,അജണ്ട നം. 25.2 | 07.01.2017, അജണ്ട നം. 36.5 |
| പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | 27.12.2017, അജണ്ട നം. 33.2 | 29.12.2017, അജണ്ട നം. 43.16 |

| ഇനം | വരവ് | | ചെലവ് | |
|---|---|---|---|---|
| | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച എസ്റ്റിമേറ്റ് | ബജറ്റ് എസ്റ്റിമേറ്റ് | പരിഷ്കരിച്ച എസ്റ്റിമേറ്റ് |
| നോൺ പ്ലാൻ | 70,99,30,100 | 92,23,60,500 | 57,06,95,000 | 51,39,58,800 |
| പ്ലാൻ | 30,00,00,000 | 22,60,00,000 | 75,11,00,000 | 40,96,00,000 |
| ആകെ | 100,99,30,100 | 114,83,60,500 | 1,32,17,95,000 | 92,35,58,800 |

## 1-3 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക സർവകലാശാല അംഗീകരിച്ച തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി |
|---|---|---|
| 07.07.2018 ലെ<br><br>47-ാമത് GC യോഗം<br><br>47.25 ാം തീരുമാനം | 31.07.2018 | 31.07.2018 |

## 1-4 വിവിധ ധനസഹായങ്ങളും വിനിയോഗവും

1. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം
2. സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം
3. യു.ജി.സി ധനസഹായം
4. പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം
5. മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

## 1.4.1 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം

2017-18 വർഷം പദ്ധതിയിതര ധനസഹായമിനത്തിൽ 45,00,00,000 രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് നം./തീയതി | തുക | ട്രഷറിയിൽ വരവുവെച്ച തിയ്യതി | പദ്ധതി/ പ്രത്യേക പദ്ധതിക ഉദ്ദേശ്യം | ട്രഷറി/ ബാങ്ക് | റിമാർക്സ് |
|---|---|---|---|---|---|
| ജി.ഒ(ആർ ടി) നം 731/2018/എച്ച് &എഫ്.ഡബ്ലിയു.ഡി തി. 05.03.2018 | 4,50,00,000 | 28.03.2018 | നോൺ പ്ലാൻ - നോൺ സാലറി | സബ് ട്രഷറി, മെഡിക്കൽ കോളേജ്. പി.ഒ. | അനുവദിച്ച തുക മുഴുവൻ 31.03.2018 ൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റി |

## 1.4.2 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

2017-18 വർഷം പദ്ധതി ഇനത്തിൽ ധനസഹായം സർവകലാശാലയ്ക്ക് ലഭിച്ചിട്ടില്ല.

## 1.4.3 യു.ജി.സി ധനസഹായം

തൻവർഷം യു.ജി.സി ധനസഹായം സർവകലാശാലയ്ക്ക് ലഭിച്ചിട്ടില്ല.

## 1.4.4 പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

പ്രത്യേക ആവശ്യങ്ങൾക്കായി സർവ്വകലാശാലക്ക് ധനസഹായം ലഭിച്ചിട്ടില്ല.

## 1.4.5 മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നും സർവ്വകലാശാലക്ക് ധനസഹായം ലഭിച്ചിട്ടില്ല.

## 1-5 വിനിയോഗ സാക്ഷ്യപത്രങ്ങൾ

ഈ കാലയളവിൽ സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം,പദ്ധതിയിതര ധനസഹായം,യു.ജി.സി ധനസഹായം, മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം എന്നിവ സർവ്വകലാശാലക്ക് ലഭിച്ചിട്ടില്ല. (ഖണ്ഡിക 1.4.1 കൂടി കാണുക)

## 1–6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സർവകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 3.16 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| തനത് വരവിനം | മുൻവർഷം 2016-17 | തൻവർഷം 2017-18 | മുൻപത്തെ അപേക്ഷിച്ച് തൻ വർഷ വരവ് വ്യത്യാസം (+/-%) |
|---|---|---|---|
| ഫീസ് | 51,98,54,229 | 50,77,06,866 | (-)2.33% |
| പലിശ | 13,84,36,740 | 12,98,02,325 | (-)6.23% |
| മറ്റു വരവുകൾ | 22,66,921 | 21,24,154 | (-)6.29% |
| ആകെ | 66,05,57,890 | 63,96,33,345 | (-)3.16% |

## 1–7 എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം

| ക്രമ നം. | എൻഡോവമെന്റിന്റെ പേര് / ഉദ്ദേശ്യം | ഫിക്സഡ് ഡെപ്പോസിറ്റ് നം./തീയതി | തുക |
|---|---|---|---|
| 1 | ഡോ.ജയറാം പണിക്കർ എൻഡോവമെന്റ് | 36519604135, 06.02.2017 | 3,00,000 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| 1 | പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, തൃശ്ശൂർ | 01.02.2016 മുതൽ 31.12.2016 വരെ | 16.02.2018 |
| | | 01.01.2018 മുതൽ 30.11.2018 വരെ | 25.01.2019 |
| 2 | ഇന്റേണൽ ഓഡിറ്റ് (ചാർട്ടേഡ് അക്കൗണ്ടന്റ്) | 2017-18 1,2,3,4 പാദവാർഷിക ഓഡിറ്റ് | 06.01.2018<br>20.02.2018<br>11.05.2018<br>04.07.2018 |

## 1-9 സർവ്വകലാശാല അഫിലിയേഷൻ നടപടികൾക്കുള്ള സോഫ്റ്റ് വെയർ - യൂണിവേഴ്സിറ്റി സ്യൂട്ട് പരിശോധന.

അഫിലിയേഷൻ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് മുഴുവൻ രേഖകളും കൈകാര്യം ചെയ്യുന്നതും സൂക്ഷിച്ചിട്ടുള്ളതും ഇതിനു വേണ്ടി പ്രത്യേകം സജ്ജമാക്കിയിട്ടുള്ള സോഫ്റ്റ് വെയർ യൂണിവേഴ്സിറ്റി സ്യൂട്ട് - മുഖേനയാണ്. ഇപ്രകാരം പ്രത്യേക സോഫ്റ്റ് വെയർ പ്രിവിലേജ് ഓഡിറ്റിന് നല്കിയതു വഴിയാണ് 2017-18 കാലയളവിലെ അഫിലിയേഷൻ നടപടി ക്രമങ്ങളുടെ പരിശോധന നടത്തുകയുണ്ടായത്. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. ഡെന്റൽ, നഴ്സിംഗ്, ഫാർമസി വിഭാഗങ്ങളുടെ ഫയലുകളിൽ ബന്ധപ്പെട്ട ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ ഇല്ല.

2. മെഡിക്കൽ വിഭാഗവുമായി ബന്ധപ്പെട്ട ഫയലുകളിൽ സ്ക്രൂട്ടിനി കമ്മിറ്റി റിപ്പോർട്ടുകൾ ഇല്ല. ഇതിൽ തന്നെ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ പൂർണ്ണമല്ലാത്തവയും പരിശോധനയിൽ കണ്ടു.

3.ഡെന്റൽ, നഴ്സിംഗ്, ഫാർമസി,മെഡിക്കൽ അപേക്ഷകൾ പൂർണ്ണമല്ല . മുകളിൽ ചേർത്ത അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം 2

## വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വരുമാനത്തിന്റെ അക്കൗണ്ടിംഗിലും തുടർനടപടികളിലും കെടുകാര്യസ്ഥത – സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു.

2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം, വകുപ്പ് 40(2)(xxi) പ്രകാരം സർവ്വകലാശാലയുടെ അക്കൗണ്ടിംഗ് സമ്പ്രദായം സ്റ്റാറ്റ്യൂട്ടിനാൽ വ്യവസ്ഥ ചെയ്യപ്പെടേണ്ടതാണ്. എന്നാൽ നാളിതുവരെ ഈ വിഷയത്തിൽ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ്, കേരള അക്കൗണ്ട് കോഡ് തുടങ്ങി സർക്കാർ വകുപ്പ് / സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾ നിലവിൽ സർവ്വകലാശാല പാലിക്കാൻ ബാദ്ധ്യസ്ഥമാണ്. എന്നാൽ പണം പിരിവ്(കാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങി വിവിധ ഇൻസ്ട്രുമെന്റുകൾ വഴി), പിരിച്ച പണം അക്കൗണ്ട് ചെയ്യൽ, ബാങ്കിൽ അടവാക്കൽ, ബാങ്ക്//ട്രഷറി നീക്കിയിരുപ്പും സർവ്വകലാശാല കാഷ്ബുക്കിലെ നീക്കിയിരുപ്പും തമ്മിൽ പ്രതിമാസ/വാർഷിക പൊരുത്തപ്പെടുത്തൽ, നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള രേഖകൾ /രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കൽ , സർവ്വകലാശാലയിൽ നിന്നും ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്ന ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ വരവു വന്നുവോയെന്ന് ഉറപ്പുവരുത്തൽ എന്നിങ്ങനെ സർക്കാർ നിയന്ത്രത്തിലുള്ള ഒരു സ്ഥാപനം കണക്കുകളുടെ കൃത്യത ഉറപ്പാക്കുന്നതിനും ഉത്തവാദിത്തപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുന്നതിനും നിർബന്ധമായും തയ്യാറാക്കി സൂക്ഷിക്കേണ്ടതും വെളിപ്പെടുത്തേണ്ടതുമായ കാര്യങ്ങളിൽ സർവ്വകലാശാലയുടെ ഭാഗത്തു നിന്നും അക്ഷന്തവ്യമായ തെറ്റുകൾ സംഭവിക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തി . ഗൗരവമേറിയ അപാകതകൾ ചുവടെ ചേർക്കുന്നു.

## 1) പണം വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല

### അ) കാഷ് ഒഴികെ മറ്റുള്ള വരവുകൾക്ക് രശീതി എഴുതുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ്,വാല്യം 1, ആർട്ടിക്കിൾ 7(1)ൽ "when money is received on account of Government dues , a receipt for the sum received should be given so that the counterfoils of the receipt book should always show the details of revenue realised". എന്ന് വ്യക്തമാക്കുന്നു. കേരള ട്രഷറി കോഡ്, വാല്യം 1, ചട്ടം 90(a) യിൽ "A Government servant who receives any money on behalf of the Government shall give the payer a receipt in Form TR 5 unless in any case the Government have by a general or special order dispensed with the grant of receipt"എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ കാഷ് വരവുകൾ ഒഴികെ മറ്റ് ഇൻസ്ട്രുമെന്റുകൾ വഴി ലഭിക്കുന്ന തുകകൾക്ക് സർവ്വകലാശാലാ യാതൊരുരശീതിയുംനല്കുന്നില്ല.

**ബസ് കൂപ്പൺ** – ബസ് ഫീസ് ഈടാക്കുന്നതിന് രസീതി ഉപയോഗിക്കുന്നില്ല. പകരം താഴെ ചേർത്തിരിക്കുന്നതു പ്രകാരം വിവിധ മൂല്യത്തിലുള്ള ബസ് കൂപ്പൺ ഉപയോഗിച്ച് പണം പിരിക്കുകയും കൂപ്പൺ പ്രകാരമുള്ള ഓരോദിവസത്തേയും കളക്ഷൻ തുക ഒറ്റ രസീതിയിലെഴുതി യൂണിവേഴ്സിറ്റി അക്കൗണ്ടിലേയ്ക്ക് ഒടുക്കുന്നതുമായാണ് പരിശോധനയിൽ കണ്ടത്. ബസ് ഫീ കൂപ്പൺ നല്കി പിരിക്കുന്നതിനു പകരം , പണം അടവാക്കുന്ന വേളയിൽ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം രസീതി നൽകേണ്ടതാണ്.
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ആസ്ഥാനം മുതൽ തൃശ്ശൂർ വരെ ₹ 400
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ആസ്ഥാനം മുതൽ അത്താണി വരെ ₹ 250
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ആസ്ഥാനം മുതൽ വടക്കാഞ്ചേരി വരെ ₹ 300
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ആസ്ഥാനം മുതൽ വാഴക്കോട് വരെ ₹450.

### ആ) സെക്യൂരിറ്റി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സർവ്വകലാശാല ഓഫീസ് പരിപാലനവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നിർബന്ധമാക്കിയിട്ടുള്ള (സ.ഉ.(അ)7/2016/ഉന്നത വിദ്യാഭ്യാസം / തീയതി 26.2.2016) സെക്രട്ടറിയേറ്റ് ഓഫീസ് മാന്വൽ , ഖണ്ഡിക 41ൽ "money,cheques and others valuables received as enclosures to communications will be entered by the office superintendent in the security register in Form No XVI in Appendix I and delivered to the cash section of the accounts section for safe custody and acknowledgement obtained in the margin of the

communication" എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മേൽപ്രകാരമുള്ള ഒരു രജിസ്റ്റർ സർവ്വകലാശാലയിൽ എഴുതി സൂക്ഷിക്കുന്നില്ല.

സ്ഥാപനത്തിനു ലഭിക്കുന്ന എല്ലാ പണത്തിനും രശീതി എഴുതാത്തതിനാലും (കയ്യെഴുത്തോ കമ്പ്യൂട്ടർവൽകൃതമോ) സെക്യൂരിറ്റി രജിസ്റ്റർ , ചെക്ക്/ഡിഡി രജിസ്റ്റർ, കളക്ഷൻ രജിസ്റ്റർ , ഡേ ബുക്ക് എന്നിവ എഴുതി സൂക്ഷിക്കാത്തതിനാലും പണം വരവിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 2)വരവായി ലഭിച്ചിട്ടുള്ള ഡി.ഡികൾ അക്കൗണ്ട് ചെയ്യുന്നതിലും ബാങ്കിൽ അടവാക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വർഷങ്ങളായി തുടരുന്ന കുറ്റകരമായ അനാസ്ഥ–

### അ) സർവ്വകലാശാല കാഷ് ബുക്കിൽ വരവ് വച്ച ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല– ₹448195 രൂപയുടെ നഷ്ടം

1-4-2012 മുതൽ ചെക്ക്/ഡി.ഡി എന്നിവയുടെ കാലാവധി ഇൻസ്ട്രുമെന്റ് തീയതി മുതൽ 3 മാസം വരെയാണ്(RBI Notification No.RBI/2011-12/251,DBOD.AML.BC.No 47/14.01.001/2011-12/തീയതി 04.11.2011). എന്നാൽ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 31.03.2018 ലെ റിക്കൺസിലേഷൻ പത്രികയും സർവ്വകലാശാല ലഭ്യമാക്കിയ വിവരങ്ങളും കണക്കുകളും പ്രകാരം 31.03.2018 ന് 3 മാസം മുതൽ 7 വർഷംവരെ കാലാവധി കഴിഞ്ഞ താഴെപ്പറയുന്ന ഡി.ഡികൾ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നാളിതുവരെ വരവ് വന്നിട്ടില്ല.

| ക്രമ നം | വരവ് വരേണ്ട അക്കൗണ്ടിന്റെ പേര്, നംപർ | ഡി.ഡി നംപർ | തീയതി | തുക |
|---|---|---|---|---|
| | എസ്.ബി.ഐ, ജനറൽ ഫണ്ട്, 31547327832 | 197654 | 14.10.2011 | 200 |
| | ,, | 197653 | 14.10.2011 | 200 |
| | ,, | | 15.11.2012 | 1000 |

| | | | | |
|---|---|---|---|---|
| | ,, | 718123 | 22.02.2013 | 200 |
| | ,, | 288304 | 11.06.2013 | 500 |
| | ,, | 226322 | 22.07.2013 | 10 |
| | ,, | 217302 | 17.02.2014 | 500 |
| | ,, | 840974 | 12.06.2014 | 500 |
| | ,, | 872304 | 17.09.2014 | 500 |
| | ,, | 532452 | 4.10.2014 | 500 |
| | ,, | 538971 | 10.10.2014 | 500 |
| | ,, | 204753 | 14.10.2014 | 500 |
| | ,, | 341379 | 27.10.2014 | 500 |
| | ,, | 241780 | 5.11.2014 | 500 |
| | ,, | 212050 | 13.7.2015 | 150 |
| | ,, | - | 26.2.2016 | 50 |
| | ,, | 239267 | 3.10.2016 | 1000 |
| | ,, | 177667 | 27.10.2017 | 30000 |

| | | | | |
|---|---|---|---|---|
| | എസ്.ബി.ഐ, എക്സാം ഫീസ്, 31768842875 | 936231 | 19.1.2012 | 400 |
| | ,, | 265418 | 23.09.2013 | 46800 |
| | ,, | 325359 | 13.1.2014 | 1000 |
| | ,, | 162498 | 26.3.2015 | 400 |
| | ,, | 990428 | 9.6.2015 | 6420 |
| | ,, | 707978 | 8.10.2015 | 400 |
| | ,, | 9641 | 8.10.2015 | 1000 |
| | ,, | 584 | 26.10.2015 | 5260 |
| | ,, | 772760 | 28.10.2015 | 2760 |
| | ,, | 418677 | 29.3.2016 | 820 |
| | ,, | 557461 | 20.6.2016 | 22500 |
| | ,, | 544046 | 23.6.2016 | 7080 |
| | ,, | 104758 | 11.7.2016 | 200 |
| | ,, | 899536 | 31.8.2016 | 28180 |
| | ,, | 321478 | 20.9.2016 | 300 |
| | ,, | 854460 | 26.10.2016 | 1900 |

| | | | | |
|---|---|---|---|---|
| | ,, | 639713 | 8.12.2016 | 400 |
| | ,, | 60172 | 15.3.2017 | 300 |
| | ,, | 237362 | 17.4.2017 | 200 |
| | ,, | 929113 | 11.9.2017 | 12260 |
| | ,, | 929106 | 19.9.2017 | 1380 |
| | ,, | 929104 | 19.9.2017 | 2960 |
| | ,, | 823081 | 1.11.2017 | 300 |
| | ,, | 64770 | 12.12.2017 | 5060 |
| | ,, | 64771 | 12.12.2017 | 13920 |
| | | 21766 | 18.12.2017 | 3000 |
| | ,, | 478383 | 28.12.2017 | 2000 |
| | ,, | 340352 | 25.1.18 | 500 |
| | ,, | 786389 | 17.2.18 | 24440 |
| | ,, | 7826 | 6.3.18 | 1400 |
| | ,, | 547336 | 9.3.18 | 205545 |
| | എസ്.ബി.ഐ, സ്റ്റുഡന്റ്സ് രജിസ്റ്റ്രേഷൻ ഫീസ്,31340212316 | 783931 | 23.3.2013 | 200 |

| | | | | |
|---|---|---|---|---|
| | ,, | 998214 | 3.2.2014 | 200 |
| | ,, | 254930 | 13.2.2014 | 1000 |
| | ,, | 702649 | 1.9.2014 | 200 |
| | ,, | 780796 | 20.11.2014 | 200 |
| | ,, | 257822 | 26.11.2014 | 1000 |
| | ,, | 604896 | 14.12.2015 | 2000 |
| | ,, | 939148 | 2.2.2016 | 500 |
| | ,, | 348048 | 6.9.2016 | 500 |
| | ,, | 932358 | 28.12.2016 | 500 |
| | ,, | 964350 | 8.12.2016 | 1000 |
| | ,, | 285653 | 18.3.2017 | 2000 |
| | ,, | 413269 | 22.7.2017 | 200 |
| | ,, | 250880 | 17.8.2017 | 500 |
| | ,, | 70578 | 2.11.2017 | 1000 |
| | ,, | 970757 | 21.10.2017 | 200 |
| | ,, | 362287 | 10.11.2017 | 1000 |
| | ആകെ | | | 448195 |

മേൽപ്പറയുന്ന ഡി.ഡികളിൽ 2017-18 ലേതൊഴികെ മറ്റുള്ളവ സർവ്വകലാശാലയിൽ ലഭിച്ചതിനോ ആയത് ബാങ്കിൽ നല്കിയതിനോ ഉപോൽബലകമായ തെളിവുകൾ ഒന്നും തന്നെ സർവ്വകലാശാല ലഭ്യമാക്കിയിട്ടില്ല . ചെക്ക്/ഡിഡി രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ചെക്കുകൾ /ഡി.ഡികൾ ബാങ്കിൽ ക്ലിയറിങ്ങിനായി നല്കിയതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി സാധിച്ചിട്ടില്ല. ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റാകാത്തതു സംബന്ധിച്ച് 20.3.2014,26.3.2014,11.9.2014,13.7.2016 എന്നീ തീയതികളിൽ സർവ്വകലാശാലയിൽ നിന്നും കുഹാസ് ബ്രാഞ്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മാനേജർക്ക് കത്ത് നല്കിയതായി കാണുന്നു. 13.7.2016 ലെ കത്തിന്റെ പകർപ്പ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ , തൃശ്ശൂർ റീജിയണൽ മാനേജർക്കും നല്കി കാണുന്നു. എന്നാൽ ബാങ്കിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും മറുപടി ലഭിച്ചതിന്റെയോ പ്രസ്തുത വിഷയം ബാങ്ക് ഉന്നതാധികാരികളുടെ ശ്രദ്ധയിൽ പ്പെടുത്തിയതിന്റെയോ രേഖകൾ /വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 13.7.2016 നു ശേഷവും അപാകതകൾ തുടരുന്നുവെങ്കിലും നടപടികൾ ഒന്നും തന്നെ സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റാകാത്തതിനാൽ സർവ്വകലാശാലയ്ക്ക് പലിശ നഷ്ടവും സംഭവിച്ചിട്ടുണ്ട്.

13.7.2016 ലെ സർവ്വകലാശാലയുടെ കത്തിൽ മൊത്തം 3.55 കോടി രൂപയുടെ 1766 ഡി.ഡികൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റാകുന്നതിന് 4 ദിവസം മുതൽ 39 ദിവസം വരെ കാലതാമസം ഉണ്ടായതായി സൂചിപ്പിച്ചിരിക്കുന്നു. ഡി.ഡി വൈകി ക്രഡിറ്റായ സംഗതികളിലും വൈകിയ ഇടവേളകളിലെ പലിശയും സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്.

**ആ) വരവിനത്തിൽ ലഭിക്കുന്ന ഡി.ഡികൾ ബാങ്കിൽ വരവുവയ്ക്കുന്നതിന് വലിയ കാലതാമസം**

കേരള ഫിനാൻഷ്യൽ കോഡ്, വോള്യം 1 റൂൾ 7(2)ൽ " The daily collection of each officer should be remitted into the Treasury, the next working day. When this is not possible owing to distance from the Treasury , or any other case, the money should be remitted periodically, that is at least once in a week on the last working day. Officers having large

collections may, however, make more than one remittance in a week, provided the amount of each such remittance is not less than Rs.500/-. The last remittance for the month including the last receipt should, however, reach the Treasury in the same month" എന്ന് വ്യവസ്ഥയുണ്ട്. എന്നാൽ സർവ്വകലാശാലയിൽ തപാൽ വിഭാഗത്തിൽ ഡി .ഡി ലഭിച്ച് ആയത് ഫിനാൻസ് വിഭാഗത്തിന് കൈമാറി അക്കൗണ്ടിൽ വരവ് വെച്ച് ബാങ്കിൽ അടവാക്കുന്നതു വരെ വലിയ കാലതാമസമുണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി.ഡി നം/ തീയ്യതി | തുക | ഡി.ഡി. തപാലിൽ സ്വീകരിച്ച തീയ്യതി | ഡി.ഡി ഫിനാൻസ് വിഭാഗത്തിൽ സ്വീകരിച്ച തീയതി | അക്കൗണ്ടിൽ (Suit) രേഖപ്പെടുത്തിയ തീയ്യതി | ബാങ്കിൽ അടവാക്കിയ തീയ്യതി |
|---|---|---|---|---|---|---|
| 1 | 090116/ 17.07.2017 | 82720 | 29.07.2017 | 18.08.2017 | 19.08.2017 | 24.08.2017 |
| 2 | 638771/ 17.08.2017 | 200020 | 26.08.2017 | 15.09.2017 | 20.09.2017 | 25.09.2017 |
| 3 | 101690/ 01.08.2017 | 72500 | 09.08.2017 | 29.08.2017 | 31.08.2017 | 02.09.2017 |
| 4 | 566112/ 17.08.2017 | 117820 | 02.09.2017 | 15.09.2017 | 20.09.2017 | 25.09.2017 |
| 5 | 250413/ 19.07.2017 | 43260 | 01.08.2017 | 18.08.2017 | 19.08.2017 | 24.08.2017 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 566089/ 05.08.2017 | 127740 | 16.08.2017 | 29.08.2017 | 31.08.2017 | 06.09.2017 |
| 7 | 673258/ 28.07.2017 | 88080 | 04.08.2017 | 18.08.2017 | 19.08.2017 | 24.08.2017 |
| 8 | 485433/ 27.07.2017 | 66660 | 05.08.2017 | 18.08.2017 | 19.08.2017 | 24.08.2017 |
| 9 | 282560/ 09.08.2017 | 137580 | 18.08.2017 | 29.08.2017 | 31.08.2017 | 06.09.2017 |
| 10 | 90126/ 25.07.2017 | 105240 | 17.08.2017 | 29.08.2017 | 31.08.2017 | 06.09.2017 |
| 11 | 513375/ 27.07.2017 | 86540 | 07.08.2017 | 18.08.2017 | 19.08.2017 | 24.08.2017 |
| 12 | 165815/ 27.07.2017 | 74160 | 07.08.2017 | 18.08.2017 | 19.08.2017 | 24.08.2017 |
| 13 | 165817/ 27.07.2017 | 3680 | 07.08.2017 | 18.08.2017 | 19.08.2017 | 24.08.2017 |
| 14 | 171181/ 22.02.2018 | 602500 | 12.03.2018 | 15.3.2017 | 22.03.2018 | 28.03.2018 |
| 15 | 110709/ | 592500 | 12.03.2018 | 15.03.2018 | 22.03.2018 | 26.03.2018 |

| | | | | | | |
|---|---|---|---|---|---|---|
| | 01.03.2018 | | | | | |
| 16 | 104077/ 01.03.2018 | 595000 | 12.03.2018 | 15.03.2018 | 22.03.2018 | 26.03.2018 |
| 17 | 003206/ 03.03.2018 | 587500 | 12.03.2018 | 15.03.2018 | 22.03.2018 | 29.03.2018 |
| 18 | 395997/ 03.01.2018 | 485000 | 26.02.2018 | 28.02.2018 | 19.03.2018 | 21.03.2018 |
| 19 | 832669/ 08.02.2018 | 585000 | 20.02.2018 | 24.02.2018 | 19.03.2018 | 20.03.2018 |
| 20 | 428059/ 20.07.2017 | 91380 | 05.08.2017 | 18.08.2017 | 19.08.2017 | 21.08.2017 |

**ഇ) കാലാവധികഴിഞ്ഞ ഡി.ഡികൾ സ്വീകരിക്കുന്നു, ആയത് അപേക്ഷകർക്ക് തിരിച്ചയ്ക്കുന്നു. നിർദ്ദിഷ്ട ഫീസ് വാങ്ങാതെ സേവനങ്ങൾ നല്കുന്ന സാഹചര്യം സംജാതമാകുന്നു.**

വിവിധ സേവനങ്ങൾക്കായി സർവ്വകലാശാലയിൽ ലഭിച്ചിട്ടുള്ളതിൽ കാലാവധി കഴിഞ്ഞ ഡി.ഡികൾ ബന്ധപ്പെട്ട വ്യക്തികൾക്ക് തിരിച്ചയച്ചെങ്കിലും റീവാലിഡേറ്റ് ചെയ്ത /പുതിയ ഡി.ഡി/പണം സർവ്വകലാശാലയ്ക്ക് നാളിതു വരെ ലഭിക്കാത്തതിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ | ഇനം | ഡി.ഡി. നം, തീയതി | തുക | ഡി.ഡി തപാലിൽ സ്വീകരിച്ച തീയതി | ഡി.ഡി തിരിച്ചയച്ച തീയതി |
|---|---|---|---|---|---|---|
| 1 | മെറിൻ കുര്യച്ചൻ | ട്രാൻസ്ക്രിപ്റ്റ് ഫീസ് | 223918/ 15.11.17 | 1000 | 14.2.18 | 17.4.18 |
| 2 | ഗൗരി ജി മേനോൻ | ഐ.ഡി കാർഡ് | 945069/ 14.9.17 | 200 | 19.12.17 | 17.4.18 |

നിർദ്ദിഷ്ട ഫീസ് സർവ്വകലാശാല അക്കൗണ്ടിൽ വരവു വരാതെ തന്നെ മേൽപറയുന്ന വ്യക്തികൾക്ക് അവർ ആവശ്യപ്പെട്ട സേവനം നല്കിയിട്ടുണ്ട്. ഈ നടപടി ക്രമവിരുദ്ധമാണ്. ഇപ്രകാരമുള്ള തുക വരുമാന നഷ്ടമായി കണക്കാക്കേണ്ടതാണ്. ഇത്തരത്തിലുള്ള എത്ര തുകയുടെ ഡി.ഡികൾ റീവാലിഡേറ്റഡ് ചെയ്തു സർവ്വകലാശാലയ്ക്ക് ലഭിക്കാനുണ്ട് എന്നതിന്റെ കൃത്യമായ കണക്ക് തയ്യാറാക്കേണ്ടതാണ്.

## ഈ)കാഷ് ബുക്ക് നീക്കിയിരുപ്പും ട്രഷറി/ബാങ്ക് പാസ്സ് ബുക്ക് നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുത്തുന്നതിൽ അനാസ്ഥ–

കാഷ് ബുക്ക് നീക്കിയിരുപ്പും ബാങ്ക് /ട്രഷറി പാസ്സ് ബുക്ക് നീക്കിയിരുപ്പും തമ്മിൽ 2017-18 സാമ്പത്തിക വർഷം പ്രതിമാസ / വാർഷികപൊരുത്തപ്പെടുത്തൽ നടത്തിയതിന്റെ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് വിവിധ റിക്വിസിഷൻ നല്കുകയുണ്ടായി (നം6/7.6.2018, 19/26.9.2018). സർവ്വകലാശാല ലഭ്യമാക്കിയ പല ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ റിക്കൺസിലേഷനിലും ധാരാളം അപാകതകൾ ഉണ്ടായതിനെ തുടർന്ന് വിവിധ എൻക്വയറികൾ നല്കുകയും (നം 1/8.6.2018,16/8.10.2018,27/27.11.2018) മറുപടി ലഭ്യമാക്കുകയുമുണ്ടായി. താഴെപ്പറയുന്ന അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ പത്രിക ഇനിയും ലഭ്യമാക്കിയിട്ടില്ല.

| ഇനം | അക്കൗണ്ട് / നം |
|---|---|
| ഡീൻ(സ്റ്റുഡന്റ്സ് അഫേയ്സ്) | അക്കൗണ്ട് നം. 32644539099, എസ്.ബി.ഐ |
| ഡീൻ(അക്കാഡമിക്) | ,, 3672021387, ,, |
| ഡീൻ(റിസർച്ച്) | ,, 34397307743 ,, |
| പ്രൊവിഡന്റ് ഫണ്ട് | ,, 71316140000001, ട്രഷറി |

കൂടാതെ ഓഡിറ്റിന് ലഭ്യമാക്കിയ പൊരുത്തപ്പെടുത്തൽ പത്രികകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അവ്യക്തതകളും അപര്യാപ്തതകളും നിലനിൽക്കുന്നു.

i) അക്കൗണ്ട് നം. 42875,എസ്.ബി.ഐ, എക്സാമിനേഷൻ ഫീസ്

Credited by Bank , but not accounted by the University ആയി 1700/- രൂപയും difference in cash book & pass book ആയി 800/-രൂപയും 31.03.2018 ലെ റീക്കൺസീലിയേഷൻ പത്രികയിൽ കാണിച്ചിരിക്കുന്നു. പൊരുത്തക്കേടുകൾ നാളിതു വരെ പരിഹരിച്ചിട്ടില്ല.

ii)അക്കൗണ്ട് നം. 63005, എസ്.ബി.ഐ, ഇ-പെയ്മെന്റ് അക്കൗണ്ട്

31.03.2018 ലെ കാഷ് ബുക്ക് നീക്കിയിരുപ്പും പാസ്സ് ബുക്ക് നീക്കിയിരുപ്പും തമ്മിൽ 3785/- രൂപയുടെ വ്യത്യാസം ഉള്ളതായി കാണിച്ചിരിക്കുന്നു .കാരണമെന്തെന്ന് വ്യക്തമാക്കുകയോ നാളിതുവരെ പരിഹരിക്കുകയോ ചെയ്തിട്ടില്ല.

iii) അക്കൗണ്ട് നം. 002 ,ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട്.

31.3.2018 ലെ റിക്കൺസിലേഷൻ പത്രികയിൽ "03.05.2010 ലെ Wrong Credit by Treasury " ആയി 9,221/-രൂപ കാണിച്ചിട്ടുണ്ട്. പൊരുത്തക്കേട് 8 വർഷമായി തുടരുന്നുവെങ്കിലും നാളിതുവരെ പരിഹരിച്ചിട്ടില്ല.

iv) അക്കൗണ്ട് നം 252 , എൻ. എസ്.എസ് അക്കൗണ്ട്

അ) 25.10.2016 ന് ബാങ്ക് പാസ്സ് ബുക്കിൽ പലിശയിനത്തിൽ വരവ് വന്നിട്ടുള്ള 28,289/-രൂപ പ്രസ്തുത വരവുമായി ബന്ധപ്പെട്ട 2016-17 സാമ്പത്തിക വർഷം കാഷ് ബുക്കിൽ വരവ്

വെച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തിൽ നവംബർ 2017 ൽ മാത്രമാണ് പ്രസ്തുത തുക കാഷ് ബുക്കിൽ വരവ് വെച്ചിട്ടുള്ളത്.

ആ) 17.02.2017 ന് പാസ്സ് ബുക്കിൽ പലിശയിനത്തിൽ വരവ് വന്നിട്ടുള്ള 31,251/-രൂപ വരവുമായി ബന്ധപ്പെട്ട 2016-17 സാമ്പത്തിക വർഷം കാഷ് ബുക്കിൽ വരവ് വെച്ചിട്ടില്ല. 2017-18 ൽ മാത്രമാണ് വരവ് വന്നിട്ടുള്ളത്.

ഇ) കാഷ് ബുക്ക് നീക്കിയിരുപ്പും പാസ്സ് ബുക്ക് നീക്കിയിരുപ്പും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ വരുത്താത്തതിനാൽ പാസ്സ് ബുക്കിൽ ബാങ്ക് രേഖപ്പെടുത്തുന്ന പലിശ , ബാങ്ക് ചാർജ് എന്നിവ മാസങ്ങൾക്കു ശേഷമാണ് കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഉദാഹരണമായി 25.06.2017 ന് പാസ്സ് ബുക്കിൽ വരവ് വന്നിട്ടുള്ള പലിശയിനത്തിലുള്ള 26,289/-രൂപ 30.11.2017 ലാണ് കാഷ് ബുക്കിൽ വരവ് വെച്ചിട്ടുള്ളത്. 05/2017, 06/2017, 07/2017, 08/2017, 09/2017, 10/2017, 11/2017 എന്നീ മാസങ്ങളിലെ ബാങ്ക് ചാർജ്ജുകൾ ആകെ 880/-രൂപ ഒരുമിച്ച് 11/2017 ലെ കാഷ് ബുക്കിലാണ് കാണിച്ചിരിക്കുന്നത്.

ഈ) അക്കൗണ്ട് നം.95431, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് - അഡ്വാൻസ് അക്കൗണ്ട്

iv(ഇ) യിൽ പരാമർശിച്ചതു പോലെ 25.06.2017 ൽ പാസ്സ് ബുക്കിൽ വരവ് വെച്ച പലിശയിനത്തിലുള്ള 1900/-രൂപ 11.09.2017 ലാണ് കാഷ് ബുക്കിൽ വരവ് വച്ചിട്ടുള്ളത്. 25.12.2017 ൽ പാസ്സ് ബുക്കിൽ വരവ് വന്ന പലിശയിനത്തിലുള്ള 3697/-രൂപ 01.02.2018 ലാണ് കാഷ് ബുക്കിൽ വരവ് വെച്ചിട്ടുള്ളത്.

നിയമങ്ങളും ചട്ടങ്ങളും സർക്കാർ വ്യവസ്ഥകളും പൂർണ്ണമായി ലംഘിച്ചു കൊണ്ടോ ഭാഗികമായി മാത്രം പാലിച്ചുകൊണ്ടോ ഉള്ള തങ്ങളുടെ നടപടികളെ ന്യായീകരിച്ചുകൊണ്ട് " ജീവനക്കാരുടെ കുറവു മൂലമാണ് , വ്യക്തതകുറവു മൂലമാണ് , സർവ്വകലാശാലയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചെങ്കിലും ആയതുകൊണ്ട് സാമ്പത്തിക നഷ്ടമൊന്നും സംഭവിച്ചിട്ടില്ല"എന്നിങ്ങനെയുള്ള മറുപടികളാണ് മിക്ക ഓഡിറ്റ് എൻക്വയറികൾക്കും സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ളത്. പാലിക്കപ്പെടേണ്ട നിയമ വ്യവസ്ഥകൾ ലംഘിക്കുന്ന വേളകളിൽ "ലംഘനം കൊണ്ട് നിലവിൽ കുഴപ്പമൊന്നും ഉണ്ടായിട്ടില്ല "എന്നുള്ള മറുപടികൾ ന്യായീകരണം അർഹിക്കുന്നതല്ല.

മേൽപ്പറയുന്ന അപാകതകൾ അടിയന്തരമായി പരിഹരിക്കേണ്ടതാണ്. വർഷങ്ങൾ കഴിഞ്ഞ സ്ഥിതിക്ക് ഡി.ഡികൾ പണമാക്കുന്നതു സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽ

ക്കുന്നു."സർവ്വകലാശാലയ്ക്ക് ലഭിച്ചതായി" പറയുന്ന ഡി.ഡികൾ യഥാസമയം അക്കൗണ്ട് ചെയ്ത് ബാങ്കിൽ അടവാക്കി തുക അക്കൗണ്ടിൽ സമയപരിധിക്കുള്ളിൽ വരവു വരുന്നുവോയെന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതിലും തുക അക്കൗണ്ടിൽ വന്നില്ലായെങ്കിൽ അതിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതിലും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചോയെന്ന് അന്വേഷിക്കേണ്ടതും സർവ്വകലാശാലക്കുണ്ടായേക്കാവുന്ന നഷ്ടം നിയമാനുസൃത മാർഗങ്ങളിലൂടെ ഈടാക്കേണ്ടതുമാണ്. സർവ്വകലാശാലാ സേവനങ്ങൾക്ക് പണം അടക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 2-2 ഫാമിലി ഹെൽത്ത് സ്റ്റഡീസ് സ്കൂൾ കെട്ടിട നിർമാണത്തിന് മുറിച്ച് മാറ്റിയ മരങ്ങൾ വിൽപന നടത്തിയ വകയിൽ ₹ 40,000/- ലഭിച്ചിട്ടില്ല.

വൗച്ചർ നം. 460/തീയതി 23.05.2017, ₹ 7,14,38,000/-

ഫയൽ നമ്പർ 6673/വർക്ക്സ് എഫ്.എച്ച്.എസ്. കെ.യു.എച്ച്.എസ്.2015

ഓഡിറ്റ് എൻക്വയറി നമ്പർ 35/17-18 തീയതി 07.12.2018

ഡെപ്പോസിറ്റ് പ്രവൃത്തിയായി ഫാമിലി ഹെൽത്ത് സ്റ്റഡീസ് സ്കൂൾ നിർമ്മാണം പൂർത്തിയാക്കുന്നതിന് ₹7,14,38,000/- പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കു വേണ്ടിയുള്ള ടെണ്ടർ നടപടികൾ ഓഡിറ്റ് കാലയളവിൽ പൂർത്തിയായിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു.

നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടി കോഴിക്കോട് ജില്ലയിലെ ചെലവൂർ ദേശത്ത് റീസർവ്വെ നം .32/3 ൽ പ്പെട്ട 50 സെന്റ് സ്ഥലത്തുണ്ടായിരുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 03.11.2017 ലെ UO 6673/Works FHS KUHS 2015 പ്രകാരം ഉത്തരവായിരുന്നുവെങ്കിലും ഈയിനത്തിൽ വരവൊന്നും ലഭിക്കാതിരുന്ന കാര്യം ഓഡിറ്റ് എൻക്വയറി പ്രകാരം ആരാഞ്ഞിരുന്നു. മരം മുറിച്ചുവിറ്റ വകയിൽ ആകെ ₹ 49,600/- ലഭ്യമായിട്ടുണ്ടെന്നും ഇതിൽ നിന്നും ജി.എസ്.ടി., ആദായനികുതി, ഫോറസ്റ്റ് ടാക്സ് എന്നിവ ഒഴിവാക്കി ലഭിയ്ക്കാൻ അർഹതയുള്ള ₹ 40,000/- കോഴിക്കോട് അഡീഷണൽ സബ് ട്രഷറിയിൽ PWD ഡെപ്പോസിറ്റ് ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും ആയത് KUHS ന് കൈമാറുന്നതിനുള്ള നടപടികൾ PWD സ്വീകരിച്ചുവരുന്നുവെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മരം ലേലം ചെയ്തു വില്പന

നടത്തിയ വകയിൽ ആകെ ₹ 49600 ലഭ്യമായിട്ടുണ്ടെന്നും ഹെഡ് ഓഫ് അക്കൗണ്ട് അറിയിക്കുന്ന മുറക്ക് സർവ്വകലാശാലക്ക് ലഭിക്കേണ്ടതായ ₹ 40,000 കൈമാറുന്നതിന് തയ്യാറാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, കേരള പൊതുമരാമത്ത് വകുപ്പ്, സബ്-ഡിവിഷൻ കോഴിക്കോട് കത്ത് നം HC അക്കൗണ്ട്സ് 2018-19 തി.17.12.2018 പ്രകാരം അറിയിച്ചിട്ടുള്ളത് പരിശോധിച്ചു. എന്നാൽ 2017-18 വർഷം ലഭിക്കേണ്ടതായ ഈ തുക 31.3.2018 ലെ ബാലൻസ് ഷീറ്റിൽ 'കിട്ടാനുള്ള തുകയായി' രേഖപ്പെടുത്തിയിട്ടില്ലാത്തതായി കണ്ടു. മരം മുറിച്ചു വിറ്റയിനത്തിലുള്ള ലേലത്തുക ₹ 40,000/- ലഭ്യമാക്കി വിവരം യഥാസമയം ഓഡിറ്റിന് നൽകേണ്ടതാണ്.

## 2.3 സർവ്വകലാശാലയുടെ അഫിലിയേഷൻ നടപടിക്രമങ്ങളിലെ അപാകതകൾ

### (2.3.1) ഏറ്റവും കുറഞ്ഞ നിലവാരം പോലും ഇല്ലാത്ത നേഴ്സിംഗ് കോളേജുകൾ അഫിലിയേഷൻ യഥേഷ്ടം കരസ്ഥമാക്കുന്നു.

നേഴ്സിംഗ് എന്നത് നൈപുണ്യത്തെയും, മാനുഷിക മൂല്യങ്ങളേയും അടിസ്ഥാനമാക്കിയുള്ള തൊഴിൽമേഖലയാണ്. നേഴ്സിംങ്ങ് പാഠ്യപദ്ധതിയിലെ ക്ലിനിക്കൽ സൗകര്യങ്ങളാണ് ഈ നൈപുണ്യ വികസനം സംഭാവന ചെയ്യുന്നത്.കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നഴ്സിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നഴ്സിംഗ് പരിശീലനത്തിനുള്ള സൗകര്യങ്ങളും അവയുടെ നിലവാരവും , നിരീക്ഷിച്ച് വർഷാവർഷം അഫിലിയേഷൻ തുടർച്ചാനുമതി നൽകിവരുന്നതിന് സർവ്വകലാശാലയ്ക്ക് അധികാരം നൽകുന്നത് നിലവിലുള്ള നിയമം ,സ്റ്റാറ്റ്യൂട്ട്, സർവ്വകലാശാലാ ഉത്തരവുകൾ എന്നിവയാണ്. അഫിലിയേഷൻ നടപടികളുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകളുടെ രത്നച്ചുരുക്കം താഴെ ചേർക്കുന്നു.

- 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമമനുസരിച്ച് സർവ്വകലാശാലക്ക് നല്കപ്പെട്ട അധികാരങ്ങൾ താഴെ നല്കിയതു പ്രകാരമാണ്.
- അധ്യായം II -വകുപ്പ് 6(xx) – അഫിലിയേഷൻ തുടർച്ച നൽകുന്നതിനും ആനുകാലികമായ അക്രഡിറ്റേഷനും വേണ്ടി അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയും അംഗീകൃത സ്ഥാപനങ്ങളുടെയും അക്കാഡമിക്ക് പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക.

- വകുപ്പ്6(xxi) – അഫിലിയേറ്റ് ചെയ്ത കോളേജുകളും അംഗീകൃത സ്ഥാപനങ്ങളും പരിശോധിക്കുന്ന ആവശ്യത്തിലേക്കായി ഏർപ്പെടുത്തിയ അനുയോജ്യമായ സംവിധാനത്തിലൂടെ, ആവശ്യമുള്ളപ്പോൾ പരിശോധന നടത്തുന്നതിനും അവ ശരിയായ നിലവാരമുള്ള ബോധനവും അധ്യാപനവും പരിശീലനവും നിലനിർത്തുന്നുണ്ടെന്നും മതിയായ ഗ്രന്ഥശാല, ലാബറട്ടറി, ആശുപത്രി, ഫാക്കൽറ്റി എന്നിവയും മറ്റ് അക്കാഡമിക് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പുവരുത്തുന്നതിനു വേണ്ട നടപടികൾ എടുക്കുക.

- വകുപ്പ് 6(xxxi) 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം , 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട് എന്നിവ ലംഘിച്ചുകൊണ്ട് കോളേജുകൾക്ക് നൽകിയിട്ടുള്ള അഫിലിയേഷൻ ആവശ്യമുള്ളപ്പോഴെല്ലാം റദ്ദാക്കുക

സർവ്വകലാശാല നിയമവും, നിയമത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ആദ്യ സ്റ്റാറ്റ്യൂട്ടും കോളേജുകളുടെ അഫിലിയേഷൻ നടപടികൾക്കായി ഗവേണിംഗ് കൗൺസിലിന് അനുവദിച്ചു നൽകിയിട്ടുള്ള അധികാരങ്ങൾ താഴെ പറയും പ്രകാരമാണ്.

- " ഈ നിയമത്തിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്ത പ്രകാരമുള്ള അങ്ങനെയുള്ള അഫിലിയേഷൻ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി മെഡിക്കൽ സ്ഥാപനങ്ങളെ അഫിലിയേറ്റ് ചെയ്യുക”. (അധ്യായംIV, വകുപ്പ് 23(v))
- "അഫിലിയേറ്റ് ചെയ്ത കോളേജുകളിലേയോ സ്ഥാപനങ്ങളിലേയോ അക്കാഡമിക് നിലവാരവും സേവന നിലവാരവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക."(അധ്യായംIV, വകുപ്പ് 23(xvi))
- " The Governing Council shall have the power to affiliate any college preparing students for degrees titles or diplomas of the University which satisfies the conditions prescribed as per the laws of the University".(സ്റ്റാറ്റ്യൂട്ട്, അധ്യായംXXI – 389(2))

കേരള ആരോഗ്യശാസ്ത്രസർവ്വകലാശാല നിയമം 2010, കേരള ആരോഗ്യശാസ്ത്രസർവ്വകലാശാല പ്രഥമ സ്റ്റാറ്റ്യൂട്ട് 2013 എന്നിവയുടെ പിൻബലത്തോടെ പ്രൊവിഷണൽ അഫിലിയേഷനും അഫിലിയേഷൻ തുടർച്ചാനുമതിയ്ക്കും വേണ്ടിയുള്ള വ്യവസ്ഥകൾ താഴെ പറയും പ്രകാരം സർവ്വകലാശാല ഉത്തരവുകളാക്കിയിറക്കിയിട്ടുണ്ട്.

## അഫിലിയേഷനുമായി ബന്ധപ്പെട്ട സർവ്വകലാശാല ഉത്തരവുകൾ

### പട്ടിക 1

| ക്രമ നം. | ഉത്തരവ് നം./തീയതി | റിമാർക്സ് |
|---|---|---|
| 1 | UO.No.15/AC1/2/2013/ KUHS Dated 17.05.2013 | പ്രൊവിഷണൽ അഫിലിയേഷനും അഫിലിയേഷൻ തുടർച്ചാനുമതിയ്ക്കും വേണ്ടിയുള്ള വ്യവസ്ഥകൾ – ഈ ഉത്തരവ് 01.12.2012 മുതൽ പ്രാബല്യത്തിൽ ഉണ്ട്. |
| 2 | UO.No.677/ACD/2013/ KUHS Dated 12.12.2013 | നഴ്സിംഗ് കോളേജുകളുടെ അഫിലിയേഷനുമായി ബന്ധപ്പെട്ട് ഡോ.ശ്രീനിവാസൻ.കെ. ചെയർമാനായുള്ള കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള വ്യവസ്ഥകൾ. |
| 3 | UO.No.677/ACD/2013/ KUHS Dated 05.03.2015 | ക്രമ നം. 2 പ്രകാരം നിർദ്ദേശിച്ച വ്യവസ്ഥകൾക്ക് ഇളവുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്. |

മേൽപ്രകാരമുള്ള സർവ്വകലാശാലാ നിയമം, സ്റ്റാറ്റ്യൂട്ട്, ഇവയെ അടിസ്ഥാനമാക്കി നിലവിൽ വന്ന സർവ്വകലാശാല വ്യവസ്ഥകൾ , INC - KNMC മാനദണ്ഡങ്ങൾ ഇവയെല്ലാം പരിഗണിച്ചാണ് നഴ്സിംഗ് കോളേജുകളുടെ അഫിലിയേഷൻ തുടർച്ചാനുമതിക്കായുള്ള അപേക്ഷയിൽ സർവ്വകലാശാല നടപടികൾ സ്വീകരിക്കേണ്ടത്.

നിലവിലുള്ള വ്യവസ്ഥകൾ മേൽപ്രകാരം ആയിരിക്കെ 2017-18 ൽ നഴ്സിംഗ് കോളേജുകൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതിന് സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ കൈകൊണ്ട തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

## അഫിലിയേഷനുമായി ബന്ധപ്പെട്ട ഗവേണിംഗ് കൗൺസിൽ തീരുമാനങ്ങൾ

### പട്ടിക 2

| ക്രമ നം. | ഗവേണിംഗ് കൗൺസിൽ തീരുമാനം നമ്പർ /തീയതി | തീരുമാനം | റിമാർക്ക്സ് |
|---|---|---|---|
| 1 | 37.08/06.03.2017 | The GC decided that continuation of provisional affiliation for the year 2017-18 will not be granted for the colleges having less than the minimum required inpatient strength on the day of inspection. The colleges shall be directed to submit their explanation in this regard and the same shall be placed in the next GC | 2016-17 ൽ 33.25 GC തീരുമാനപ്രകാരം Inpatients കുറവും കൂടാതെ മറ്റ് പോരായ്മകൾ ഉള്ളതുമായ കോളേജുകൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ഈ കോളേജുകൾക്കും, 2017-18 ൽ ഇൻ സ്പെക്ഷൻ നടത്തിയപ്പോൾ IP കുറവുള്ള മറ്റു കോളേജുകൾക്കും കൂടി എടുത്ത തീരുമാനം |
| 2 | 39.27/12.06.2017 | The GC after noting the IP status, compliance report and pass percentage decided;<br><br>a) to reject the request of the six colleges seeking continuation of affilliation for the year 2017-18 having IP less than 20% and also having other deficiencies including poor pass percentage and not to allow admission for the academic year 2017-18 for all courses in these six colleges<br><br>b) to allow admission for the academic year2017-18 after reducing 10 seats from the | കുറവ് IP യും മറ്റ് പോരായ്മകൾ ഉള്ളതുമായ നഴ്സിംഗ് കോളേജുകളെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് അതിൽ രണ്ട് വിഭാഗങ്ങൾക്ക് അഫിലിയേഷൻ തുടർച്ചാനുമതി നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| | | currently sanctioned seats of Bsc Nursing in the colleges having IP between 20% to 30% and also having other deficiencies including poor pass percentage.<br><br>c) to grant conditional cont. of provisional affiliation to colleges having IP between 31% and 74% on condition that facilities including IP strength shall be sufficiently improved before the next inspection. | |
| 3 | 40.23/24.07.2017 | A) The GC decided to grant cont. of provisional affiliation to colleges mentioned in table A without conducting inspection as the 1st batch has passed out and no deficiencies were pointed out during previous inspection.<br><br>B) The GC decided to grant cont. of provisional affiliation to the colleges mentioned in Table B during the year 2017-18 based on the recommendation of scrutiny committee and subject to receipt of renewal permission from concerned apex council. | A) 11.02.2015 ലെ GC തീരുമാനം നം. 23.19 ന്റെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് പാസ്സായതും മുൻ പരിശോധനയിൽ കുറവുകളൊന്നും റിപ്പോർട്ട് ചെയ്യാത്തതുമായ കോളേജുകൾക്ക് ഇൻസ്പെക്ഷൻ നടത്താതെ അഫിലിയേഷൻ തുടർ ച്ചാനുമതി നൽകിയിട്ടുണ്ട്.<br><br>B) IP സ്റ്റാറ്റസ് 75% ൽ കൂടുതലുള്ള 19 കോളേജുകൾക്ക് സ്ക്രൂട്ടിനി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അഫിലിയേഷൻ തുടർച്ചാനുമതി നൽകിയിരിക്കുന്നു. |
| 4 | 42.34/20.11.2017 | Decision -Ratfied | GC 39.27(a) പ്രകാരം അഫിലിയേഷൻ തുടർച്ചാനുമതി നൽകാതിരുന്ന 5 കോളേജുകൾക്ക് പുന പരിശോധന നടത്തണമെന്ന കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർപരിശോധന നടത്തി 4 കോളേജുകൾക്ക് അഫിലിയേഷൻ തുടർച്ചാനുമതിർ |

| | | | |
|---|---|---|---|
| | | | നൽകിക്കൊണ്ടും ഒരു കോളേജിന് നിരസിച്ചുകൊണ്ടുമുള്ള സർവ്വകലാശാല തീരുമാനം അംഗീകരിച്ചിരിക്കുന്നു. |

ഓഡിറ്റ് കാലയളവിൽ അഫിലിയേഷൻ തുടർച്ചാനുമതി നൽകിയിട്ടുള്ള 121 നഴ്സിംഗ് കോളേജുകൾക്കും അഫിലിയേഷൻ തുടർച്ചാനുമതി നേടുന്നതിനുള്ള യോഗ്യതകളും നിലവാരവും പഠനസൗകര്യങ്ങളും ആയത് അനുവദിക്കുന്നതിന് സർവ്വകലാശാല പിൻ തുടരുന്ന മാനദണ്ഡങ്ങളും ഒരു പോലെ ആയിരിക്കേണ്ടതാണ് . എന്നാലിവിടെ വ്യത്യസ്ത യോഗ്യത, പഠന സൗകര്യങ്ങൾ, നിലവാരം എന്നിവ ഉള്ള കോളേജുകൾക്ക് വ്യത്യസ്ത തീരുമാനങ്ങളിലൂടെ ഗവേണിംഗ് കൗൺസിൽ അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നു.

ഇപ്രകാരം അനുമതി നൽകുന്നതിനായി സർവ്വകലാശാല ആധാരമാക്കിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന എൻക്വയറിയ്ക്ക് (എൻക്വയറി നം. 29/17-18 തീയതി 30.11.2018) " സർവ്വകലാശാല നഴ്സിംഗ് കോഴ്സുകൾക്ക് അഫിലിയേഷൻ നൽകുന്നതിനായി minimum standard രൂപീകരിച്ചിട്ടില്ലാത്തതിനാൽ സർവ്വകലാശാല ഗവേണിംഗ് കൗൺ സിലാണ് നഴ്സിംഗ് കോളേജുകളിലെ നഴ്സിംഗ് കോഴ്സുകൾക്ക് അഫിലിയേഷൻ നൽ കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുവരുന്നത് , 2017-18 വർഷം നഴ്സിംഗ് കോഴ്സുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് ആവശ്യമായ IP strength ശതമാനം സംബന്ധിച്ച മാനദണ്ഡങ്ങൾ 12.06.2017 ലെ 39-ാമത് ഗവേണിംഗ് കൗൺസിൽ യോഗത്തിൽ നിശ്ചയിച്ചിട്ടുണ്ടെന്നും കേരളത്തിലെ സാഹചര്യങ്ങൾ കണക്കിലെടുത്തും നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ ഉന്നത നിലവാരം തുടർന്നും നിലനിർത്തുന്നതിനും വിദ്യാർത്ഥികൾക്ക് വേണ്ടത്ര ക്ലിനിക്കൽ പരിചയം ലഭ്യമാകുമെന്ന ഉറപ്പുവരുത്തിക്കൊണ്ടുമാണ് ഗവേണിംഗ് കൗൺസിൽ ഓരോ വർഷവും കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിന് വേണ്ട മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് " എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

നിലവിലുള്ള അഫിലിയേഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അല്ലെങ്കിൽ നിയമം വ്യവസ്ഥ ചെയ്യുന്ന നിശ്ചിത മാനദണ്ഡങ്ങൾ (minimum standards) സർ വ്വകലാശാല തയ്യാറാക്കിയ ശേഷം ആയത് എല്ലാ കോളേജുകൾക്കും ഒരേപോലെ ബാധകമാക്കി അഫിലിയേഷൻ തുടർച്ചാനുമതിക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് പകരം നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നവർക്കും , അല്ലാത്തവർക്ക്; മാനദണ്ഡങ്ങളിൽ ഇളവനുവദിച്ചുകൊണ്ടും അഫിലിയേഷൻ തുടർച്ചാനുമതി നൽകുവാൻ ഗവേണിംഗ്

കൗൺസിലിൽ തീരുമാനമെടുത്തുവരുന്നു . സർവ്വകലാശാലയുടെ ഈ ഇരട്ടത്താപ്പ് നയം കേരളത്തിലെ നഴ്സിംഗ് വിദ്യാഭ്യാസനിലവാരത്തെ ദോഷകരമായി ബാധിക്കുന്നു.

നഴ്സിംഗ് കോളേജുകൾക്കായുള്ള അഫിലിയേഷൻ തുടർച്ചാനുമതി വ്യവസ്ഥകളിൽ (15/AC1/2/2013/KUHS Dated 17.05.2013) ആവശ്യമുള്ള യോഗ്യതകളിൽ ഒന്ന് (ക്രമ നം.1) " the respective council(INC) requirements, or in the absence of it faculty decisions approved by academic council are met in full" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇപ്രകാരം നഴ്സിംഗ് അഫിലിയേഷനായുള്ള INC മാനദണ്ഡങ്ങളിൽ ചിലത് താഴെ നൽകും പ്രകാരമാണ്.

1. " bed occupancy of the hospital should be minimum 75%"

2. 1:3 student patient ratio to be maintained

3. If the institution is having both general nursing and midwifery and Bsc nursing programme it would require affiliated hospitals for 40 to 60 annual intake in each programme to maintain 1:3 student patient ratio".

കൂടാതെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ വ്യവസ്ഥകൾ (നം.677/ACD/2013/KUHS Dated 12.12.2013) ൽ "Nursing college should be attached to Medical College Hospital with minimum bed occupancy rate of 75%. It should have 20% beds in general ward where the bed occupancy should be 80%" എന്ന നിബന്ധനയുമുണ്ട്.

ഇതോടൊപ്പം 2017-18 വർഷം 75% ൽ കുറവ് IP Strength ഉള്ള നഴ്സിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് അഫിലിയേഷൻ തുടർ ച്ചാനുമതി നൽകിയ GC തീരുമാനത്തിൽ (GC-39) രേഖപ്പെടുത്തിയ IP strength കണക്കാക്കുന്നതിന് സർവ്വകലാശാല സ്വീകരിച്ചതായി പ്രസ്താവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ താഴെ ചേർക്കും പ്രകാരമാണ്.

1. As per INC and KUHS Norms the required student patient ratio is 1:3 (i.e. 3 patients for 1 student)

2. In all the colleges there are 4 batches of Bsc Nursing students with an average of 50 students per batch who have to be given clinical training at a time. Moreover, there may be 2 batches of Msc nursing and GNM (wherever applicable).

3. The bed strength in affiliated hospitals were also taken into account. But affiliated hospitals where speciality postings such as Psychiatry, Cardiology, Neurology, Oncology etc.where less than 2 months postings were done is not included for calculating IP strength.

മേൽപ്രകാരം നഴ്സിംഗ് കോളേജുകളിലെ മാതൃആശുപത്രിയിൽ ആവശ്യത്തിന് ക്ലിനിക്കൽ പരിശീലനത്തിന്റെ ലഭ്യതക്കായി ഒരു വിദ്യാർത്ഥിയ്ക്ക് മൂന്ന് രോഗികൾ എന്ന അനുപാതത്തിൽ കിടപ്പുരോഗികൾ ഉണ്ടായിരിക്കേണ്ടതാണ് . അഫിലിയേറ്റഡ് കോളേജുകളിലെ മാതൃ ആശുപത്രിയിലെ കിടപ്പുരോഗികളുടെ എണ്ണവും മറ്റ് കുറവുകളും സർവ്വകലാശാല പരിശോധിച്ചിട്ടുണ്ടെങ്കിലും ഈ കോളേജുകൾക്ക് അഫിലിയേഷൻ നൽകിക്കൊണ്ടുള്ള GC തീരുമാനത്തിൽ മേൽ വസ്തുതകൾ പ്രതിഫലിക്കുന്നില്ല . എന്നാൽ IP (inpatient strength)20% നും 30%നും ഇടയിൽ വരുന്ന കോളേജുകൾക്ക് 10 സീറ്റ് കുറച്ച് അഫിലിയേഷൻ തുടർച്ചാനുമതി നൽകിയിട്ടുണ്ടെങ്കിലും (GC 39.27b) വിദ്യാർത്ഥി - രോഗി അനുപാതം 1:3 എന്നത് പാലിക്കുന്നില്ല. ഉദാഹരണങ്ങൾ താഴെ നൽകുന്നു . നിശ്ചിത മാനദണ്ഡങ്ങളിൽ ഇളവുനൽകി അഫിലിയേഷൻ തുടർച്ചാനുമതി നൽകിയ വിവിധ കോളേജുകളുടെ വിജയശതമാനവും ബന്ധപ്പെട്ട പട്ടികയിൽ ചേർത്തിട്ടുണ്ട് . വിജയശതമാനം തുലോം കുറവാണെന്നത് മാനദണ്ഡങ്ങളിൽ ഇപ്പോൾ നൽകിവരുന്ന ഇളവുകൾ ആശാസ്യമല്ലായെന്ന് വ്യക്തമാക്കുന്നു . പത്ത് സീറ്റ് കുറച്ച് അഫിലിയേഷൻ തുടർച്ചാനുമതി ലഭിച്ച കോളേജുകളിൽ - IP അനുപാതം 20% നും 30%നും ഇടയിൽ

**<u>പട്ടിക 3</u>**

| ക്രമ നം. | കോളേജിന്റെ പേര് | കോഴ്സ്/ 2016-17 ൽ അനുവദിച്ച സീറ്റ് | കോഴ്സ്/ 2017-18 ൽ അനുവദിച്ച സീറ്റ് | ആകെ bed strength | പരിശോധന നടത്തിയ ദിവസത്തെ IP | 2017-18 ൽ മാത്രം അനുവദിച്ച സീറ്റുകൾ പ്രകാരം ഉണ്ടായിരിക്കേണ്ട IP (1:3) | IP% | വിജയശതമാനം |
|---|---|---|---|---|---|---|---|---|
| 1 | Theophilus CON,Kottayam | BSc 50 | BSc 40 | 280 | 63 | 40x3=120 | 22.5 | 28 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | Mercy CON, Valakam | BSc 60 PBBSc-30 | BSc -50 PBBSc-20 | 303 | 136 | 70x3- 210 | 44.8** | 28.8 |
| 3 | Indhira Gandhi CON, Kochi | BSc 50 | BSc 40 | 166 | 36 | 40x3=120 | 21.6 | ലഭ്യമല്ല |
| 4 | Assissi CON,Kottayam | BSc 40 | BSc 30 | 202 | 48 | 30x3=90 | 23.7 | 50 |
| 5 | SeventhdayAdventist CON,Palakkad | BSc 40 | BSc 30 | 170 | 39 | 30x3=90 | 22.9 | 55 |
| 6 | Poyanil CON,Kozhencherry | BSc 40 | BSc 30 | 200 | 58 | 30x3=90 | 29 | 66.67 |
| 7 | Canosa CON,Kannur | BSc 50 | BSc 40 | 202 | 48 | 40x3=120 | 23.7 | 48.98 |

** GC തീരുമാനം 37.27c പ്രകാരം 31%നും 74%നും ഇടയിൽ IP ഉള്ള കോളേജുകൾക്ക് conditional continuation of provisional affiliation നൽകിയിട്ടുണ്ട്. ഈ കോളേജുകളും KUHS, INC വ്യവസ്ഥകൾ പ്രകാരമുള്ള വിദ്യാർത്ഥി - രോഗി അനുപാതം (1:3) പാലിക്കുന്നില്ല. ഉദാഹരണങ്ങൾതാഴെനൽകുന്നു.

കണ്ടീഷണൽ അഫിലിയേഷൻ തുടർച്ചാനുമതി ലഭിച്ച കോളേജുകൾ – IP അനുപാതം 31% നും 74%നും ഇടയിൽ

<u>**പട്ടിക 4**</u>

| ക്രമ നം. | കോളേജിന്റെ പേര് | മാതൃ ആശുപത്രിയിലെ total bed strength | പരിശോധന നടത്തിയ ദിവസത്തെ IP /IP% | അനുവദിച്ച സീറ്റുകൾ | 2017-18 വർഷം മാത്രം അനുവദിച്ച സീറ്റുകൾ പ്രകാരം ഉണ്ടായിരിക്കേണ്ട IP (1:3) | വിജയ % | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | VNSS CON, Kollam | 361 | 92<br>(31%)<br><br>(ആകെ കിടക്കകളുടെ എണ്ണം 300 ആയി നിജപ്പെടുത്തി സർവ്വകലാശാല IP കണക്കാക്കിയിരിക്കുന്നു) | BSc -60<br><br>PB Bsc-30<br><br>MSc-23 | 113x3=339 | 5% | **ആകെ രോഗികളുടെ എണ്ണത്തേക്കാൾ കൂടുതൽ സീറ്റ് അനുവദിച്ചിരിക്കുന്നു** |
| 2 | KVM CON, Cherthala | 352 | 112(31.8%) | BSc -60<br><br>PB Bsc-30<br><br>Msc-25 | 115x3=345 | 43.33% | **ആകെ രോഗികളുടെ എണ്ണത്തേക്കാൾ കൂടുതൽ സീറ്റ് അനുവദിച്ചിരിക്കുന്നു** |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | Saraswathy CON, TVPM | 205 | 93(45%) | BSc -50<br>PB Bsc-30<br>Msc-12 | 92x3=276 | 42.86% | |
| 4 | Sivagiri Sreenarayana Medical Mission CON, Varkala | 325 | 97(32%) (ആകെ കിടക്കകളുടെ എണ്ണം 300 ആയി നിജപ്പെടുത്തി സർവ്വകലാശാല IP കണക്കാക്കിയിരിക്കുന്നു) | BSc -70<br>PB Bsc-30<br>Msc-25 | 125x3= 375 | 52.94% | **ആകെ രോഗികളുടെ എണ്ണത്തേക്കാൾ കൂടുതൽ സീറ്റ് അനുവദിച്ചിരിക്കുന്നു** |
| 5 | Malik Deenar CON, Kasaragod | 114 | 59(52%) | BSc -50<br>PB Bsc-30 | 80x3=240 | 30.61% | **ആകെ രോഗികളുടെ എണ്ണത്തേക്കാൾ കൂടുതൽ സീറ്റ് അനുവദിച്ചിരിക്കുന്നു** |
| 6 | Laxmi Meghan CON, Kanjagad | 150 | 96(64%) | BSc -40 | 40x3=120 | 78.95% | |
| 7 | Crescent CON, Kannur | 210 | 86(41%) | BSc -60 | 60x3=180 | 29.85% | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | Chithra CON, Pandalam | 250 | 83(33%) | BSc -40 | 40x3=120 | 40% | |
| 9 | Sree Sudheendra CON, Ernakulam | 150 | 90(60%) | BSc -40<br>PB Bsc-20 | 60x3=180 | 29.27 | |
| 10 | Rukmoni CON, TVPM | 200 | 120(60%) | BSc 50<br>PB Bsc-30 | 80x3=240 | 52.08 | |
| 11 | Najath CON, Aluva | 300 | 104(34.6%) | BSc -40 | 40x3=120 | 30.77% | |
| 12 | S.H. CON,Cherthala | 250 | 103(41.2%) | BSc -40 | 40x3=120 | 42.5% | |
| 13 | BCF CON, Vaikom | 205 | 130(63%) | BSc -50 | 50x3=150 | 44.68% | |
| 14 | CON Thalassery, Kannur | 250 | 157(62%) | BSc -50<br>Msc-12 | 62x3=186 | 22.45% | |
| 15 | Nirmala CON, Calicut | 290 | 106(36.5%) | BSc -50 | 50x3=150 | 44% | |
| 16 | MIMS CON, Malappuram | 252 | 126(50%) | BSc -60<br>Msc-23 | 83x3=249 | 81.67% | |

| | | | | | | | |
|---|---|---|---|---|---|---|---|
| 17 | NIMS CON, Neyyatinkara | 200 | 148(74%) | BSc -60<br><br>Msc-4 | 64x3=192 | 30.5% | |
| 18 | Mar Sleeva CON, Kottayam | 250 | 149(59%) | BSc -60<br><br>PB Bsc-20<br><br>Msc-11 | 91x3=273 | 43.33% | |

" Nursing is basically a practice based profession where theory and practical are equally important. Most of the learning takes place during their clinical practice. Hence hospital facilities and adequate clinical experience is essential for professional preparation." എന്നാണ് നിശ്ചിത മാനദണ്ഡങ്ങളിൽ ഇളവ് നൽകി അഫിലിയേഷൻ നൽകിയിട്ടുള്ള സംഗതിയിൽ ഗവേണിംഗ് കൗൺസിൽ 37.27 ൽ അഭിപ്രായപ്പെട്ടുകാണുന്നത് . അടുത്ത പരിശോധനയ്ക്ക് മുമ്പായി IP മെച്ചപ്പെടുത്തണം എന്ന ഉപാധിയോടെ conditional continuation of provisional affiliation നൽകിയ കോളേജുകളിൽ അവശ്യ ക്ലിനിക്കൽ പരിചയത്തിനായി (clinical experience) 2017-18 ൽ മാത്രം അനുവദിച്ച നേഴ്സിംങ്ങ് സീറ്റുകൾക്ക് ആനുപാതികമായി പോലും കിടപ്പുരോഗികൾ ഇല്ലായെന്നു മാത്രമല്ല, ചില കോളേജുകളിൽ 1:1 എന്ന വിദ്യാർത്ഥി - രോഗി അനുപാതം പോലും ഇല്ലായെന്നു വ്യക്തമാണ്. 10 സീറ്റുകൾ കുറച്ച് അഫിലിയേഷൻ നൽകിയ കോളേജുകളിലും ഈ അവസ്ഥ നിലനിൽക്കുന്നുണ്ട് . ഇതിൽ നിന്നും അഫിലിയേഷനായുള്ള വ്യവസ്ഥകൾ പ്രകാരമല്ല സർവ്വകലാശാലയുടെ അഫിലിയേഷൻ നടപടിക്രമങ്ങൾ എന്നു വ്യക്തമാണ് . കേരളത്തിലെ സാഹചര്യങ്ങൾ കണക്കിലെടുത്തും നഴ്സിംഗ് വിദ്യഭ്യാസത്തിന്റെ ഉന്നത നിലവാരം തുടർന്നും നിലനിർത്തുന്നതിനും വിദ്യാർത്ഥികൾക്ക് വേണ്ടത്ര ക്ലിനിക്കൽ പരിചയം ലഭ്യമാകുമെന്ന് ഉറപ്പുവരുത്തിക്കൊണ്ടും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെയും കേരള നഴ്സസ് & മിഡ് വൈഫ്സ് കൗൺസിലിന്റെയും അംഗീകാരത്തോടുകൂടിയുമാണ് അഫിലിയേഷൻ നൽകുന്നത് എന്ന് സർവ്വകലാശാല അഭിപ്രായപ്പെടുന്നെങ്കിലും (എൻക്വയറി നം.29/30.11.2018) നിലവിലുള്ള എല്ലാ അഫിലിയേറ്റഡ് നഴ്സിംഗ് കോളേജുകളുടെ കാര്യത്തിലും ഈ വാദം ശരിയല്ലയെന്നത് ഇവയുടെ വിജയ ശതമാനത്തിൽ നിന്നും വ്യക്തമാകുന്നതാണ്.

സർവ്വകലാശാലയിൽ നിന്നും 2017-18 വർഷം അഫിലിയേഷൻ ലഭിച്ച കേരളത്തിലെ 121 നഴ്സിംഗ് കോളേജുകൾ താഴെ നൽകും പ്രകാരം 4 വിഭാഗങ്ങളിൽപ്പെടുന്നു. [ ഓഡിറ്റ് എൻ ക്വയറികൾ/ ഓഡിറ്റ് റിക്വസിഷനുകൾ എന്നിവയ്ക്ക് സർവ്വകലാശാല ലഭ്യമാക്കിയ മറുപടികളും, ഗവേണിംഗ് കൗൺസിൽ തീരുമാനങ്ങളും അടിസ്ഥാനമാക്കി തയ്യാറാക്കിയത്]




1 75% ത്തിൽ കുറവ് IP യും മറ്റ് കുറവുകൾ ഉണ്ടെങ്കിലും അഫിലിയേഷൻ ലഭിച്ച കോളേജുകൾ (48 എണ്ണം)

2 പുതിയ Bsc നഴ്സിംഗ് കോളേജുകൾ(6 എണ്ണം)

3 ഇൻസ്പെക്ഷൻ നടത്താതെ അഫിലിയേഷൻ തുടർച്ചാനുമതി ലഭിച്ച കോളേജുകൾ (26 എണ്ണം)

4 സ്ക്രൂട്ടിനി കമ്മിറ്റിയുടെ ശുപാർശ പ്രകാരം അഫിലിയേഷൻ ലഭിച്ച കോളേജുകൾ (41 എണ്ണം)

1) സർവ്വകലാശാല അഫിലിയേഷൻ തുടർച്ചാനുമതി നൽകിയതിൽ ഏകദേശം 40% കോളേജുകൾ 75%ത്തിൽ കുറവ് IP യുംമറ്റ് കുറവുകൾ ഉള്ളതുമായ വിഭാഗത്തിൽ പ്പെടുന്നവയാണ്.

2)പുതിയ BSc നേഴ്സിംഗ് കോളേജുകൾ - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, നെടുങ്കണ്ടം; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ , പത്തനംതിട്ട; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ,ഗാന്ധിനഗർ; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ,മണിമലക്കുന്ന്; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ,പാലാ; ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ,പുതുപ്പള്ളി ; എന്നീ നേഴ്സിംഗ് കോളേജുകൾക്ക് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി രജിസ്ട്രാറുടെയും സെന്റർ ഫോർ പ്രൊഫഷണൽ ആൻഡ് അഡ്വാൻസ്ഡ് സ്റ്റഡീസ് (CPAS) ഡയറക്ടറുടെയും സാക്ഷ്യപ്പെടുത്തിയ അണ്ടർടേക്കിങ്ങ് പ്രകാരം 2017-18 വർഷം ഇൻസ്പെക്ഷൻ നടത്താതെ പ്രൊവിഷണൽ അഫിലിയേഷൻ നൽകിയിരിക്കുന്നു.

3)11.2.2015 ലെ 23.19 ഗവേണിംഗ് കൗൺസിലിന്റെ തീരുമാനം അനുസരിച്ച് ആദ്യബാച്ച് പാസ്സാകുകയും മുൻ പരിശോധനയിൽ കുറവുകളൊന്നും റിപ്പോർട്ട് ചെയ്യാത്തതുമായ 26 കോളേജുകൾക്ക് പരിശോധന നടത്താതെ അഫിലിയേഷൻ തുടർച്ചാനുമതി നൽ കിയിരിക്കുന്നു.

4) ന്യൂനതകൾ ഇല്ലാത്തതിനാലും / ന്യൂനതകൾ പരിഹരിച്ചതിനാലും അഫിലിയേഷൻ തുടർ ച്ചാനുമതി നൽകാമെന്നുള്ള സ്ക്രൂട്ടിനി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അഫിലിയേഷൻ ലഭിച്ച കോളേജുകൾ.

കേരളത്തിലെ എല്ലാ നഴ്സിംഗ് കോളേജുകളും നിലവാരമില്ലാത്തവയാണ് എന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. ഏകദേശം 40% നഴ്സിംഗ് കോളേജുകൾ നിശ്ചിത നിലവാരത്തിലും താഴെയാണ്. ഡോ.കെ. ശ്രീനിവാസൻ കമ്മിറ്റിയുടെ പഠനറിപ്പോർട്ടിനെ അടിസ്ഥാനമാക്കി നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സർ വ്വകലാശാല നേഴ്സിംഗ് അഫിലിയേഷൻ വ്യവസ്ഥകൾ (U.O.No.677/AC.D/2013/KUHS/dated 12.12.2013) നിലവിൽ വന്നെങ്കിലും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ നേഴ്സിംഗ്

കോളേജുകളിലെയും നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ ഗുണമേൻമയിൽ ഒരേ നിലവാരം പുലർത്തുന്നില്ല.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമങ്ങളാൽ അനുശാസിക്കുന്ന വ്യവസ്ഥകൾ നിറവേറ്റിയിട്ടുള്ള ഏതൊരു കോളേജിനെയും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യാൻ ഗവേണിംഗ് കൗൺസിലിന് അധികാരമുണ്ടെങ്കിലും കോളേജുകളുടെ നിലവാരമനുസരിച്ച് വർഷാവർഷം അഫിലിയേഷൻ വ്യവസ്ഥകൾ തയ്യാറാക്കുന്നതിനുള്ള അധികാരം ഈ നിയമം ഗവേണിംഗ് കൗൺസിലിന് നൽകുന്നില്ല. തങ്ങളുടെ ഗുണഭോക്താക്കളായ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരമുള്ള വിദ്യഭ്യാസവും പരിശീലനവും, ഇതുമുഖേന രോഗികൾക്ക് സുരക്ഷിതവും ഫലപ്രദവുമായ ആരോഗ്യസംരക്ഷണവും നിർബന്ധമായും ലഭ്യമാക്കേണ്ടത് ആയതിനായി വിഭാവനം ചെയ്ത് രൂപകൽപ്പനചെയ്യപ്പെട്ട കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യവും ചുമതലയുമാണ്. പ്രസ്തുത ലക്ഷ്യത്തിലും ചുമതലയിലും നിന്നുള്ള ഗൗരവതരമായ വ്യതിചലനമാണ് ലാഘവത്തോടെ അഫിലിയേഷൻ നടപടികൾ കൈക്കൊള്ളുന്നതുമൂലം സംഭവിക്കുന്നത്.

## നഴ്സിംഗ് അഫിലിയേഷൻ- ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

നഴ്സിംഗ് കോളേജുകൾക്ക് 2017-18 വർഷത്തേയ്ക്ക് അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ (സ്യൂട്ട് ഫയൽ), ഇൻസ്പെക്ഷൻ റിപ്പോർട്ട്, റീ-ഇൻസ്പെക്ഷൻ റിപ്പോർട്ട്, സ്ക്രൂട്ടിനി റിപ്പോർട്ട് എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ നൽകുന്നു.

### അ). മാതൃ ആശുപത്രിയിലെ total bed strength ൽ ഉള്ള വ്യത്യാസം

അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതിനായി ഇൻസ്പെക്ഷനും റീ - ഇൻസ്പെക്ഷനും നടത്തേണ്ടി വന്ന നഴ്സിംഗ് കോളേജുകളുടെ മാതൃ ആശുപത്രിയിലെ "total bed strength" ൽ ക്രമാനുഗതമായി കുറവ് വന്നു കാണുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ നൽകുന്നു.

#### i) രുഗ്മിണി കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം

രുഗ്മിണി കോളേജ് ഓഫ് നഴ്സിംഗിന്റെ ബി.എസ്.സി.നഴ്സിംഗ് കോഴ്സിനും പോസ്റ്റ് ബേസിക് ബി.എസ്.സി.നഴ്സിംഗ് കോഴ്സിനുമുള്ള അഫിലിയേഷൻ തുടർച്ചാനുമതിയ്ക്കായുള്ള അപേക്ഷകളിൽ മാതൃ ആശുപത്രിയിലെ total bed strength 340 എന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത്. Total bed strength രേഖപ്പെടുത്തുന്നതിലെ കുറവും ഇതു മൂലം IP ശതമാനത്തിലുണ്ടായ വർദ്ധനവും താഴെ നൽകുന്നു.

**പട്ടിക 5**

| റിപ്പോർട്ട്/തീയതി | പരിശോധനാ ദിവസത്തെ ആകെ കിടക്കകളുടെ എണ്ണം | പരിശോധനാ സമയത്തെ ആകെ കിടപ്പുരോഗികളുടെ എണ്ണം | IP % |
|---|---|---|---|
| ഇൻസ്പെക്ഷൻ റിപ്പോർട്ട്/ 18.03.2017 | 335 | 55 | 16% (55/335x100) |
| സ്ക്രൂട്ടിനി റിപ്പോർട്ട്/ 25.05.2017 | 327 | 55 | 18% (55/300x100) (ആകെ കിടക്കകളുടെ എണ്ണം 300 ആയി നിജപ്പെടുത്തി സർവ്വകലാശാല IP കണക്കാക്കിയിരിക്കുന്നു) |
| റീ ഇൻസ്പെക്ഷൻ റിപ്പോർട്ട്/10.11.2017 | 200 | 120 | 60%(120/200x100) |
| സ്ക്രൂട്ടിനി റിപ്പോർട്ട്/ 14.11.2017 | 200 | 120 | 60%(120/200x100) |

ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം. 40/17-18 തീയതി 13.12.2018) " മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് കണക്കാക്കിയാണ് 335 കിടക്കകളുള്ള ആശുപത്രി നടത്തിയിരുന്നതെന്നും എന്നാൽ പിന്നീട് നഴ്സിംഗ് കോളേജ്

മാത്രമായതിനാലാണ് ടി ആശുപത്രിയുടെ കിടക്കകളുടെ എണ്ണം 200 ആയി കുറച്ചതെന്നും കോളേജധികൃതർ വ്യക്തമാക്കിയിട്ടുണ്ട്, ഇൻസ്പെക്ഷൻ ദിവസമായ 18.03.2017 ൽ കോളേജിൽ ആകെ 335 കിടക്കകളാണുണ്ടായിരുന്നത്. എന്നാൽ 10.11.2017 ൽ റീ-ഇൻസ്പെക്ഷൻ നടത്തിയ വേളയിൽ കിടക്കകളുടെ എണ്ണം മാതൃ ആശുപത്രിയിൽ 200 ആയി കുറച്ചിരുന്നു. അതിനാലാണ് രണ്ട് പരിശോധനാ റിപ്പോർട്ടുകളിലേയും മാതൃ ആശുപത്രിയിലെ കിടക്കകളുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടുള്ളത് , രുഗ്മിണി കോളേജ് ഓഫ് നഴ്സിംഗിന് 10.11.2017 ൽ നടത്തിയ റീ -ഇൻസ്പെക്ഷൻ പ്രകാരം 120 കിടപ്പുരോഗികൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. കോളേജിന്റെ മാതൃ ആശുപത്രിയിൽ 18.03.2017 ൽ ഇൻസ്പെക്ഷൻ നടത്തിയപ്പോൾ ഉണ്ടായിരുന്ന 335 കിടക്കകൾ 10.11.2017 ൽ നടത്തിയ റീ -ഇൻസ്പെക്ഷൻ സമയത്തും ഉണ്ടായിരുന്നു എന്ന് കണക്കാക്കിയാൽ പോലും കിടപ്പുരോഗികളുടെ എണ്ണം 35 ശതമാനമുണ്ടെന്ന് കണക്കാക്കാവുന്നതാണ് " എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

## ii) ഇന്ദിരാഗാന്ധി കോളേജ് ഓഫ് നേഴ്സിംഗ്, കൊച്ചി

ഇന്ദിരാഗാന്ധി കോളേജ് ഓഫ് നേഴ്സിംഗിന്റെ ആകെ കിടക്കകളുടെ എണ്ണം 255 ആണ്.(എൻക്വയറി നം.29/30.11.2018 നുള്ള മറുപടി). ഈ കോളേജിന്റെ ഇൻസ്പെക്ഷൻ,റീ-ഇൻസ്പെക്ഷൻ റിപ്പോർട്ട്, സ്ക്രൂട്ടിനി റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ Total bed strength വ്യത്യസ്തമായി രേഖപ്പെടുത്തി കാണുന്നു.

**പട്ടിക 6**

| റിപ്പോർട്ട്/തീയതി | പരിശോധനാ ദിവസത്തെ ആകെ കിടക്കകളുടെ എണ്ണം | പരിശോധനാ സമയത്തെ ആകെ കിടപ്പുരോഗികളുടെ എണ്ണം | IP % |
|---|---|---|---|
| ഇൻസ്പെക്ഷൻ റിപ്പോർട്ട്/10.01.2017 | 255 | 23 | 9% |
| സ്ക്രൂട്ടിനി റിപ്പോർട്ട്/ 02.02.2017 | 250 | 23 | 9.2% |
| റീ-ഇൻസ്പെക്ഷൻ റിപ്പോർട്ട്/10.11.2017 | 166 | 35 | 21% |

| | | | |
|---|---|---|---|
| സ്ക്രൂട്ടിനി റിപ്പോർട്ട്/ 14.11.2017 | 166 | 36 | 21.08% |

ഈ ന്യൂനതയുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.40/13.12.2018) സർവ്വകലാശാല നൽകിയ മറുപടി താഴെ നൽകുന്നു.

" ഇന്ദിരാഗാന്ധി കോളേജ് ഓഫ് നഴ്സിംഗിന് 2017-18 വർഷം അനുവദിച്ചത് 40 സീറ്റുകളായിരുന്നു. മാതൃ/അഫിലിയേറ്റഡ് ആശുപത്രികളിൽ 120 കിടക്കകളാണ് ആവശ്യമായി വരുന്നത്, എന്നാൽ 14.11.2017 ലെ റീ-ഇൻസ്പെക്ഷൻ സമയത്ത് കോളേജിൽ 166 കിടക്കകൾ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് . റീ-ഇൻസ്പെക്ഷൻ സമയത്ത് കോളേജിൽ നിർമ്മാണ പ്രവൃത്തികൾ നടക്കുന്നതായി അധികൃതർ അറിയിച്ചിരുന്നു . ' ഇന്ദിരാഗാന്ധി കോളേജ് ഓഫ് നഴ്സിംഗിൽ 2017-18 വർഷം ബി.എസ്.സി.നഴ്സിംഗ് കോഴ്സിന് അനുവദിച്ച 40 സീറ്റിന് ആനുപാതികമായ കിടപ്പുരോഗികളുടെ എണ്ണം റീ -ഇൻസ്പെക്ഷൻ സമയത്തുണ്ടായിരുന്നു എന്നത് കണക്കിലെടുത്തും സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ അഫിലിയേഷൻ നൽകുന്നതിനായി മാതൃ ആശുപത്രിയിലെ കിടപ്പുരോഗികളുടെ എണ്ണത്തിന്റെ ശതമാനം സംബന്ധിച്ച് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ചാണ് കോളേജിന് സീറ്റ് അനുവദിച്ചിട്ടുള്ളത് " .

INC വ്യവസ്ഥകൾ പ്രകാരം 40 സീറ്റുകളുള്ള ഒരു നഴ്സിംഗ് കോളേജനുവദിക്കുന്നതിന് 100 കിടക്കകളുള്ള മാതൃ ആശുപത്രി ഉണ്ടായിരിക്കേണ്ടതാണ് . ഒപ്പം 1:3 student patient ratio പാലിക്കേണ്ടതും ഉണ്ട്(അഫിലിയേറ്റഡ് കോളേജുകളുടേതുൾപ്പെടെ). KUHS വ്യവസ്ഥകൾ (U.O.No.677/ACD/2013/KUHS Dated 05.03.2015) പ്രകാരം ഒരു നഴ്സിംഗ് കോളേജ് അനുവദിക്കുന്നതിന് 300 കിടക്കകളുള്ള മാതൃആശുപത്രി ഉണ്ടായിരിക്കേണ്ടതുണ്ട്. എന്നാൽ നിലവിൽ 340, 250 കിടക്കകളുള്ള നഴ്സിംഗ് കോളേജുകൾക്ക് 2017-18 അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതിനായി മാതൃ ആശുപത്രിയിലെ ആകെ കിടക്കകളുടെ എണ്ണം അനുവദിക്കുന്ന സീറ്റിന് ആനുപാതികമായി കുറവ് ചെയ്യാമെന്ന വ്യവസ്ഥ സർവ്വകലാശാലയുടെ അഫലിയേഷൻ വ്യവസ്ഥകളിൽ കാണുന്നുമില്ല. കൂടാതെ total bed strength കുറച്ചുകൊണ്ട് IP വർദ്ധിപ്പിക്കാമെന്നുള്ള ഈ സമവാക്യം എല്ലാ നഴ്സിംഗ് കോളേജുകൾക്കും അനുവദിച്ചുനൽകിയിട്ടുമില്ല. ഇത്തരം ഇളവ് അനുവദിച്ചതിന് സർവ്വകലാശാല നിയമത്തിനെ അടിസ്ഥാനമാക്കിയുള്ള GC തീരുമാനവും ഇല്ല(കോളേജിന് അഫിലിയേഷൻ തുടർച്ചാനുമതി നൽകിയിട്ടുള്ള GC തീരുമാനമേയുള്ളൂ).

കൂടാതെ ഇന്ദിരാഗാന്ധി കോളേജ് ഓഫ് നഴ്സിംഗിന് 2017-18 വർഷം അനുവദിച്ച 40 സീറ്റിന് (Bsc Nursing) ആനുപാതികമായ കിടപ്പുരോഗികളുടെ എണ്ണം (40*3=120 കിടപ്പുരോഗികൾ) റീ-ഇൻസ്പെക്ഷൻ സമയത്തുണ്ടായിരുന്നു എന്ന് എൻക്വയറിയുടെ മറുപടിയിൽ പറയുന്നുണ്ടെങ്കിലും റീ-ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ 35-ഉം സ്ക്രൂട്ടിനി റിപ്പോർട്ടിൽ 36-ഉം കിടപ്പുരോഗികൾ മാത്രമേ പരിശോധനാ സമയത്ത് ഉള്ളൂ . ഈ കോളേജിന്റെ റീ-ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ "deficiencies" എന്ന ഭാഗത്തിലെ ക്ലിനിക്കൽ ഫെസിലിറ്റീസ് (ക്രമ നം.5) ൽ "clinical facilities are not at all adequate in the parent hospital for the clinical experience of the students and for the conduct of University Practical Examinations. Only 166 beds are available on verification ( against 250 beds reported). The bed occupancy on the day of inspection was 21.08% (36/166)" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും അനുവദിച്ച 40 നഴ്സിംഗ് സീറ്റിന് 120 കിടക്കകളാണ് ആവശ്യമായി വരുന്നത്, എന്നാൽ പുന പരിശോധനാ സമയത്ത് 166 കിടക്കകൾ ഉണ്ടായിരുന്നു എന്ന വിശദീകരണം സർവ്വകലാശാല നൽകിയിരിക്കുന്നു. പരിശോധനാ സമയത്ത് 36 കിടപ്പുരോഗികൾ മാത്രമുള്ള ഈ കോളേജിന് 40 BSc നഴ്സിംഗ് സീറ്റുകൾ അനുവദിച്ചിരിക്കുന്നു.

## ആ) ഇൻസ്പെക്ഷൻ റിപ്പോർട്ട്- സ്ക്രൂട്ടിനി റിപ്പോർട്ട്-അപാകതകൾ

അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതിനായി നഴ്സിംഗ് കോളേജുകളിൽ നേരിട്ട് പരിശോധന നടത്തി തയ്യാറാക്കുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായ വിവരങ്ങൾ ആയത് പരിശോധിച്ച് തയ്യാറാക്കുന്ന സ്ക്രൂട്ടിനി റിപ്പോർട്ടിൽ കാണുന്നു . ഇൻസ്പെക്ഷൻ റിപ്പോർട്ടിലും സ്ക്രൂട്ടിനി റിപ്പോർട്ടിലും " total bed strength, occupancy on the day of inspection , IP, IP % എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിലുള്ള വ്യത്യാസങ്ങൾക്ക് ഏതാനും ഉദാഹരണങ്ങൾ താഴെ നൽകുന്നു.

**പട്ടിക 7**

| ക്രമ നം. | കോളേജിന്റെ പേര് | കോളേജിന്റെ അഫിലിയേഷൻ തുടർച്ചാനുമതിയ്ക്കായുള്ള അപേക്ഷാ പ്രകാരം 'ആകെ കിടക്കകൾ ' | ഇൻസ്പെക്ഷൻ റിപ്പോർട്ട് | | സ്ക്രൂട്ടിനി റിപ്പോർട്ട് | | |
|---|---|---|---|---|---|---|---|
| | | | ആകെ കിടക്കകൾ | ആകെ കിടപ്പ രോഗികൾ | ആകെ കിടക്കകൾ | ആകെ കിടപ്പുരോഗികൾ | IP % |
| 1 | BCF CON,Vaikom | ലഭ്യമല്ല | 227 | 130 | 205 | 130 | 63 % |
| 2 | Malik Deenar CON, Kasaragod | 200 | 116 | 51 | 114 | രേഖപ്പെടുത്തിയിട്ടില്ല | 52 % |
| 3 | Lakshmi Megan CON, Kanhangad | 300 | 148 | 96 | 150 | രേഖപ്പെടുത്തിയിട്ടില്ല | 64% |
| 4 | Thiruhrudaya CON, Kottayam | 300 | 300 | രേഖപ്പെടുത്തിയിട്ടില്ല | 300 | 220 | 73.30 % |
| 5 | Almas CON, Malappuram | ലഭ്യമല്ല | 457 | 192 | 457 | 196 | 43 % |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | SH CON, Cherthala | 350 | 350 | 103 (Occupancy കറക്ഷൻ പേന ഉപയോഗിച്ച് തിരുത്തിയിട്ടുണ്ട്) | 250 | 103 | 41.2 % |
| 7 | MIMS CON | 703 | 703 | 252 | 252 | രേഖപ്പെടുത്തിയിട്ടില്ല | 50 % |
| 8 | Poyanil CON | ലഭ്യമല്ല | 200 | 58<br><br>(Occupancy കറക്ഷൻ പേന ഉപയോഗിച്ച് തിരുത്തിയിട്ടുണ്ട്) | 200 | 58 | 29 % |
| 9 | Little Flower CON | ലഭ്യമല്ല | 214 | 249<br><br>(Total Bed Strength നേക്കാൾ കൂടുതൽ കിടപ്പുരോഗികൾ) | 214 | 113 | 52.8 % |
| 10 | St.Thomas CON, Kattanam | 200 | 245 | 131 | 245 | 141 | 57 % |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | Najath CON | 200 | 200 | 104 | 300 | 104 | 34.6 % |
| 12 | Co-operative CON, TVPM | 317 | 337 | ശതമാനാടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു | 340 | രേഖപ്പെടുത്തിയിട്ടില്ല | 65 % |
| 13 | St.Johns CON, Kattappana | ലഭ്യമല്ല | 360 | 264 | 360 | 184 | 52 % |
| 14 | Nirmala CON | ലഭ്യമല്ല | 300 | 137 | 290 | 106 | 36.5 % |
| 15 | Snehodaya CON | 250 | 250 | 147 | 250 | 144 | 57.6 % |
| 16 | Al Shifa CON | ലഭ്യമല്ല | 475 | 354 | 475 | 305 | 64 % |

ഇത്തരത്തിലുള്ള വ്യത്യാസങ്ങൾക്ക് വിശദീകരണം ചോദിച്ചുകൊണ്ടുള്ള എൻക്വയറിയ്ക്ക് (എൻക്വയറി നം.40/13.12.2018) "കോളേജിന് അനുവദിച്ച സീറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി മാതൃ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം കണക്കാക്കിയാണ് സ്ക്രൂട്ടിനികമ്മിറ്റി സ്ക്രൂട്ടിനി റിപ്പോർട്ടിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളത്, പലപ്പോഴും സ്ക്രൂട്ടിനി കമ്മിറ്റി മാതൃ ആശുപത്രിയിലെ ചില സ്പെഷ്യാലിറ്റിയിലുള്ള രോഗികളെ IP strength ൽ ഉൾപ്പെടുത്താറില്ല , തൻമൂലമാണ് കിടക്കകളുടെ എണ്ണത്തിലും വ്യത്യാസം വന്നിട്ടുള്ളത്" എന്ന ഒറ്റ വാചകത്തിലുള്ള മറുപടിയാണ് സർവ്വകലാശാല നൽകിയിട്ടുള്ളത്.

ഇത് കൂടാതെ താഴെ ചേർത്തിരിക്കുന്ന മറ്റ് അപാകതകളും പരിശോധനയിൽ കണ്ടു.

i) എസ്.എച്ച്.നഴ്സിംഗ് കോളേജിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ occupancy on the day of inspection ൽ വരുത്തിയിരിക്കുന്ന തിരുത്തലുകൾ പരിശോധിച്ച ഉദ്യോഗസ്ഥർ ആധികാരികമാക്കിയിട്ടില്ല.

ii) പൊയ്യാനിൽ നഴ്സിംഗ് കോളേജിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ occupancy on the day of inspection ൽ ആദ്യം രേഖപ്പെടുത്തിയത് കറക്ഷൻ പെൻ ഉപയോഗിച്ച് തിരുത്തി പകരം പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു. ഈ പെൻസിൽ കൊണ്ട് രേഖപ്പെടുത്തിയ occupancy ഉപയോഗിച്ചാണ് സ്ക്രൂട്ടിനി റിപ്പോർട്ടിലെ IP ശതമാനം കണക്കാക്കിയിരിക്കുന്നത്. ഈ തിരുത്തലുകൾ പരിശോധിച്ച ഉദ്യോഗസ്ഥർ ആധികാരികമാക്കിയിട്ടുമില്ല. ഈ അപാകതകൾക്ക് "ഇൻസ്പെക്ഷൻ റിപ്പോർട്ടുകളിലേയും സ്ക്രൂട്ടിനി കമ്മിറ്റി റിപ്പോർട്ടിലേയും തിരുത്തലുകൾ ആധികാരികമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്" എന്ന മറുപടിയാണ് സർവ്വകലാശാല നൽ കിയിരിക്കുന്നത്.

iii) തിരുഹൃദയ നഴ്സിംഗ് കോളേജിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ " occupancy on the day of inspection" ൽ കിടപ്പുരോഗികളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല . സ്ക്രൂട്ടിനി റിപ്പോർട്ടിൽ പെൻസിൽ ഉപയോഗിച്ച് കിടപ്പുരോഗികളുടെ എണ്ണം 220 എന്ന് രേഖപ്പെടുത്തി IP 73.3% എന്ന് കാണിച്ചിരിക്കുന്നു. ഇപ്രകാരം ഇൻസ്പെക്ഷൻ റിപ്പോർട്ടിലില്ലാത്ത occupancy സ്ക്രൂട്ടിനി റിപ്പോർട്ടിൽ രേഖപ്പെടുത്തിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ടുള്ള എൻക്വയറിയ്ക്ക് (എൻക്വയറി നം.40/17-18 തീയതി 13.12.2018) " തിരുഹൃദയ നഴ്സിംഗ് കോളേജിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ബന്ധപ്പെട്ട ഇൻസ്പെക്ഷൻ പ്രൊഫോർമയിലെ മാതൃ ആശുപത്രിയിലെ ക്ലിനിക്കൽ ഫെസിലിറ്റീസ് എന്ന പേജ് റിപ്പോർട്ട് സമർപ്പിക്കുന്ന വേളയിൽ ഉൾ ക്കൊള്ളിക്കുന്നതിന് വിട്ടുപോകുകയും, ആയത് ഇൻസ്പെക്ഷൻ കമ്മീഷൻ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പ് ഓൺലൈനായി അയച്ചുതരുകയും ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ചതിൻപ്രകാരമാണ് സ്ക്രൂട്ടിനി കമ്മിറ്റി കിടപ്പുരോഗികളുടെ എണ്ണം 220 എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്" എന്ന മറുപടിയാണ് സർവ്വകലാശാല നൽകിയത്.

എന്നാൽ പരിശോധനയ്ക്കായി സർവ്വകലാശാല ഓഡിറ്റിന് നൽകിയ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ മാതൃ ആശുപത്രിയിലെ ക്ലിനിക്കൽ ഫെസിലിറ്റീസ് എന്ന പേജ് ഉൾപ്പെട്ടിട്ടുണ്ട് എന്ന് മാത്രമല്ല ഈപേജിൽ " occupancy on the day of inspection" ഒഴികെ ബാക്കി എല്ലാ വിവരങ്ങളും ചേർത്തിട്ടുമുണ്ട്. 08.02.2017 ലെ സ്ക്രൂട്ടിനി കമ്മിറ്റി മീറ്റിംഗിനു മുമ്പായി " വിട്ടുപോയ പ്രസ്തുത പേജ്" ഓൺലൈനായി അയച്ചുതന്നിട്ടുണ്ട് എന്ന് സർവ്വകലാശാല മറുപടി പറയുന്നുണ്ടെങ്കിലും ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം ലഭ്യമാക്കിയ ഓൺലൈൻ

പേജിന്റെ പകർപ്പിൽ ഈ പേജ് ഇ .മെയിൽ മുഖേന സർവ്വകലാശാലയ്ക്ക് ലഭ്യമായ തീയതി 23.03.2017 ആണ്. കൂടാതെ സ്ക്രൂട്ടിനി കമ്മിറ്റി മിനിട്സിൽ " IP on the day of inspection is not mentioned in the report" എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഇൻസ്പെക്ഷൻ ടീം പരിശോധന നടത്തിയ ദിവസത്തെ മാത്ര ആശുപത്രിയിലെ കിടപ്പുരോഗികളുടെ എണ്ണം രേഖപ്പെടുത്താത്ത ഇൻസ്പെക്ഷൻ റിപ്പോർട്ടാണ് സ്ക്രൂട്ടിനിയ്ക്ക് ലഭ്യമായത് എന്നും, സ്ക്രൂട്ടിനി മിനിറ്റ്സ് തയ്യാറാക്കി 43 ദിവസം കഴിഞ്ഞാണ് ഇമെയിൽ മുഖേന മറുപടി ലഭ്യമായത് എന്നും വ്യക്തമാണ്. ഈ വിഷയത്തിൽ സർവ്വകലാശാലയുടെ നടപടിക്രമങ്ങളും ഓഡിറ്റിന് നൽകിയ മറുപടിയും തമ്മിൽ വൈരുദ്ധ്യമുണ്ട്. (ഇൻസ്പെക്ഷൻ റിപ്പോർട്ടും സ്ക്രൂട്ടിനി റിപ്പോർട്ടും അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്)

അഫിലിയേറ്റഡ് കോളേജുകളിൽ സർവ്വകലാശാല അനുശാസിക്കുന്ന വിധത്തിലുള്ള ബോധനവും, അധ്യാപനവും, പരിശീലനവും അധ്യയനകാലം മുഴുവൻ തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സർവ്വകലാശാലയുടെ പരിശോധനാ സംവിധാനത്തിൽ കണ്ടുവരുന്ന ആശാസ്യമല്ലാത്ത ഇത്തരം പ്രവണതകളും വൈരുദ്ധ്യങ്ങളും സർവ്വകലാശാലയുടെ അഫിലിയേഷൻ നടപടിക്രമങ്ങളുടെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്നു.

## (2.3.2) ഡെന്റൽ കോളേജുകൾ – ഇൻസ്പെക്ഷൻ, റീ-ഇൻസ്പെക്ഷൻ, സ്ക്രൂട്ടിനി റിപ്പോർട്ടുകൾ- നടപടി ക്രമങ്ങളിലെ അപാകതകൾ

അഫിലിയേഷൻ തുടർച്ചാനുമതി നടപടികളുമായി ബന്ധപ്പെട്ട സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ നിലവിലുള്ള നിയമം , സ്റ്റാറ്റ്യൂട്ട്, സർവ്വകലാശാലാ ഉത്തരവുകൾ എന്നിവയനുസരിച്ചാണ്.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമവും , ആദ്യ സ്റ്റാറ്റ്യൂട്ടും കോളേജുകളുടെ അഫിലിയേഷൻ നടപടികൾക്കായി ഗവേണിംഗ് കൗൺസിലിന് അനുവദിച്ചു നൽകിയിട്ടുള്ള അധികാരങ്ങളുടെ പിൻബലത്തോടെ പ്രൊവിഷണ അഫിലിയേഷൻ തുടർച്ചാനുമതിക്കായുള്ള നടപടിക്രമങ്ങൾ സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്.

അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, MCI, INC,DCI - റെഗുലേഷനുകൾ എന്നിവ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഇൻസ്പെക്ഷൻ പ്രോഫോർമകളും സർവ്വകലാശാല ഉത്തരവുകളുമാണ് മാനദണ്ഡമാക്കുന്നത്. ഇതു പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിൽ ഉണ്ടായിരിക്കേണ്ട minimum standards (ഫാക്കൽറ്റികളുടെ എണ്ണം ,

കിടപ്പുരോഗികളുടെ എണ്ണം തുടങ്ങിയവ) നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കാതെ അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതായി കാണുന്നു.

2017-18 വർഷത്തെ ഡെന്റൽ കോളേജ് അഫിലിയേഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ, അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതിൽ സർവ്വകലാശാല അംഗീകരിച്ച നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

## അ. ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ സ്ക്രൂട്ടിനി ചെയ്യുന്നത് വ്യവസ്ഥാപിതമല്ല.

അഫിലിയേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏകീകരിച്ചുകൊണ്ടുള്ള സർവ്വകലാശാല ഉത്തരവ് 2022/ACH/2015/KUHS തീയതി 16.05.2015 പ്രകാരമാണ് നിലവിൽ സ്ക്രൂട്ടിനി കമ്മിറ്റിയെ നിയോഗിക്കുന്നത്. സർവ്വകലാശാല ഉത്തരവ് അനുബന്ധം 2 ആയി ചേർക്കുന്നു. മേൽ ഉത്തരവ് പ്രകാരം മൂന്നംഗ സമിതിയാണ് റിപ്പോർട്ടുകൾ പരിശോധിക്കേണ്ടത് എന്ന് പറയുന്നു. ഒരു ഡീനും 2 പ്രിൻസിപ്പാളുമാരും (ഒരാൾ ഗവൺമെന്റ് മേഖലയിൽ നിന്നുള്ളതായിരിക്കണം) ഉൾപ്പെടെ മൂന്നു പേരടങ്ങുന്നതാണ് സമിതി . എന്നാൽ 2017-18 ൽ പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതിനായി ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ പരിശോധിച്ച് തീരുമാനങ്ങൾ കൈകൊണ്ടിട്ടുള്ളത് രണ്ടംഗ സമിതിയാണ് . മാത്രമല്ല അതിൽ ഗവ. മേഖലയിൽ നിന്നുള്ള പരിശോധകനുമില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.32/17-18,04.12.2018) 2017-18 വർഷം 4 സ്ക്രൂട്ടിനി കമ്മിറ്റി യോഗങ്ങൾ മാത്രമാണ് 2 അംഗങ്ങൾ മാത്രമായി യോഗം ചേർന്നിട്ടുള്ളത് എന്നും സ്ക്രൂട്ടിനി കമ്മിറ്റി അംഗങ്ങൾ യോഗദിവസം രാവിലെ മാത്രമാണ് അസൗകര്യം അറിയിക്കുന്നത് എന്നുമാണ്. 2017-18 ൽ അഫിലിയേഷൻ തുടർച്ചാനുമതി നല്കിയിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിൻമേലും തീരുമാനം കൈക്കൊണ്ടിട്ടുള്ളത് ഈ 4 യോഗങ്ങളിലാണ് എന്നതു ശ്രദ്ധേയമാണ്.

## ആ. റീ ഇൻസ്പെക്ഷനു പകരം സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുന്നു.

"നിബന്ധനകളോടെ അഫിലിയേഷൻ തുടർച്ച " (Conditional Pro. Affiliation) അനുവദിക്കുന്നതിന് മുമ്പായി, കോളേജുകൾ സമർപ്പിക്കുന്ന കംപ്ലയിൻസ് റിപ്പോർട്ടിൻമേൽ തുടർപരിശോധന നടത്തുന്നത് ആദ്യ കമ്മിറ്റി തന്നെയായിരിക്കണം" എന്ന് സർവ്വകലാശാല അംഗീകരിച്ച മേൽ ഉത്തരവിൽ പറയുന്നു . എന്നാൽ കോളേജുകളുടെ മറുപടിയിൻമേൽ രണ്ടാമതും ഇൻസ്പെക്ഷൻ ആവശ്യമായി വരുന്ന സന്ദർഭത്തിൽ മറ്റൊരു ഇൻസ്പെക്ഷൻ കമ്മിറ്റിയെ നിയമിച്ച് സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുകയാണ് ചെയ്യുന്നത് .

അടിയന്തിരമായി ഇൻസ്പെക്ഷൻ നടത്തേണ്ടി വന്നതിനാലും ഇൻസ്പെക്ടർമാർ അസൗകര്യം അറിയിച്ചതിനാലുമാണ് കമ്മിറ്റിയെ പുനർനിയമിച്ച് ഇൻസ്പെക്ഷൻ നടത്തേണ്ടി വന്നത് എന്നാണ് ഇക്കാര്യത്തിൽ സർവ്വകലാശാല മറുപടി നല്കിയിട്ടുള്ളത്.

അഫിലിയേഷൻ സ്യൂട്ട് ഫയൽ പരിശോധിച്ചതിൽ ആദ്യ ഇൻസ്പെക്ഷൻ കമ്മിറ്റിയോട് തുടർ പരിശോധന ആവശ്യപ്പെട്ടതായോ അവർ അസൗകര്യം അറിയിച്ചതായോ രേഖകളില്ല . പകരം സ്ക്രൂട്ടിനി കമ്മിറ്റി രണ്ടാമതും ഇൻസ്പെക്ഷൻ നടത്താൻ ശുപാർശ ചെയ്തപ്പോൾ തന്നെ ആദ്യ കമ്മിറ്റിയെ മാറ്റി നിയമിക്കുകയാണുണ്ടായിട്ടുള്ളതെന്ന് കാണുന്നു.

സർവ്വകലാശാല അംഗീകരിച്ച നടപടിക്രമങ്ങളിൽ നിന്നും മാറി മതിയായ കാരണങ്ങളില്ലാതെ ഇൻസ്പെക്ഷൻ കമ്മിറ്റിയെ മാറ്റി നിയമിച്ചതിന് നല്കിയ വിശദീകരണം തൃപ്തികരമല്ല.

## ഇ. KMCT ഡെന്റൽ കോളേജ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ അഫിലിയേഷൻ തുടർച്ചാനുമതി അംഗീകാരവുമായി ബന്ധപ്പെട്ട നടപടികൾ ക്രമപ്രകാരമല്ല.

KMCT ഡെന്റൽ കോളേജിലെ അഫിലിയേഷൻ തുടർച്ചാനുമതിക്കായുള്ള ഇൻസ്പെക്ഷൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത് **01.02.2017** ലും ഈ റിപ്പോർട്ട് സ്ക്രൂട്ടിനി കമ്മിറ്റി പരിശോധിച്ച് അഫിലിയേഷൻ തുടർച്ചാനുമതിക്ക് ശുപാർശ ചെയ്തത് **07.07.2017** ലെ മീറ്റിംഗിലുമാണ്. എന്നാൽ അഫിലിയേഷൻ തുടർച്ചാനുമതി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളത് **12.06.2017** ലെ (39-ാമത് ജി.സി.39.23) തീരുമാനപ്രകാരവും ആണ്. അതായത് സ്ക്രൂട്ടിനി കമ്മിറ്റി ശുപാർശയ്ക്ക് മുമ്പെ ഈ കോളേജിന്റെ അഫിലിയേഷൻ തുടർച്ചാനുമതി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്.

22.03.2017 ലെ സ്ക്രൂട്ടിനി കമ്മിറ്റി മേൽ കോളേജിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ട് സ്ക്രൂട്ടിനി നടത്തിയിരുന്നു. അതിൻപ്രകാരം മറ്റെല്ലാ സൗകര്യങ്ങളും ലഭ്യമായിട്ടുള്ള കോളേജിനെതിരെ സെൻട്രലൈസ്ഡ് വാല്യുവേഷൻ ക്യാമ്പിലേക്ക് വേണ്ടത്ര മൂല്യ നിർണ്ണയക്കാരെ അനുവദിക്കാത്തതിന് നടപടിയെടുക്കണമെന്ന സ്ക്രൂട്ടിനി കമ്മിറ്റി ശുപാർശയിൻമേൽ , ആയത് പരിശോധിച്ച് അപാകതയില്ല എന്ന് പരീക്ഷ കൺട്രോളറിൽ നിന്നും ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമാണ് അഫിലിയേഷൻ തുടർച്ച അനുവദിച്ചിട്ടുള്ളത് എന്നാണ് സർവ്വകലാശാല മറുപടി നല്കിയിട്ടുള്ളത്. KMCT ഡെന്റൽ കോളേജിന് അഫിലിയേഷൻ തുടർച്ച അനുവദിക്കുന്നതിനു പരിശോധനയിൽ അപാകതകളൊന്നും കണ്ടെത്തിയിട്ടില്ലയെങ്കിലും

അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ചുകൊണ്ട് ഗവേണിംഗ് കൗൺസിൽ തീരുമാനം കൈക്കൊണ്ടതിനു ശേഷമാണ് ബന്ധപ്പെട്ട സ്ക്രൂട്ടിനി കമ്മിറ്റിയെ വിവരം അറിയിച്ചിട്ടുള്ളത്. അഫിലിയേഷൻ തുടർച്ച നല്കുന്നതിനായി സർവ്വകലാശാല അംഗീകരിച്ച നടപടിക്രമങ്ങൾ പാലിക്കുന്നതിന് സർവ്വകലാശാല അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു .

## (2.3.3) പാരാമെഡിക്കൽ കോഴ്സ് – അഫിലിയേഷൻ നടപടികൾ ക്രമവിരുദ്ധം.

2017-18 ൽ ബി .എസ്.സി.എം.എൽ.ടി.കോഴ്സിന് പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ചാനുമതിയ്ക്ക് അപേക്ഷിച്ചിട്ടുള്ള താഴെ പറയുന്ന കോളേജുകളിലെ ഇൻസ്പെക്ഷനിൽ ഫാക്കൽറ്റിയുടെ കുറവ് കണ്ടെത്തിയതായി ബന്ധപ്പെട്ട സ്ക്രൂട്ടിനി കമ്മിറ്റി റിപ്പോർട്ട് ചെയ്തിരുന്നു. രണ്ട് തവണകളിലായി നടത്തിയ സ്ക്രൂട്ടിനി കമ്മിറ്റി മീറ്റിംഗുകളിലും കോളേജിൽ നിന്നും കംപ്ലയിൻസ് റിപ്പോർട്ട് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ കോളേജുകൾ കംപ്ലയിൻസ് റിപ്പോർട്ട് നൽകി സ്ക്രൂട്ടിനി കമ്മിറ്റി പരിശോധനാ വിധേയമാക്കുന്നതിന് മുമ്പായി തന്നെ പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ച അംഗീകരിച്ച് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കോളേജിന്റെ പേര് | സ്ക്രൂട്ടിനി കമ്മിറ്റി റിപ്പോർട്ട് തീയതി | Continuation of Affiliation അംഗീകരിച്ചതിന്റെ വിവരം | കംപ്ലയിൻസ് റിപ്പോർട്ട് ലഭ്യമായതിന്റെയും സ്ക്രൂട്ടിനി കമ്മിറ്റി യോഗത്തിന്റെയും വിവരങ്ങൾ | കണ്ടീഷനൽ Continuation of Affiliation അംഗീകരിച്ച തീയതി |
|---|---|---|---|---|---|
| 1 | മദർ കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസ്, തൃശ്ശൂർ | 20.02.2017, 19.05.2017 | 12.06.17 (39 -ാംമത് GC) 39.23 തീരുമാനം | പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഫൈനൽ സ്ക്രൂട്ടിനി 06.07.2017 ൽ നടന്നതായി സ്യൂട്ട് ഫയൽ നോട്സിൽ പറയുന്നു. ഓരോ വിഷയത്തിലും 3 തരം ഫാക്കൽറ്റികളെ നിയമിക്കുമെന്ന് ഡിക്ലറേഷൻ സമർ | 24.07.2017 (40-ാം മത്GC) 40.12 തീരുമാനം |

| | | | | | |
|---|---|---|---|---|---|
| | | | | പ്പിക്കാൻ കോളേജ് അധികാരികളോട് നിർ ദ്ദേശിക്കുന്നതിന് തീരുമാനിച്ചു | |
| 2 | ഹോളിക്രോസ ് കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ്, കൊല്ലം | 20.02.2017, 19.05.2017 | 12.06.17 (39-ാംമത് GC) 39.23 തീരുമാനം | 12.06.2017 ഓരോ വിഷയത്തിലും 4 തരം ഫാക്കൽറ്റികളെ നിയമിക്കുമെന്ന് ഡിക്ലറേഷൻ സമർ പ്പിക്കാൻ കോളേജ് അധികാരികളോട് നിർ ദ്ദേശിക്കുന്നതിന് തീരുമാനിച്ചു. | 24.07.2017 (40-ാം മത്GC) 40.12 തീരുമാനം |
| 3 | എം.ഇ.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്ക ൽ സയൻസ്, മലപ്പുറം | 20.02.2017, 19.05.2017 | 12.06.2017 (39-ാംമത് GC) 39.23 തീരുമാനം | 17.06.2017 ഓരോ വിഷയത്തിലും 3 തരം ഫാക്കൽറ്റികളെ നിയമിക്കുമെന്ന് ഡിക്ലറേഷൻ സമർ പ്പിക്കാൻ കോളേജ് അധികാരികളോട് നിർ ദ്ദേശിക്കുന്നതിന് തീരുമാനിച്ചു. | 24.07.2017 (40-ാം മത്GC) 40.12 തീരുമാനം |

മേൽ കോളേജുകളിലെ 2016-17 വർഷത്തേക്കുള്ള അഫിലിയേഷനുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷനിൽ കണ്ടെത്തിയിരുന്ന അപാകതകൾ 2017-18 അഫിലിയേഷൻ തുടർച്ചാനുമതിക്കായുള്ള പരിശോധനയിൽ പോലും പരിഹരിച്ചിട്ടില്ലാത്തതായി ഇൻസ്പെക്ഷൻ കമ്മിറ്റി കണ്ടെത്തിയിരുന്നു.

കോളേജുകളിൽ ഗൗരവമായ അപാകത നിലനിൽക്കെയാണ് അഫിലിയേഷൻ തുടർച്ചാനുമതിക്കായി രണ്ടാം സ്ക്രൂട്ടിനി കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളതും 39-ാമത് ഗവേണിംഗ്

കൗൺസിലിൽ COA അംഗീകരിച്ചിട്ടുള്ളതും. തുടർന്ന് കോളേജുകളിൽ നിന്നും കംപ്ലയിൻസ് റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് കണ്ടീഷണൽ അഫിലിയേഷൻ നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ.36/17-18 തീയതി. 07.12.2018) കോളേജുകളിൽ നിന്നും 'ഡിക്ലറേഷൻ' സമർപ്പിക്കാത്തതായി ശ്രദ്ധയിൽ പ്പെട്ടതിനാൽ 39-ാമത് ഗവേണിംഗ് കൗൺസിൽ തീരുമാനം നടപ്പാക്കി ബഹു. വൈസ് ചാൻസലർ ഉത്തരവിറക്കിയില്ല എന്നും കോളേജുകൾ ഡിക്ലറേഷനും കംപ്ലയിൻസ് റിപ്പോർട്ടും സമർപ്പിച്ചതിനെ തുടർന്നു സ്ക്രൂട്ടിനി കമ്മിറ്റി ശുപാർശയിൽമേൽ 40-ാമത് ഗവേണിംഗ് കൗൺസിലിൽ 40.12 തീരുമാന പ്രകാരം കണ്ടീഷണൽ അഫിലിയേഷൻ നല്കാൻ തീരുമാനിക്കുകയായിരുന്നു എന്നുമാണ് സർവ്വകലാശാല മറുപടി നല്കിയിട്ടുള്ളത്.

എന്നാൽ 39-ാമത് ഗവേണിംഗ് കൗൺസിൽ മീറ്റിംഗിന്റെ പരിഹാര നടപടി റിപ്പോർട്ട് (Action taken report) 40-ാമത് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ മേൽ പരാമർശിക്കപ്പെട്ട കോളേജുകൾക്ക് പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ചാനുമതി ഇഷ്യൂ ചെയ്തതായാണ് പറയുന്നത്. സർവ്വകലാശാല അംഗീകരിച്ച നിലവിൽ അഫിലിയേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏകീകരിച്ചുകൊണ്ടുള്ള സർവ്വകലാശാല ഉത്തരവ് 2022/ACH/2015/KUHS തീയതി 16.05.2015 പ്രകാരം കോളജുകളിൽ പരിശോധന നടത്തി കണ്ടെത്തിയ ചെറിയ അപാകതകളിൻമേൽ കോളേജിൽ നിന്നും കംപ്ലയിൻസ് റിപ്പോർട്ട് വാങ്ങിയ ശേഷം അഫിലിയേഷൻ തുടർച്ച അനുവദിക്കാമെന്നും ഗവേണിംഗ് കൗൺസിലിന്റെ അഫിലിയേഷൻ സബ് കമ്മിറ്റി രേഖകൾ പരിശോധിച്ച് ഗവേണിംഗ് കൗൺസിലിന് സമർ പ്പിക്കേണ്ടതും തുടർന്ന് ഈ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് ഗവേണിംഗ് കൗൺസിൽ തീരുമാനം എടുക്കുന്നതാണെന്നും പറയുന്നു. ഇതിനു വിരുദ്ധമായി ഗവേണിംഗ് കൗൺ സിലിൽ അംഗീകരിച്ചതിനു ശേഷം രേഖകൾ പരിശോധിച്ച് അപാകതകൾ പറയുന്നത് സർ വ്വകലാശാല അംഗീകരിച്ച നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

അഫിലിയേഷൻ തുടർച്ച അനുവദിക്കുന്നതിനായി സർവ്വകലാശാല അംഗീകരിച്ച നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2.4 അഫിലിയേറ്റഡ് കോളേജുകളുടെ നിലവാരമില്ലായ്മ – പരിഹാര നടപടികൾ ഇല്ല.

അഫിലിയേഷൻ തുടർച്ചാനുമതി നടപടികളുമായി ബന്ധപ്പെട്ട സർവ്വകലാശാലയുടെ പ്രവർ ത്തനങ്ങൾ നിലവിലുള്ള നിയമം , സ്റ്റാറ്റ്യൂട്ട്, സർവ്വകലാശാലാ ഉത്തരവുകൾ എന്നിവയനുസരിച്ചായിരിക്കണം നടത്തേണ്ടത്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല

നിയമവും, നിയമത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ആദ്യ സ്റ്റാറ്റ്യൂട്ടും , കോളേജുകളുടെ അഫിലിയേഷൻ നടപടികൾക്കായി ഗവേണിംഗ് കൗൺസിലിന് അനുവദിച്ച നൽകിയിട്ടുള്ള അധികാരങ്ങളുടെ പിൻബലത്തോടെ പ്രൊവിഷണൽ അഫിലിയേഷൻ തുടർ ച്ചാനുമതിയ്ക്കായുള്ള നടപടിക്രമങ്ങൾ സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ട്.

അഫിലിയേറ്റഡ് കോളേജുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി, MCI, INC തുടങ്ങിയ റെഗുലേഷനുകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഇൻസ്പെക്ഷൻ പ്രോഫോർമകളും സർ വ്വകലാശാല ഉത്തരവുകളുമാണ് മാനദണ്ഡമാക്കുന്നത്. ഇതു പ്രകാരം ഒരു അഫിലിയേറ്റഡ് കോളേജിൽ ഉണ്ടായിരിക്കേണ്ട minimum standards (ഫാക്കൽറ്റികളുടെ എണ്ണം , കിടപ്പുരോഗികളുടെ എണ്ണം തുടങ്ങിയവ ) നിശ്ചയിച്ചിട്ടുണ്ട്. ഇവ പാലിച്ചുകൊണ്ടാണ് അഫിലിയേഷൻ തുടർച്ചാനുമതി നല്കേണ്ടത്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കാതെ അഫിലിയേഷൻ തുടർച്ചാനുമതി നല്കുന്നതായി കാണുന്നു.

**അ) ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസ് (SUT),തിരുവനന്തപുരം.**

ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസിന് (SUT) 2017-18 വർ ഷത്തേയ്ക്ക് അഫിലിയേഷൻ നൽകുന്നതിനായുള്ള പരിശോധനയിൽ **ഫാക്കൽറ്റികളുടെ കുറവ്, കിടപ്പുരോഗികളുടെ എണ്ണം** എന്നിവ സംബന്ധിച്ച് പോരായ്മകൾ കണ്ടെത്തുകയുണ്ടായി. തുടർന്ന് 06.06.2017 ൽ കോളേജ് നൽകിയ കംപ്ലയിൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14.07.2017 ന് സർപ്രൈസ് ഇൻസ്പെക്ഷൻ നടത്തുകയും ആയതിൽ അപാകതകൾ വീണ്ടും കണ്ടെത്തുകയും സ്ക്രൂട്ടിനി കമ്മിറ്റി 2017-18 ലേക്കുള്ള പ്രൊവിഷണൽ അഫിലിയേഷൻ നിരസിക്കുന്നതിന് ശുപാർശ ചെയ്യുകയും ചെയ്തു. Ministry of Health & Family Welfare, Government of India ഈ കോളേജിലെ എം.ബി.ബി.എസ്.കോഴ്സിനുള്ള അംഗീകാരം പുതുക്കി നൽകിയിട്ടില്ലാത്തതിനാലും ഇൻസ്പെക്ഷൻ കമ്മിറ്റി കണ്ടെത്തിയ അപാകതകൾ 30 ദിവസത്തിനുള്ളിൽ പരിഹരിക്കാമെന്നതിന്റെ അടിസ്ഥാനത്തിലും , 41-ാമത് ഗവേണിംഗ് കൗൺസിൽ (തീരുമാനം 41.03,25.08.2017) മുൻ പറഞ്ഞ അപാകതകൾ തന്നെ കണ്ടെത്തിയെങ്കിലും കോളേജ് പ്രിൻസിപ്പാളിന്റെ 'Undertaking' ന്റെ അടിസ്ഥാനത്തിൽ “Conditional Provisional Affiliation” അനുവദിച്ചു.

കോളേജിൽ ഫാക്കൽറ്റികളുടെ കുറവ് , കിടപ്പുരോഗികളുടെ എണ്ണം സംബന്ധിച്ച അപാകതകൾ എന്നിവ കണ്ടെത്തിയതിനാൽ ഒരു കോടി രൂപയുടെ ബാങ്ക് ഗ്യാരണ്ടി നൽ കുകയും കണ്ടെത്തിയ ന്യൂനതകൾ എത്രയും പെട്ടെന്ന് പരിഹരിക്കുകയും ചെയ്യുക, (പരമാവധി

3 മാസത്തിനുള്ളിൽ) അപാകതകൾ പരിഹരിക്കാത്ത പക്ഷം കോളേജ് സമർപ്പിച്ച ബാങ്ക് ഗ്യാരണ്ടി കണ്ട് കെട്ടുകയും 2018-19 വർഷത്തേയ്ക്ക് തുടർ അഫിലിയേഷൻ നല്കാതിരിക്കുകയും ചെയ്യുക എന്നീ നിബന്ധനകളോടെയാണ് അഫിലിയേഷൻ തുടർച്ചാനുമതി കോളേജിന് അനുവദിച്ചത്. ന്യൂനതകൾ പരിഹരിക്കുന്നതിൽ കോളേജ് പരാജയപ്പെടുകയും അതേ ന്യൂനതകൾ വീണ്ടും ആവർത്തിക്കപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 09.03.2018 ലെ 44-ാമത് ഗവേണിംഗ് കൗൺസിൽ തീരുമാന പ്രകാരം (44.53 തീരുമാനം) ബാങ്ക് ഗ്യാരണ്ടി ഒരു കോടി രൂപ കണ്ടുകെട്ടി എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 28/17-18,29.11.2018) മറുപടി നല്കിയത്.

2017-18 അധ്യയന വർഷത്തേക്ക് തുടർ അഫിലിയേഷൻ നല്കുന്നതിനായുള്ള പരിശോധനയിൽ കണ്ട അപാകതകൾ പരിഹരിക്കുന്നതിന് കാലപരിധി നിശ്ചയിച്ചിരിക്കെ അപാകതകളിൻമേൽ പരിശോധന നടത്താതെ , അടുത്ത വർഷത്തേക്കുള്ള തുടർ അഫിലിയേഷൻ വേളയിലാണ് ഇതു സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. (ജി.സി തീരുമാനം 44.23).

2018-19 അധ്യയന വർഷത്തേക്കുള്ള അഫിലിയേഷൻ തുടർച്ച പരിശോധനയിലും മുൻ പറഞ്ഞ അപാകതകൾ തന്നെ കണ്ടെത്തിയെങ്കിയും "നിബന്ധനകളോടെയുള്ള അഫിലിയേഷൻ തുടർച്ച" അനുവദിക്കുകയാണുണ്ടായിട്ടുള്ളത്.

### ആ) എം.വി.ആർ.ആയുർവ്വേദ മെഡിക്കൽ കോളേജ്, കണ്ണൂർ.

എം.വി.ആർ.ആയുർവ്വേദ മെഡിക്കൽ കോളേജിലെ യു .ജി., പി.ജി കോഴ്സ് അഫിലിയേഷനുമായി ബന്ധപ്പെട്ട ഇൻസ്പെക്ഷനുകളിൽ ഗൗരവമായ അപാകതകൾ കണ്ടെത്തിയിരുന്നു. യൂണിവേഴ്സിറ്റി സ്യൂട്ട് ഫയൽ കുറിപ്പുകൾ പ്രകാരം 15.07.2016, 01.02.2017, 14.07.2017 എന്നീ തീയതികളിലായി നടത്തിയ പരിശോധനകളിൽ യഥാക്രമം 12, 12, 14 എണ്ണം വീതം **ഫാക്കൽറ്റികളുടെ കുറവുണ്ടെന്നും** അതിൽ 7 ഫാക്കൽറ്റികൾ സ്ഥിരമായി അവധിയിലാണെന്നും കണ്ടെത്തുകയുണ്ടായി. തുടർന്ന് 24.07.2017 ൽ നടന്ന 40-ാം ഗവേണിംഗ് കൗൺസിലിൽ അഫിലിയേഷൻ തുടർച്ചാനുമതി നിരസിക്കുകയും ചെയ്തിട്ടുണ്ട്. "പ്രസ്തുത കോളേജ് 50,00,000/-രൂപ ബാങ്ക് ഗ്യാരണ്ടിയായി സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണെന്നും പരിശോധനാ വേളയിൽ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിച്ച് 2 മാസത്തിനകം പരിഹരിക്കേണ്ടതാണെന്നും, അല്ലാത്തപക്ഷം ബാങ്ക് ഗ്യാരണ്ടിയായി സമർപ്പിച്ചിട്ടുള്ള 50,00,000/-രൂപ കണ്ടുകെട്ടുന്നതാണ് എന്നുമുള്ള നിബന്ധനയോടെ അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്നതിനാണ് സർവ്വകലാശാല

തീരുമാനിച്ചത്.(ജി.സി. തീരുമാനം 41.39/ 25.08.2017).എന്നാൽ ഈ തീരുമാനത്തിനെതിരെ പ്രസ്തുത കോളേജ് ബഹു. ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന്, അഫിലിയേഷൻ തുടർച്ചാനുമതി കോളേജിന് അനുവദിക്കുവാനും സർവ്വകലാശാല കണ്ടെത്തിയ അപാകതകൾ പരിഹരിച്ച് 2 മാസത്തിനകം റിപ്പോർട്ട് നല്കാത്ത പക്ഷം യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് കോടതി മുമ്പാകെ 50,00,000 രൂപ പ്രസ്തുത കോളേജ് കെട്ടിവെക്കേണ്ടതാണെന്നും WP(C) No.29392/2017 (Y) dtd 16.09.2017 പ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടക്കാല ഉത്തരവായി. മേൽ ഉത്തരവ് പരിഗണിച്ചുകൊണ്ട് 20.10.2017 ൽ "നിബന്ധനകളോടെ അഫിലിയേഷൻ തുടർച്ചാനുമതി" അനുവദിച്ച് സർവ്വകലാശാല ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ സർവ്വകലാശാല തുടർനടപടികൾ സ്വീകരിച്ചതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 33/07.12.2018) കോളേജ് നാളിതുവരെ ബന്ധപ്പെട്ട വിഷയത്തിൻമേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്നാണ് മറുപടി നല്കിയിട്ടുള്ളത്.

എന്നാൽ 2017-18 അധ്യയന വർഷത്തേക്ക് ഉപാധികളോടെ അഫിലിയേഷൻ തുടർച്ചാനുമതി നല്കി, 2 മാസത്തിനകം അപാകത പരിഹരിച്ച് കോളേജ് റിപ്പോർട്ട് നൽകാത്ത സാഹചര്യത്തിൽ തുടർന്നുള്ള നിയമനടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടില്ല . 2018-19 അധ്യയന വർഷത്തേക്കുള്ള തുടർ പ്രൊവിഷണൽ അഫിലിയേഷനുമായി ബന്ധപ്പെട്ട് മാത്രമാണ് പിന്നീട് പ്രസ്തുത കോളജിൽ പരിശോധന നടന്നിട്ടുള്ളത്. 2018-19 അധ്യയന വർഷത്തേക്കും തുടർ അഫിലിയേഷൻ പരിശോധനയിൽ ഗൗരവമായ അപാകതകൾ കണ്ടെത്തിയതായി സർവ്വകലാശാല നല്കിയ മറുപടിയിൽ പറയുന്നു.

മേൽ സൂചിപ്പിച്ച രണ്ടു കോളേജുകളിലും ഫാക്കൽറ്റികളുടെ കുറവ് സർവ്വകലാശാലയുടെ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട് . ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിച്ചുവരുമ്പോൾ പിഴയിടാക്കുക എന്ന നടപടിക്കപ്പുറം **"നിബന്ധനകളോടെ അഫിലിയേഷൻ തുടർച്ച "** അനുവദിച്ചതിനുശേഷം നിശ്ചിത സമയപരിധിക്കകം അപാകതകൾ പരിഹരിക്കുന്നുണ്ടോ എന്നത് സർവ്വകലാശാല പരിശോധിക്കുന്നില്ല. അപാകതകളിൻമേൽ കോളേജ് തുടർനടപടികൾ സ്വീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ അടുത്ത അധ്യയന വർഷത്തേക്കുള്ള അഫിലിയേഷൻ തുടർച്ച നല്കുന്നതിനായുള്ള ഇൻസ്പെക്ഷനിലാണ് പരിശോധിക്കുന്നത് . ഓരോ അധ്യയന വർഷത്തേക്കും ഇൻസ്പെക്ഷൻ കമ്മിറ്റി നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന പോരായ്മകൾ അതേ അധ്യയന വർഷം തന്നെ പരിഹരിക്കുന്നതിനായുള്ള നടപടികൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. സർവ്വകലാശാലയുടെ പരിമിതമായ പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ പോലും പരിഹരിക്കാതെ അഫിലിയേറ്റഡ് കോളേജുകൾക്ക്

അഫിലിയേഷൻ തുടർച്ചാനുമതി അനുവദിക്കുന്ന കീഴ്വഴക്കം സർവ്വകലാശാലയുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നിലവാര തകർച്ചക്ക് കാരണമായേക്കാം . ഈ വിഷയത്തിൽ ഉത്തരവാദിത്തപ്പെട്ടവരുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 2.5 പെർമനന്റ് അഫിലിയേഷൻ - വിശദമായ നടപടിക്രമങ്ങളുടെ അഭാവം.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ മെഡിക്കൽ അഫിലിയേഷൻ രജിസ്റ്റർ , അഫിലിയേഷൻ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ MOSC കോളേജിലെ എംബിബിഎസ് കോഴ്സിന് സർവ്വകലാശാലയുടെ ആരംഭം മുതൽക്ക് തന്നെ പെർമനന്റ് അഫിലിയേഷൻ നൽകിയിട്ടുള്ളതായി കണ്ടു.

2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം, ചാപ്റ്റർ VII, വകുപ്പ് 53(3)ൽ സർവ്വകലാശാലയുടെ കീഴിൽ 6 വർഷം അഫിലിയേറ്റഡ് കോളേജായി നിലനിന്നിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിക്കുന്ന രീതിയിൽ പെർമനന്റ് അഫിലിയേഷനുവേണ്ടി അപേക്ഷിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നുണ്ട്. വകുപ്പ് 2(zb) പ്രകാരം സർവ്വകലാശാല എന്നാൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി , നിശ്ചിത കാലയളവ് പൂർത്തിയാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ MOSC മെഡിക്കൽ കോളേജിന് എംബിബിഎസ് കോഴ്സിന് സർവ്വകലാശാല സ്ഥാപിതമായതു മുതൽ തന്നെ പെർമനന്റ് അഫിലിയേഷൻ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻ ക്വയറി നം.20/2017-18,08.11.2018); ബഹു.ഹൈക്കോടതിയുടേയും സുപ്രീം കോടതിയുടേയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 10/09/2007 ലെ 1728/A1/2007/Acad നം. ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, MOSC മെഡിക്കൽ കോളേജിന് നല്കിയിട്ടുള്ള പെർ മനന്റ് അഫിലിയേഷൻ ഈ സർവ്വകലാശാലക്ക് കീഴിലും നല്കാൻ ഗവേണിംഗ്കൗൺസിൽ തീരുമാനിക്കുകയായിരുന്നു എന്നാണ് . മേൽ കോഴ്സിന് പെർമനന്റ് അഫിലിയേഷൻ ഫീസായി പത്തു ലക്ഷം രൂപ ഈടാക്കിയിട്ടുള്ളതിനാൽ തുടർ അഫിലിയേഷൻ ഫീസ് അടവാക്കുന്നില്ല. എന്നാൽ 2017-18 വർഷം ഈ കോളേജിലെ തന്നെ മറ്റു പിജി , എംഡി കോഴ്സുകളുടെ തുടർ അഫിലിയേഷൻ പരിശോധനയിൽ അപാകതകൾ കണ്ടെത്തുകയും (ഇന്റേണൽ എക്സാമിനർമാരുടെ കുറവ്) പിന്നീട് പരിഹരിച്ച് അഫിലിയേഷൻ നല്കുകയുമാണ് ചെയ്തിട്ടുള്ളത്. (തുടർ അഫിലിയേഷൻ പരിശോധനക്കായി സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള ഇൻസ്പെക്ഷൻ പ്രോഫോർമ എം ബി ബി എസ് നും മറ്റു മെഡിക്കൽ പിജി

കോഴ്സുകൾക്കും ഒന്നു തന്നെയാണ്).പെർമനന്റ് അഫിലിയേഷൻ നല്കിയിട്ടുള്ള MBBS കോഴ്സിനും മേൽ അപാകതകൾ ബാധകമാണെന്നിരിക്കെ " പെർമനന്റ് അഫിലിയേഷൻ"പദവി എന്ന ഒറ്റ കാരണത്താൽ പ്രൊവിഷണൽ അഫിലിയേഷൻ നല്കുന്ന സ്ഥാപനങ്ങളിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ ഇവിടെ സ്വീകരിക്കാൻ സാധിക്കാതെ വരുന്നു.

പെർമനന്റ് അഫിലിയേഷൻ സംബന്ധിച്ച് വ്യക്തവും പൂർണ്ണവുമായ നടപടിക്രമങ്ങൾ സർവ്വകലാശാല നിയമത്തിലോ, സ്റ്റാറ്റ്യൂട്ടിലോ പ്രതിപാദിച്ചിട്ടില്ല. പെർമനന്റ് അഫിലിയേഷൻ നല്കിയ കോളേജിൽ ഇൻസ്പെക്ഷൻ വേളയിൽ അപാകതകൾ കാണപ്പെടുന്ന സാഹചര്യത്തിൽ 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം ചാപ്റ്റർ VII, വകുപ്പ് 53(3) ൽ പ്രതിപാദിക്കുന്ന പെർമനന്റ് അഫിലിയേഷൻ സംബന്ധിച്ച നടപടിക്രമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവ പരിഷ്കരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2.6 അഫിലിയേറ്റഡ് കോളേജുകളിലെ പരീക്ഷ – Malpractices & Lapses Enquiry Committe പരാതികൾ –സുതാര്യമായ പരീക്ഷ ക്രമീകരിക്കുന്നതിൽ വീഴ്ച വരുന്നു.

ഗവേണിംഗ് കൗൺസിൽ മിനിട്സുകളുടെ പരിശോധനയിൽ Malpractices & Lapses Enquiry Committe യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള പരാതികളിൽ ഭൂരിഭാഗവും മൊബൈൽ ഫോൺ, ബ്ലൂടൂത്ത്,ഇലക്ട്രോണിക് ഗാഡ്ജറ്റ്സ് എന്നിവ ഉപയോഗിച്ച് കോപ്പിയടി നടത്തിയതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്യപ്പെട്ടവയാണ് . കോപ്പിയടിക്ക് പിടിക്കപ്പെടുന്ന വിദ്യർത്ഥികൾ എഴുതിയ പരീക്ഷകൾ റദ്ദാക്കുക എന്ന നടപടി മാത്രമാണ് ഇക്കാര്യത്തിൽ സർവ്വകലാശാല സ്വീകരിക്കുന്നത്.

സർവ്വകലാശാലയിലേക്ക് അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെ അഫിലിയേഷൻ തുടർച്ചാനുമതി നൽകുന്നതിന് മുമ്പായി സുതാര്യമായ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിയ്ക്കുന്നുണ്ട്. കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് അഫിലിയേഷൻ തുടർച്ചാനുമതിയ്ക്കായി അംഗീകരിച്ച ഇൻസ്പെക്ഷൻ പ്രൊഫോർമകളിലും ഇൻസ്പെക്ഷൻ കമ്മിറ്റി നിയമന ഉത്തരവുകളിലും സുതാര്യമായ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ പരിശോധിക്കേണ്ടതാണെന്ന് വ്യക്തമായി പറയുന്നുണ്ട്. ഇൻസ്പെക്ഷൻ വേളയിൽ , കോളേജുകളിലെ എക്സാമിനേഷൻ ഹാളിൽ സജ്ജീകരിക്കേണ്ട സൗകര്യങ്ങളെകുറിച്ച് (സീറ്റിംഗ് അറേഞ്ച്മെന്റ്, സി.സി.ടി.വി., മൊബൈൽ ജാമർ) പരിശോധന നടത്തിയതിന്

ശേഷം തൃപ്തികരമായവയ്ക്ക് മാത്രമാണ് അഫിലിയേഷൻ നൽകുന്നത് . ഇത്തരത്തിൽ സജ്ജീകരണങ്ങൾ ക്രമീകരിച്ചിട്ടും M&LEC-യിൽ കോപ്പിയടിയുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടാകുന്ന സാഹചര്യമുണ്ട്.

ഉദാഹരണമായി, സെഞ്ചുറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് & റിസർച്ച് സെന്ററിന് 2016-17 ൽ പരീക്ഷാഹാൾ ശരിയായ രീതിയിൽ ക്രമീകരിച്ചിട്ടില്ലായെന്ന് ഇൻസ്പെക്ഷൻ കമ്മിറ്റി കണ്ടെത്തിയതിനാൽ "കണ്ടീഷണൽ പ്രൊവിഷണൽ അഫിലിയേഷൻ" ആണ് നൽകിയിട്ടുള്ളത്. മേൽ കോളേജിലെ ജനുവരി 2017 ബി.ഡി.എസ്. , ജൂലൈ 2017 ബി.ഡി.എസ്. , ഫെബ്രുവരി 2018 ബി.ഡി.എസ്. പരീക്ഷകളിൽ കോപ്പിയടി നടന്നതായി M&LEC-യിൽ പരാതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് (ജി.സി.മിനിട്സ് 42, 43, 45). 2017-18 വർഷത്തേക്ക് തുടർ അഫിലിയേഷനായി മേൽ കോളേജിൽ നടത്തിയ ഇൻ സ്പെക്ഷനിൽ ധാരാളം കുറവുകൾ കണ്ടെത്തുകയും തുടർച്ചാനുമതി നിരസിക്കുകയും ചെയ്തിട്ടുണ്ടെന്ന് സർവ്വകലാശാല മറുപടി നല്കിയിട്ടുണ്ട്. എങ്കിലും പ്രൊവിഷണൽ അഫിലിയേഷൻ തുടർച്ചാനുമതി നിഷേധിക്കുക എന്നത് മാത്രമാണ് കോളേജിനെതിരെ സ്വീകരിച്ച നടപടി .ഇൻസ്പെക്ഷൻ കമ്മിറ്റി കണ്ടെത്തിയ അപാകതകൾ പിന്നീട് പരിഹരിച്ചിട്ടുണ്ടോയെന്നത് സർവ്വകലാശാല പരിശോധിച്ചിട്ടില്ല. സെഞ്ചുറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസ് & റിസർച്ച് സെന്ററിൽ 2017-18 കാലഘട്ടത്തിൽ പരീക്ഷാ നടത്തിപ്പ് സുതാര്യമല്ല എന്നത് M&LEC-യിൽ ഉയർന്നു വന്ന പരാതികളിൽ നിന്നും വ്യക്തമാണ്. ഇതേ രീതിയിലുള്ള നിരവധി പരാതികളാണ് M&LEC-യിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ക്രമക്കേട് തടയുന്നതിനായി പരീക്ഷാ കേന്ദ്രങ്ങളിൽ സ്ക്വാഡുകളെ നിയോഗിക്കുന്നതുൾപ്പെടെയുള്ള സജ്ജീകരണങ്ങളെക്കുറിച്ചും ക്രമക്കേട് പിടിക്കപ്പെടുമ്പോൾ നല്കപ്പെടുന്ന ശിക്ഷാ നടപടികളെക്കുറിച്ചും 20.06.2018 ൽ അംഗീകരിച്ച സർവ്വകലാശാല പരീക്ഷാമാന്വലിൽ പറയുന്നു. എന്നാൽ 22.12.2018 ലെ പത്രവാർത്തയിൽ 19.12.2018 ൽ നടന്ന അവസാന വർഷ എംബിബിഎസ് ഇന്റേണൽ പരീക്ഷയിൽ കൂട്ടകോപ്പിയടി നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. പരീക്ഷയെഴുതിയവരിൽ 32 വിദ്യാർത്ഥികൾ കോപ്പിയടിച്ചതായി പറയുന്നു. കോളേജിൽ മൊബൈൽ ജാമർ സ്ഥാപിച്ചിരുന്നെങ്കിലും പ്രവർത്തിച്ചിരുന്നില്ല എന്നത് കോപ്പിയടി നടന്നപ്പോഴാണ് കോളേജ് അധികൃതർ മനസ്സിലാക്കിയത്.

കുറ്റമറ്റതും സുതാര്യവും വിശ്വസ്തവുമായ ഒരു പരീക്ഷാ നടത്തിപ്പാണ് സർ വ്വകലാശാലയുടേതെന്ന് ഒരു ഭാഗത്ത് അവകാശപ്പെടുമ്പോഴും മറു ഭാഗത്ത് മേൽ പറയും പോലുള്ള ക്രമക്കേടുകൾ നിർബാധം തുടരുന്നു എന്നത് വിരോധാഭാസമാണ്. ഇത്തരത്തിലുള്ള ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ, ആയത് പൂർണ്ണമായും തടയുന്നതിന് നിലവിലെ

സാഹചര്യത്തിൽ സർവ്വകലാശാലക്ക് കഴിയുന്നില്ല . സർവ്വകലാശാല സ്വീകരിച്ച പരീക്ഷാസംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഒരു നിരിക്ഷണ സംവിധാനം പ്രാവർത്തികമാക്കാൻ അധികാരികളുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.



# മെഡിക്കൽ കോളജിൽ കൂട്ട കോപ്പിയടി; 34 മൊബൈൽ പിടിച്ചു, പരീക്ഷ റദ്ദാക്കി

**പരീക്ഷാഹാളിലെ മൊബൈൽ ജാമർ തകരാറിൽ: അന്വേഷിക്കാൻ പ്രത്യേക സംഘം**

**മനോരമ ലേഖകൻ**

കളമശേരി ● എറണാകുളം ഗവ.മെഡിക്കൽ കോളജിൽ അവസാന വർഷ എംബിബിഎസ് വിദ്യാർഥികളുടെ മെഡിസിൻ ഇന്റേണൽ പരീക്ഷയിൽ കൂട്ടകോപ്പിയടി. 19നു നടന്ന പരീക്ഷയിൽ മൊബൈൽ ഫോൺ ഉപയോഗിച്ചാണ് വിദ്യാർഥികൾ കോപ്പിയടിച്ചത്. പരീക്ഷയ്ക്കിരുന്ന 34 വിദ്യാർഥികളിൽനിന്നു മൊബൈൽ ഫോണുകൾ പിടിച്ചെടുത്തു. ഇതെ തുടർന്നു പരീക്ഷ റദ്ദാക്കി. 92 പേരാണു പരീക്ഷ എഴുതിയത്. സംഭവത്തെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് നൽകാൻ മെഡിസിൻ വിഭാഗത്തിലെ ഡോ. ജേക്കബ് കെ.ജേക്കബ്, ഡോ. ജോ ജോസഫ് എന്നിവരെ ചുമതലപ്പെടുത്തിയതായി വകുപ്പു മേധാവി ഡോ.ജിൽസ് ജോർജ് അറിയിച്ചു.

പരീക്ഷാഹാളിൽനിന്ന് ഒരു വിദ്യാർഥി മൊബൈലിൽ പകർത്തിയ കോപ്പിയടി ദൃശ്യങ്ങൾ രക്ഷിതാക്കൾക്ക് അയച്ചുകൊടുക്കുകയും രക്ഷിതാക്കൾ ഇമെയിൽ വഴി പരാതി നൽകുകയും ചെയ്തപ്പോഴാണ് ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽ പെട്ടത്. തുടർന്നു അധ്യാപകർ നടത്തിയ പരിശോധനയിൽ 34 മൊബൈൽ ഫോൺ കണ്ടെത്തി. ഇന്റേണൽ പരീക്ഷയാണെങ്കിലും ഇതിൽ ലഭിക്കുന്ന മാർക്ക് ആരോഗ്യ സർവകലാശാലയിലേക്ക് അയച്ചുകൊടുക്കേണ്ടതുണ്ട്.

പരീക്ഷാഹാളിൽ മൊബൈൽ ഫോൺ ഉപയോഗിക്കരുതെന്ന് ആരോഗ്യ സർവകലാശാല കർശന നിർദേശം നൽകിയിട്ടുള്ളതാണ്. ഹാളിൽ മൊബൈൽ ജാമർ സ്ഥാപിക്കണമെന്നും നിർദേശമുണ്ട്. എറണാകുളം ഗവ.മെഡിക്കൽ കോളജിൽ മൊബൈൽ ജാമർ വച്ചിട്ടുണ്ടെങ്കിലും കോപ്പിയടി പിടിച്ചപ്പോഴാണ് ഇതു പ്രവർത്തിക്കുന്നില്ലെന്ന് അധികൃതർ അറിഞ്ഞത്. വിദ്യാർഥികൾക്കെതിരെ കോളജ് അധികൃതർ നടപടിയെടുത്തിട്ടില്ല. ഔദ്യോഗികമായി പരാതിയൊന്നും ലഭിച്ചിട്ടില്ലെന്നും പരീക്ഷ മാറ്റിവയ്ക്കണമെന്നു വകുപ്പുമേധാവി ആവശ്യപ്പെട്ടിട്ടുണ്ടെന്നും വൈസ് പ്രിൻസിപ്പൽ ഡോ. ജയശ്രീ പറഞ്ഞു.

## 6 കോൺഗ്രസ് എംഎൽസിമാരിൽ 4 പേരും കൂറുമാറി

ഹൈദരാബാദ് ● തെലങ്കാന നിയമസഭാ തിരഞ്ഞെടുപ്പിൽ കനത്ത തിരിച്ചടി നേരിട്ട കോൺഗ്രസിനു വീണ്ടും പ്രഹരമേൽപ്പിച്ച് 4 എംഎൽസിമാർ കൂറുമാറി ഭരണകക്ഷിയായ തെലങ്കാന രാഷ്ട്രസമിതിയിൽ (ടിആർഎസ്) ചേർന്നു. സംസ്ഥാനത്തു കോൺഗ്രസിന് 6 എംഎൽസിമാരാണുള്ളത്.

22.12.2018 ലെ പത്രവാർത്ത

## 2.7 അപേക്ഷാ ഫീസ് ഈടാക്കാതെ സീറ്റ് വർദ്ധനവ് അനുവദിച്ചു.

സർവ്വകലാശാല ഉത്തരവുകൾ പ്രകാരം സീറ്റ് വർദ്ധനവിനുള്ള അപേക്ഷയോടൊപ്പം തന്നെ അപേക്ഷാഫീസും ഈടാക്കേണ്ടതാണ് . എന്നാൽ സർവ്വകലാശാലയുടെ അഫിലിയേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ സീറ്റ് വർദ്ധനവിനുള്ള അപേക്ഷാ ഫീസ് ഈടാക്കാതെ തന്നെ സീറ്റ് വർദ്ധനവ് അനുവദിച്ചുനൽകിയതായി കാണുന്നുണ്ട്. ഇതിനു നൽകിയ എൻക്വയറിയെ (ഓഡിറ്റ് എൻക്വയറി നം.11/17-18 തീയതി 29.9.2018) തുടർന്ന് സീറ്റ് വർദ്ധനവിനുള്ള ഫീസ് ഈടാക്കിയതായി സർവ്വകലാശാല മറുപടി നൽകിയിട്ടുണ്ട് . വിശദവിവരം താഴെ നൽകുന്നു.

| ക്രമ നം. | കോളേജിന്റെ പേര് | തുക | ഡി.ഡി നം. തീയതി |
|---|---|---|---|
| 1 | JDT ഇസ്ലാം കോളേജ് ഓഫ് നേഴ്സിംങ്ങ് | 1,25,000 | NEFT Transfer/9.11.18 |
| 2 | ശ്രീ ആഞ്ജനേയ കോളേജ് ഓഫ് നേഴ്സിംങ്ങ് | 1,50,000 | DDNo.884858799/ 25.10.18 |

JDT നേഴ്സിംങ്ങ് കോളേജിലെ Bsc നേഴ്സിങ്ങിന്റെ സീറ്റുകളുടെ എണ്ണം 50 ൽ നിന്നും 60 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.2017-18 ൽ സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ടെങ്കിലും ആയതിനുള്ള അപേക്ഷയോടൊപ്പം സീറ്റ് വർദ്ധനവിനുള്ള ഫീസ് ഈടാക്കാതിരുന്നതിന് വിശദീകരണം ചോദിച്ചുകൊണ്ടുള്ള എൻക്വയറിയ്ക്ക് ( എൻക്വയറി നം. 30/1.12.2018) “ JDT ഇസ്ലാം കോളേജ് ഓഫ് നേഴ്സിംങ്ങിന്റെ സീറ്റുവർദ്ധനവിനുള്ള അപേക്ഷാ ഫീസായി നേരത്തേ കോളേജ് Msc നേഴ്സിംങ്ങ്, PBBSc നേഴ്സിംങ്ങ് കോഴ്സുകൾ ആരംഭിക്കുന്നതിനായി 28.1.2015 ൽ സർവ്വകലാശാലയിൽ ഒടുക്കിയ ഫീസായ 1,50,000 രൂപ Bsc നേഴ്സിങ്ങിന്റെ സീറ്റുവർദ്ധനവിനുള്ള ഫീസായി പരിഗണിക്കുകയാണ് ഉണ്ടായത് " എന്ന മറുപടിയാണ് സർവ്വകലാശാല നൽകിയത്.

ഇതോടനുബന്ധമായി സർവ്വകലാശാല നൽകിയ രേഖകളിൽ 2013-14 ൽ Msc നേഴ്സിംങ്ങ്, PBBSc നേഴ്സിംങ്ങ് കോഴ്സുകൾ തുടങ്ങുന്നതിനായി കോളേജ് സമർപ്പിച്ച അപേക്ഷയും ഫീസും 8.2.2013 ലെ 739/AC1/2/2013/KUHS നമ്പർ കത്തുപ്രകാരം സർവ്വകലാശാല നിരസിച്ചിട്ടുണ്ട്. എന്നാൽ 2013-14 ലെ അപേക്ഷക്കായി കോളേജ് സമർപ്പിച്ച

ഡി.ഡി 2015 ലേതാണ് (ഡി.ഡി നം.036363 / 28.1.2015 Axis bank). അപേക്ഷാ ഫീസ് അടവാക്കാതിരുന്നതിന് സർവ്വകലാശാല നൽകിയ വിശദീകരണത്തിൽ വൈരുദ്ധ്യമുണ്ട്.

ശ്രീ. ആഞ്ജനേയ കോളേജ് ഓഫ് പാരമെഡിക്കൽ സയൻസിന് Bsc MLT കോഴ്സിന് 2016-17 ൽ അഫിലിയേഷൻ നൽകിയിട്ടുണ്ട്. 2017-18 ൽ സീറ്റുകളുടെ എണ്ണം 16 ൽ നിന്നും 26 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന്1,50,000 രൂപ കോളേജ് അടവാക്കിയതായി കാണിച്ച് ( DD No. 485879/25.10.2018) സർവ്വകലാശാല മറുപടി നൽകി. എന്നാൽ ഫീസ് അടവാക്കാതെ സീറ്റ് വർദ്ധനവ് അനുവദിച്ചതിന് വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.30/1.12.18) "യൂണിവേഴ്സിറ്റി ചൂണ്ടിക്കാണിച്ച പോരായ്മകൾ പരാതിക്കാരൻ പരിഹരിച്ച സാഹചര്യത്തിൽ സാധ്യമാവുകയാണെങ്കിൽ പരാതിക്കാരന്റെ അപേക്ഷയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുവാൻ 9.11.2016 ലെ വിധിന്യായപ്രകാരം ബഹു .ഹൈക്കോടതി യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടു. ടി കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനം സമർപ്പിച്ച compliance report 14.8.2017 ൽ സ്ക്രൂട്ടിനി കമ്മിറ്റി സൂക്ഷ്മപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ Bsc MLT കോഴ്സിന്റെ സീറ്റുകളുടെ എണ്ണം 16 ൽ നിന്നും 26 ആയി ഉയർത്തി അനുമതി നൽകി" എന്ന മറുപടിയാണ് സർവ്വകലാശാല ലഭ്യമാക്കിയത്. അപോക്ഷാഫീസ് ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി മാത്രം അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതും ആയത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സർവ്വകലാശാല തയ്യാറാക്കേണ്ടതുമാണ്.

## 2-8 പരീക്ഷ വരവുകൾ - ഓരോ വരവിനത്തിനും പ്രത്യേകം ഡി.സി.ബി രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷം പരീക്ഷാ ഫീസ് - റെഗുലർ; സപ്ലിമെന്ററി, അപേക്ഷാ ഫീസ്, കൺഡോണേഷൻ, ഇന്റേണൽ എക്സാമിനറുടെ കുറവു മൂലമുള്ള പിഴ , സർട്ടിഫിക്കറ്റുകളുടെ ഫീസുകൾ തുടങ്ങിയ ഇനങ്ങളിലായി സർവ്വകലാശാലക്ക് വാർഷികകണക്ക് പ്രകാരം 23,61,78,387 രൂപ വരവുണ്ട്. എന്നാൽ ഈ ഫീസിനങ്ങളുടെ ഡി .സി.ബി രജിസ്റ്ററുകൾ ശരിയായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വിഭാഗങ്ങളിലും എല്ലാ വരവിനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഒറ്റ രജിസ്റ്റർ ആയാണ് സൂക്ഷിക്കുന്നത് . നഴ്സിങ്ങ് വിഭാഗത്തിൽ മാത്രമാണ് പരീക്ഷാ ഫീസിനത്തിലുള്ള വരവിനായി പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ തന്നെ ഡിസിബി എഴുതി ആധികാരികമാക്കിയിട്ടുമില്ല . മേൽ സൂചിപ്പിച്ച കാരണങ്ങളാൽ പരീക്ഷാ ഇനങ്ങളിലെ വരവുകളുടെ കൃത്യത പരിശോധിക്കുവാനായിട്ടില്ല.

കോളേജുകൾ SC/ST/OEC വിഭാഗങ്ങളുടെ പരീക്ഷാ ഫീസ്, ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് നല്കുന്ന മുറക്ക് സർവ്വകലാശാലയിൽ അടവാക്കിവരികയാണ് ചെയ്യുന്നത്. എന്നാൽ ഡിപ്പാർട്ട്മെന്റിൽ നിന്നും കോളേജുകൾക്ക് യഥാസമയം പരീക്ഷാ ഫീസ് ലഭിച്ചില്ലായെങ്കിൽ ആയത് കുടിശ്ശികയായി അവശേഷിക്കും. SC/ST/OEC വിഭാഗങ്ങളുടെ പരീക്ഷാ ഫീസ് വരവ്, കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല . (ഓഡിറ്റ് എൻക്വയറി നമ്പർ.43/17-18 തീയതി.27.12.2018)

ഡി.സി.ബി രജിസ്റ്ററുകൾ ശരിയായ വിധത്തിൽ എഴുതിസൂക്ഷിക്കാത്തതിന് തൃപ്തികരമായ വിശദീകരണം നല്കേണ്ടതും ഇവ യഥാവിധി എഴുതി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-9 അഫിലിയേഷൻ ഫീസ് ഡിസിബി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല - വാർഷിക കണക്കിൽ കുടിശ്ശിക, മുൻകൂർ വിവരങ്ങൾ ഇല്ല.

**1.** (i) പല ഗവ: അഫിലിയേറ്റഡ് കോളേജുകളും 2017-18 വർഷത്തേക്കുള്ള അഫിലിയേഷൻ ഫീസുകൾ അടവാക്കാത്തതായി കാണുന്നു. തൻ വർഷത്തേക്ക് ഡിമാന്റ് ചെയ്യതും ഈ വർഷം അടവാക്കാത്തതുമായ തുക 2017-18 വാർഷിക കണക്കിൽ 31.03.2018 ലെ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകയായി ഉൾപ്പെട്ടിട്ടില്ല.

ഉദാ:- അഫിലിയേഷൻ തുടർച്ചാ ഫീസിനത്തിൽ ഡിമാന്റ് ചെയ്ത തുക അടവാക്കാത്തത്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്കീം | ഡിമാന്റ് ചെയ്ത അഫിലിയേഷൻ ഫീസ് | ആകെ |
|---|---|---|---|---|
| 1 | ഗവ. മെഡിക്കൽ കോളേജ്,തിരുവനന്തപുരം | പാരാമെഡിക്കൽ (8 കോഴ്സുകൾ) | 8*30000 | **240000** |
| 2 | ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട് | പാരാമെഡിക്കൽ (4 കോഴ്സുകൾ) | 4*30000 | **120000** |
| 3. | ഗവ. ആയുർവ്വേദ കോളേജ്, | ആയുർവ്വേദം | 1*20000= 20000 | **570000** |

| | | | | |
|---|---|---|---|---|
| | തിരുവനന്തപുരം | (ബിഎഎംഎസ്<br>മറ്റു കോഴ്സുകൾ - 11) | 11*50000= 550000 | |
| 4. | ഗവ. മെഡിക്കൽ കോളേജ്,തിരുവനന്തപുരം | മെഡിക്കൽ<br>(എംബിബിഎസ്<br>സൂപ്പർ സ്പെഷ്യാലിറ്റി - 11<br>ഡിപ്ലോമ – 13<br>പിജി - 23) | 1*40000= 40000<br>34*50000=1700000<br>13*30000=390000 | **2130000** |
| 5 | ഗവ. മെഡിക്കൽ കോളേജ്, കോട്ടയം | മെഡിക്കൽ<br>(എംബിബിഎസ്<br>സൂപ്പർ സ്പെഷ്യാലിറ്റി - 9<br>ഡിപ്ലോമ – 6<br>പിജി - 22) | 1*40000= 40000<br>31*50000= 1550000<br>6*30000= 180000 | **1770000** |
| 6 | ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട് | മെഡിക്കൽ<br>(എംബിബിഎസ്<br>ഡിപ്ലോമ – 12<br>പിജി - 24<br>യുജി - 10) | 1*40000 = 40000<br>12*30000= 360000<br>34*50000=1700000 | **2100000** |

(ii) ചില കോളേജുകൾ 2017-18 ലെ അഫിലിയേഷൻ തുടർച്ചാ ഫീസിനത്തിൽ ഡിമാന്റ് ചെയ്ത തുകയേക്കാൾ കൂടുതൽ അടവാക്കിയതായി കാണുന്നു . അധികമായി വരവ് വന്നിട്ടുള്ള തുക

2017-18 ലെ വാർഷിക കണക്കിൽ 31.03.2018 ലെ ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സ്കീം | ഡിമാന്റ് ചെയ്ത അഫിലിയേഷൻ ഫീസ് | അടവാക്കിയ തുക | അധികമായി അടവാക്കിയത് |
|---|---|---|---|---|---|
| 1 | ഗവ. ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം | ഹോമിയോ<br>ബിഎച്ച്എംഎസ്<br>(മറ്റു കോഴ്സുകൾ - 3) | 1*10000=10000<br>3*50000=150000<br>**160000** | 2,00,000<br>20.10.2016 ൽ RTGS വഴി | 40,000 |

കൂടാതെ സർവ്വകലാശാല അഫിലിയേഷൻ നടപടിക്രമങ്ങളനുസരിച്ച് അഫിലിയേഷൻ തുടർച്ചാ ഫീസ് മുൻകൂറായി അടവാക്കിയാണ് അഫിലിയേഷൻ തുടർച്ച അനുവദിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടത് എന്നതിനാൽ വരും വർഷത്തേക്കായി കോളേജുകൾ അടവാക്കുന്ന തുകകൾ വാർഷിക കണക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട് .എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

(iii) അഫിലിയേഷനുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളിൽ സർവ്വകലാശാലക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകകളും വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.ഉദാഹരണമായി തിരുവനന്തപുരം, കോഴിക്കോട് തുടങ്ങിയ ഗവ. മെഡിക്കൽ കോളേജുകളുടെ 2011-12 വർഷം മുതൽക്കുള്ള അഫിലിയേഷൻ തുടർച്ച ഫീസ് കുടിശ്ശികയുണ്ട്. അഫിലിയേഷനുമായി ബന്ധപ്പെട്ട് തൻവർഷത്തെ വരവ് തുകകൾ മാത്രമാണ് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**2.** രൂപീകരണം മുതൽക്കുള്ള അഫിലിയേഷൻ ഫീസിനങ്ങളുടെ വരവുകൾ സംബന്ധിച്ച രജിസ്റ്റർ സർവ്വകലാശാല സൂക്ഷിക്കുന്നുണ്ടെങ്കിലും നാളിതു വരെയുള്ള കുടിശ്ശിക വിവരങ്ങൾ തയ്യാറാക്കുകയോ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ II, 55 (vi) പ്രകാരം സർവ്വകലാശാലയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി നിരീക്ഷിക്കേണ്ടതും പിരിച്ചെടുക്കേണ്ട രീതിയെ സംബന്ധിച്ച് നിർദ്ദേശം നല്കേണ്ടതും ഫിനാൻസ് ഓഫീസറാണ്. എന്നാൽ അപ്രകാരമുള്ള ജോലി വിഭജനം നടത്തി നിർ

ണ്ണയിക്കപ്പെട്ട ഫീസുകൾ ഡിമാന്റ് ചെയ്യുന്നതിനും ഡിസിബി രജിസ്റ്റർ അതിന്റെ എല്ലാ അർത്ഥവും ഉൾക്കൊണ്ടുകൊണ്ട് എഴുതി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ ഫിനാൻസ് ഓഫീസർ സ്വീകരിച്ചു കാണുന്നില്ല.

## ഭാഗം.3

## ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ,ചെലവ് ഇനങ്ങളിലെ അപാകതകൾ

### 3-1 സർവ്വകലാശാല ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് പരിപാലനത്തിലെ അപാകതകൾ

സർവ്വകലാശാല ജീവനക്കാർക്ക് നാളിതുവരെ പ്രത്യേക പ്രൊവിഡന്റ് ഫണ്ട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ല. 2011 ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള)ചട്ടങ്ങൾ, ചട്ടം 36(3) പ്രകാരം വരിക്കാർക്ക് അവരുടെ അക്കൗണ്ടിലെ ഓരോ വർഷവും ഏപ്രിൽ 1-ാം തീയ്യതിയിലെ മുന്നിരിപ്പ് , അക്കൗണ്ടിൽ ഡെബിറ്റ് /ക്രെഡിറ്റ് ചെയ്ത തുകകളുടെ വിവരം , പലിശ വരവ്, നീക്കിയിരിപ്പ് എന്നിവ കാണിക്കുന്ന വാർഷിക സ്റ്റേറ്റ്മെന്റ് നൽകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു പത്രിക സർവ്വകലാശാലയിൽ നിന്നും ജീവനക്കാർക്ക് നല്കുന്നില്ല.

പ്രൊവിഡന്റ് ഫണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയ പാസ്സ് ബുക്ക് ജീവനക്കാർ സൂക്ഷിക്കുന്നില്ല (2011 ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള)ചട്ടങ്ങൾ, ചട്ടം 12 പ്രകാരം ഫോം നം. സി. യിലുള്ള പാസ്സ് ബുക്ക് ). പ്രൊവിഡന്റ് ഫണ്ട് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സർവ്വകലാശാല സൂക്ഷിച്ച് വരുന്ന പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ അപൂർണ്ണമാണ് . 26.07.2010 ൽ സർവ്വകലാശാലയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.ഹരിലാൽ.കെ., സിസ്റ്റം മാനേജരുടെ വരിസംഖ്യ സംബന്ധിച്ചുള്ള വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും ടിയാന്റെ ഒക്ടോബർ 2012 മുതലുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് വിവരങ്ങളായ ക്ഷാമബത്ത കുടിശ്ശിക , ലോൺ റീഫണ്ട് , നിക്ഷേപത്തിൻമേലുള്ള പലിശ , താൽക്കാലിക വായ്പ, തിരിച്ചടക്കേണ്ടതായ വായ്പ, വായ്പ അനുവദിച്ച തീയ്യതി , ഉത്തരവ് നം. എന്നീ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഉള്ള വിവരങ്ങൾ തന്നെ പെൻസിൽ കൊണ്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് ജീവനക്കാരുടെ വരിസംഖ്യ ഒഴിച്ചുള്ള വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.ജീവനക്കാർക്ക് അവരുടെ നിക്ഷേപത്തിന് സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ചു നല്കുന്ന പലിശ നൽകാൻ അനുയോജ്യമായ വിധം സ്ഥിരം

നിക്ഷേപങ്ങൾ സർവ്വകലാശാല ആരംഭിച്ചിട്ടില്ല. വരിസംഖ്യ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ച വരുന്നത്. ഇപ്രകാരം കുറഞ്ഞ നിരക്കിൽ പലിശ ലഭിക്കുന്ന അക്കൗണ്ടിൽ പണം നിക്ഷേപിക്കുന്നതു മൂലം ഉയർന്ന നിരക്കിൽ (ഉദാഹരണമായി 01.06.2018 ലെ സർക്കാർ ഉത്തരവ്(അച്ചടി) നം.78/2018/ധന പ്രകാരം സംസ്ഥാന സർക്കാർ നേരിട്ട് കൈകാര്യം ചെയ്യുന്ന ജനറൽ പ്രൊവിഡന്റ് ഫണ്ടും മറ്റ് സമാന പ്രൊവിഡന്റ് ഫണ്ടുകളിലുമുള്ള നിക്ഷേപങ്ങൾക്ക് 01.04.2018 മുതൽ 30.06.2018 വരെയുള്ള കാലയളവിലേക്ക് പലിശ നിരക്ക് 7.6 ശതമാനമാണ്.) ജീവനക്കാർക്ക് പലിശ നല്കേണ്ടി വരുന്നത് സർവ്വകലാശാലയ്ക്ക് അധികബാദ്ധ്യതയാണ്.

2011 ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങൾ ആവശ്യമായ ഭേദഗതികളോടെ ബാധകമാക്കുന്നതിന് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ വേണ്ട ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ എടുത്തുവരുന്നു എന്നാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻ ക്വയറിയ്ക്ക് (നം.1/2017-18/തീയതി 8.6.2018)നല്കിയ മറുപടി.

സർവ്വകലാശാല ഫണ്ടുകളുടെ സൂക്ഷിപ്പിൽ കാണിക്കുന്ന മേൽപ്പറയും പ്രകാരമുള്ള അപാകതകൾ അടിയന്തരമായി പരിഹരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-2 സർക്കാരിൽ നിന്നും മുൻകൂർ അനുമതിയില്ലാതെയും പൊതുതാൽപര്യം മുൻനിർത്തിയല്ലാതെയുമുള്ള പുനർനിയമനങ്ങൾ.

ഓഡിറ്റ് എൻക്വയറി നം.45/17-18 തീയ്യതി 15.01.2019

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം 2010 വകുപ്പ് 40 പ്രകാരം യൂണിവേഴ്സിറ്റി ഭരണ നിർവ്വഹണം സുഗമമാക്കുന്ന സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസ്, റഗുലേഷൻസ്, ബൈലോസ് എന്നിവയുണ്ടാക്കുന്നതിന് ഗവേണിങ് കൗൺസിലിന് അധികാരമുണ്ട്. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾക്കു വേണ്ടി പ്രത്യേകം സ്റ്റാറ്റ്യൂട്ടിന് സർവ്വകലാശാല നാളിതുവരെ രൂപം കൊടുത്തിട്ടില്ലാത്ത സാഹചര്യത്തിൽ 2013 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ IV ഖണ്ഡിക 91, 92- 2018 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ IV ഖണ്ഡിക 90,91 എന്നിവ പ്രകാരം കേരള സർവ്വീസ് റൂൾസ് ഉൾപ്പെടെയുള്ളവ കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് ബാധകമാണ്.

ഓഡിറ്റ് കാലയളവിൽ താഴെ ചേർക്കുന്നതു പ്രകാരം പുനർനിയമനങ്ങൾ ഉണ്ടായിട്ടുണ്ട്.

1. ഡോ.സുധികുമാർ, പ്രൊഫസർ (സ്കൂൾ ഓഫ് ഫണ്ടമെന്റൽ റിസർച്ച് ഇൻ ആയുർവ്വേദ - തൃപ്പൂണിത്തുറ)
(ഉ.നം.466/2018 അഡ്മിൻ/കേ.ആ.സ.തി.16.05.2018)
2.ഡോ.രാജമോഹനൻ.കെ. പ്രൊഫസർ (സ്കൂൾ ഓഫ് ഹെൽത്ത് പോളിസി പ്ലാനിങ്, തിരുവനന്തപുരം) \
(ഉ.നം.466/2018 അഡ്മിൻ/കേ.ആ.സ. തി.16.05.2018)

3.ശ്രീമതി.ഗീത.എം., ജോയിന്റ് രജിസ്ട്രാർ (ഉ.നം. 781/2017 അഡ്മിൻ/കേ.ആ.സ. തി.13.9.2017)

4.ശ്രീ.എസ്.സതീഷ് കുമാർ, യൂണിവേഴ്സിറ്റി എഞ്ചിനീയർ (ഉ.നം. 982/2018 അഡ്മിൻ/ കേ.ആ.സ. തി.1.10.2018)

മേൽപ്രകാരം പുനർനിയമനങ്ങളിൽ കേരള സർവ്വീസ് ചട്ടങ്ങളുടെ ലംഘനം നടന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. KSR Part III R.92- No person discharged on pension or gratuity shall be re employed whether temporarily or permanently without the sanction of the Government.

KSR Part III R.99 ' An employee who is in receipt of a superannuation or retiring pension shall not be re employed or continue to be employed in service paid from General Revenues or from Local Fund except in public interests.

കേരള സർവ്വീസ് ചട്ടങ്ങളുടെ ലംഘനം നടന്നിട്ടുള്ള കാര്യത്തിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടുണ്ടോയെന്ന് ആരായുകയുണ്ടായി. ഇക്കാര്യത്തിൽ സർവ്വകലാശാല നൽകിയ മറുപടി താഴെ ചേർക്കുന്നു.

'കേരള ആരോഗ്യ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ചാപ്റ്റർ 4 ഖണ്ഡിക 91, 92 എന്നിവ പ്രകാരം കേരള സർവ്വീസ് റൂൾസ് സർവ്വകലാശാലയിൽ ബാധകമാണെങ്കിലും പ്രയോഗത്തിൽ തൊഴിലുടമ കേരള സർക്കാർ എന്നതിനു പകരം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയാണ് എന്ന് വ്യക്തമായി പറയുന്നുണ്ട് എന്നിരിക്കെ ജീവനക്കാരുടെ പുനർനിയമനത്തിൽ കേരള സർക്കാരിന്റെ അനുമതി ആവശ്യമില്ല എന്ന് കാണാവുന്നതാണ് . കൂടാതെ ചാപ്റ്റർ 4 ഖണ്ഡിക 91(2) പ്രകാരം സർവ്വകലാശാലയിലെ ജീവനക്കാരുടെ വിഷയത്തിൽ ഏതൊരു വ്യക്തിയുടെയും ഗ്രൂപ്പിന്റെയും സർവ്വീസ് കാര്യത്തിൽ വ്യത്യസ്തമായ

തീരുമാനം എടുക്കുന്നതിനു ഗവേണിങ് കൗൺസിലിന് അധികാരമുണ്ട്. ആയതിനാൽ ഗവേണിങ് കൗൺസിൽ തീരുമാനപ്രകാരം നടത്തിയ പുനർനിയമനങ്ങളിൽ സർക്കാർ അനുമതി തേടേണ്ടതില്ലാത്തതിനാലാണ് അപ്രകാരം ചെയ്തിട്ടുള്ളത്. ശ്രീമതി.ഗീത.എം.ന്റെ പുനർനിയമനം സംബന്ധിച്ച് സർക്കാർ അനുമതിയില്ലാത്തതിനാൽ പിരിച്ചുവിടണമെന്ന സർക്കാർ നിർദ്ദേശം സർവ്വകലാശാലയുടെ വിശദീകരണത്തെ തുടർന്ന് സർക്കാർ പിൻവലിച്ചിട്ടുള്ളതാണ്.(മറുപടിയിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല).

പൊതുതാൽപര്യം മുൻനിർത്തിയല്ലാതെ (except in public interest) ജനറൽ റവന്യൂവിൽ നിന്നോ തദ്ദേശനിധിയിൽ നിന്നോ (Local Fund) ചെലവുചെയ്ത് ഒരു പെൻഷണർക്കും പുനർനിയമനം നൽകരുതെന്ന KSR Part III R.99 നിർദ്ദേശം മറുപടി തയ്യാറാക്കിയ വേളയിൽ സർവ്വകലാശാല വിസ്മരിച്ചതായാണ് കാണുന്നത്.

കേരള ആരോഗ്യ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് 2013 ഖണ്ഡിക 92(2) പ്രകാരം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിൽ സേവനത്തിലിരിക്കുന്ന ഒരാളുടെയോ , ഒരു കൂട്ടം ആളുകളുടേയോ കാര്യത്തിൽ പ്രത്യേക കാരണത്തിനു വിധേയമായി സേവനവ്യവസ്ഥകളും ചട്ടങ്ങളും ഗവേണിങ് കൗൺസിലിന് ബാധകമാക്കാമെന്നാണ് (Not withstanding anything contained in these statutes, the GC may for special reasons, provide different service conditions and rules for any person or group of person in the service of the University) വ്യക്തമാക്കിയിട്ടുള്ളത്. സർവ്വകലാശാലയിൽ സേവനം ചെയ്തുവരുന്ന ഒരാൾ അല്ലെങ്കിൽ ഒരു കൂട്ടം ആളുകളെ കുറിച്ചാണ് സ്റ്റാറ്റ്യൂട്ടിൽ പ്രതിപാദിക്കുന്നത്. ഇപ്പോൾ പുനർനിയമനം ലഭിച്ചവർ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പെൻഷണർമാർ പോലും അല്ലാതിരിക്കേ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഖണ്ഡിക 92(2) ഇക്കാര്യത്തിൽ ബാധകമല്ലയെന്ന് വ്യക്തമാണ്.

2.2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമം, വകുപ്പ് 6(xv)ൽ അനധ്യാപക തസ്തികകളിലേക്കുള്ള നിയമനം KPSC വഴിയാണെന്നും വകുപ്പ് 12(10) അനുസരിച്ച് "സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയ്ക്കു മുകളിലുള്ളവരെ വൈസ് ചാൻസലർക്ക് നിയമിക്കാമെന്നും വ്യവസ്ഥ ചെയ്യുന്നു . കേഡർ പ്രൊമോഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വകുപ്പാണിതെന്ന് വ്യക്തമാണ്. വകുപ്പ് 12(10) നു വിധേയമായി സർവ്വകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ടിൽ ഇതുമായി ബന്ധപ്പെട്ട് യാതൊന്നും പ്രതിപാദിക്കുന്നില്ല. കൂടാതെ 2010 ലെ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിയമത്തിൽ 'പുനർനിയമന' വുമായി ബന്ധപ്പെട്ട്

പരാമർശിച്ചിട്ടില്ലായെന്നും കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീമതി.എം.ഗീതയ്ക്ക് ജോയിന്റ് രജിസ്ട്രാറായി പുനർനിയമനം നൽകിയതിന്റെ അടിസ്ഥാനം വിശദീകരിക്കേണ്ടതാണ്.

3. പുനർനിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ അവരവരുടെ തസ്തികയുമായി ബന്ധപ്പെട്ട

കർത്തവ്യ നിർവ്വഹണത്തിൽ സർവ്വകലാശാലയ്ക്ക് ഏതെങ്കിലും തരത്തിൽ ധനപരമായതോ / ധനപരമല്ലാത്തതോ ആയ കഷ്ട നഷ്ടങ്ങൾ വരുത്തി വെയ്ക്കുന്ന സാഹചര്യത്തിൽ ആയത് പരിഹരിയ്ക്കുന്നതിന് സ്വീകരിച്ച മുൻകരുതൽ നടപടികളുടെ വിവരം ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു. നഷ്ടം വരുന്ന സംഗതിയിൽ, സിവിലായും ക്രിമിനലായും കോടതി വ്യവഹാരങ്ങളിലൂടെ ഈടാക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. യാതൊരുവിധ മുൻകരുതലുകളുമില്ലാതെയും നഷ്ടോത്തരവാദത്തിന്റെ കാര്യത്തിൽ ജാഗ്രത പുലർത്താതെയുമാണ് ഇപ്പോൾ 4 പേർക്ക് പുനർനിയമനം നൽകിയിരിയ്ക്കുന്നത്.

4. നിയതമായ രീതിയിൽ നിയമിയ്ക്കപ്പെട്ടവർക്ക് GO(P)159/2016/Fin. തീയതി 19.10.2016 പ്രകാരം വാർഷിക ശമ്പള വർധന അനുവദിയ്ക്കാവുന്നതാണ്. ശ്രീമതി.ഗീത.എം. എന്നയാളുടെ നിയമനത്തിന് സർക്കാർ അനുമതി ലഭ്യമല്ലാതിരുന്നിട്ടും പുനർനിയമനം നടത്തുന്ന കാര്യത്തിൽ കേരള ആരോഗ്യ സർവ്വകലാശാല നിയമം , സ്റ്റാറ്റ്യൂട്ട് എന്നിവയിൽ സൂചിപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിലും വാർഷിക ശമ്പള വർധന നൽകിയിട്ടുള്ളത്ശരിയല്ല.

5. സ.ഉ.(കൈ)നം.110/2017 ആ.കു.വ. തീയതി 14.07.2017 പ്രകാരം 85000-117600 ശമ്പള സ്കെയിലിൽ 2 അനധ്യാപക തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇതേ ശമ്പള സ്കെയിലിൽ ശ്രീമതി.ഗീത.എം.(പുനർനിയമനം), ശ്രീ.പി.കെ.ജയപ്രകാശ്, ശ്രീ.മുജിബ് റഹിമാൻ.കെ.(അന്യത്ര സേവനങ്ങൾ) എന്നിങ്ങനെ 3 പേർ ജോലി ചെയ്തുവരുന്ന കാര്യത്തിൽ ഓഡിറ്റ് എൻക്വയറി പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ശ്രീ.മുജിബ് റഹിമാൻ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലാണ് ജോലി ചെയ്തുവരുന്നതെന്നും സ .ഉ.(സാധ)3765/2018 പൊ.ഭ.വ.തീയതി 08.06.2018 പ്രകാരം ആയത് അനുവദിച്ചിട്ടുണ്ടെന്ന മറുപടിയാണ് സർവ്വകലാശാല ലഭ്യമാക്കിയത്. ജോയിന്റ് സെക്രട്ടറിയായി ഉദ്യോഗകയറ്റം ലഭിച്ച സാഹചര്യത്തിലും അന്യത്ര സേവനത്തിൽ തുടരാൻ അനുവദിച്ചുകൊണ്ടുള്ളതാണ് സർക്കാർ ഉത്തരവെന്ന് വ്യക്തമാണ്. 85000-117600 ശമ്പളസ്കെയിലിൽ 2 അനധ്യാപക തസ്തികകൾ മാത്രമാണ് ലഭ്യമെന്ന് സർവ്വകലാശാല സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമാകുന്നു. 85000-117600 ശമ്പള സ്കെയിലിൽ ജോയിന്റ് സെക്രട്ടറിയായി ഉദ്യോഗകയറ്റം ലഭിച്ചയാൾ 77400-115200 ശമ്പള സ്കെയിലുള്ള ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ ജോലിചെയ്തുവരുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

പുനർനിയമനങ്ങൾ നൽകിയ സംഗതിയിൽ സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 3-3 സർവ്വകലാശാലയിലെ ദിവസ വേതന/കരാർ നിയമനങ്ങളിലെ അപാകതകൾ.

സർവ്വകലാശാലയിൽ 2017-18 വർഷം താഴെ പറയും പ്രകാരം ദിവസവേതന /കരാർ ജീവനക്കാർ ജോലി ചെയ്തിട്ടുണ്ട്.

**1. കരാർ ജീവനക്കാർ**

| **തസ്തിക** | **നിയമിതരായവരുടെ എണ്ണം** |
|---|---|
| അസിസ്റ്റന്റ് രജിസ്ട്രാർ | 8 |
| സെക്ഷൻ ഓഫീസർ | 16 |
| യൂണിവേഴ്സിറ്റി എഞ്ചിനീയർ | 1 |
| അസി.എഞ്ചിനീയർ | 1 |
| പ്രോഗ്രാമർ | 15 |
| ജൂനിയർ പ്രോഗ്രാമർ | 2 |
| റിസർച്ച് അസിസ്റ്റന്റ് | 8 |
| ഹാർഡ്‌വെയർ ടെക്നീഷ്യൻ | 1 |
| ഡാറ്റ എൻട്രി ഓപ്പറേറ്റർ | 2 |
| സൈറ്റ് എഞ്ചിനീയർ | 1 |
| സർജന്റ് | 1 |
| പ്രോജക്റ്റ് ഓഫീസർ | 2 |
| ലെയ്സൺ ഓഫീസർ | 1 |
| **ആകെ** | 59 |

**2. ദിവസവേതന ജീവനക്കാർ**

| **തസ്തിക** | **ജീവനക്കാരുടെ എണ്ണം** |
|---|---|
| ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് | 5 |
| ഓഫീസ് അറ്റന്റന്റ് | 7 |
| ഫാക്കൽറ്റി എൻറോൾമെന്റ് പ്രോഗ്രാം-ഡാറ്റ എൻട്രി ഓപ്പറേറ്റർ | 14 |
| സി.എൽ.ആർ. | 35 |
| **ആകെ** | **61** |

മേൽപ്രകാരമുള്ള ജീവനക്കാരിൽ നല്ലൊരു ഭാഗവും സർവ്വകലാശാലയിൽ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്നു . ടിയാളുകളെ 179 ദിവസം ജോലി ചെയ്യിപ്പിച്ച ശേഷം ചെറിയ ഇടവേളയിലേക്ക് മാറ്റി നിർത്തി വീണ്ടും നിയമനം നടത്തി സേവനത്തിൽ തുടരാൻ അനുമതി നൽകി വരുന്നതായി കാണുന്നു.

ദിവസവേതന/കരാർ നിയമനവുമായി ബന്ധപ്പെട്ടുള്ള സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് നിയമം, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവയിലെ വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

സർവ്വകലാശാലയുടെ 2013 ലെ പ്രഥമ സ്റ്റാറ്റ്യൂട്ട് അധ്യായം 4, ഭാഗം 2, സ്റ്റാറ്റ്യൂട്ട് 98(1)(ജി.ഒ.(പി)നം. 125/2013/ആ.കു.ക്ഷേ.വ./തീയതി 04.04.2013, എസ്.ആർ.ഒ.350/2013 പ്രകാരം നിലവിൽ വന്ന ആദ്യ സ്റ്റാറ്റ്യൂട്ടിന് പകരമായി ജി .ഒ.(പി)44/2018/ആ.കു.ക്ഷേ.വ./തീയതി 20.04.2018 ആയി നിലവിൽ വന്നത് ) പ്രകാരം താൽക്കാലികമായി നിയമിക്കുന്ന ജീവനക്കാരെ 3 മാസത്തിൽ കൂടുതൽ തുടരാൻ അനുവദിക്കരുത്.

ഇരുപത്തി അഞ്ചോ അതിൽ കൂടുതലോ പേർ ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും 1959 ലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ് കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത നിയമപ്രകാരം 3 മാസത്തിലേറെ ഒഴിവുള്ള തസ്തികകൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യണമെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും Non Availability Certificate ലഭ്യമാകുന്നെങ്കിൽ മാത്രമെ മറ്റ് തരത്തിലുള്ള (കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ) നിയമന നടപടികൾ ആരംഭിക്കാവൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

26.02.2016 ലെ സ.ഉ.(പി)നം. 28/2016/ധന. ഉത്തരവ് പ്രകാരം സർക്കാർ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ കഴിയുന്നതും ദിവസ വേതന /കാഷ്വൽ ജീവനക്കാരെ നിയമിക്കരുതെന്നും പകരം ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയോ പ്രസ്തുത തസ്തികകളിലെ നിയമനം സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾസിന്റെയോ മാർഗ്ഗരേഖയുടെയോ അടിസ്ഥാനത്തിലാണ് നികത്തേണ്ടതെന്നും നിർദ്ദേശിക്കുന്നുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(ii) പ്രകാരം സർക്കാരിൽ നിന്നുള്ള വ്യക്തമായ അനുമതിയോടുകൂടി മാത്രം ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ മാത്രമേ ഭാവിയിൽ ദിവസവേതന /കാഷ്വൽ/കരാർ ജീവനക്കാരെ നിയമിക്കാവൂ എന്നും വ്യക്തമാക്കുന്നു.

സർക്കാർ ഉത്തരവ് (അ)നം.56/2017/ധന/തീയതി 28.04.2017 പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേക്കു മാത്രം പരിമിതപ്പെടുത്താവുന്നതും വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. 2 വർഷം കാലാവധിക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതിയോടെ മാത്രമെ കരാർ പുതുക്കാവൂ.

സർവ്വകലാശാലയിലെ പരീക്ഷാ നടത്തിപ്പ് തുടങ്ങി രഹസ്യ സ്വഭാവമുള്ള ഫയലുകൾ , രേഖകൾ എന്നിവ നേരിട്ടോ അല്ലാതെയോ കൈകാര്യം ചെയ്യുന്നതിൽ ദിവസവേതന/കരാർ ജീവനക്കാരുടെ ഇടപെടൽ സർവ്വകലാശാലയുടെ വിശ്വാസ്യതയ്ക്ക് വെല്ലുവിളി ഉയർത്തുന്നു . കൂടാതെ ചിലയാളുകളെ ദിവസവേതന /കരാർ വ്യവസ്ഥയിൽ വർഷങ്ങളായി തുടരാൻ അനുവദിക്കുന്നത് സ്ഥാപിത താൽപര്യങ്ങൾ വളർത്തുന്നതിനും സ്വജനപക്ഷപാതത്തിനും വഴി വെയ്ക്കുന്നു.

നിലവിലുള്ള നിയമങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കപ്പെടാൻ സർവ്വകലാശാല ബാദ്ധ്യസ്ഥമാണെന്നിരിക്കെ ആയത് ലംഘിച്ച് ദിവസവേതന/കരാർ നിയമനങ്ങൾ തുടരുന്ന നടപടി ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 സർവ്വകലാശാല വൈസ് ചാൻസലർക്ക് പുതിയ കാർ വാങ്ങിയത്- സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ല.

| | |
|---|---:|
| വൗച്ചർ നം. 798/7.7.2017 | 13,88,974 |
| വൗച്ചർ നം. 860/13.7.2017 | 1,16,426 |
| വൗച്ചർ നം. 474/27.7.2017 | 21,000 |
| **ആകെ** | **₹15,26,400** |

മേൽപ്രകാരം ₹15,26,400/- ചെലവഴിച്ച് തൃശ്ശൂരിലെ ജോൺസ് ഹോണ്ട ഓട്ടോമൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഹോണ്ട സിറ്റി ZXMT Diesel കാർ ബഹു.വൈസ് ചാൻസലറുടെ ഉപയോഗത്തിനായി വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം.72/2013/GAD/14.03.2013 പ്രകാരം 10 ലക്ഷത്തിനു മുകളിൽ വില വരുന്ന വാഹനങ്ങൾ വാങ്ങുന്നതിന് കാബിനറ്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ് . എന്നാൽ 12.04.2017 ലെ 38-ാമത് ഗവേണിംഗ് കൗൺസിലിന്റെ 4-ാം നമ്പർ തീരുമാന പ്രകാരം 13.81 ലക്ഷം രൂപയ്ക്ക് വാഹനം വാങ്ങുന്നതിനും ശേഷം സർക്കാരിൽ നിന്നും സാധൂകരണം വാങ്ങാനുമാണ് സർവ്വകലാശാല തീരുമാനിച്ചത്. സർക്കാരിൽ നിന്നും സർവ്വകലാശാല സാധൂകരണം തേടിയെങ്കിലും (രജിസ്ട്രാറുടെ 02.02.2018 ലെ 6438/ പർച്ചേസ്/ കെ.യു.എച്ച്.എസ്/2017 നമ്പർ കത്ത്) ആയത് നാളിതുവരെ ലഭിച്ചിട്ടില്ല.

ഈ വിഷയത്തിൽ സർക്കാരിൽ നിന്നും അന്തിമ തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള മറുപടി ലഭ്യമാക്കുന്നതുവരെ ചെലവു തുക ₹15,26,400 തടസ്സത്തിൽ വെക്കുന്നു.

## 3-5 സർവ്വകലാശാല വാഹനങ്ങളുടെ പരിപാലനം -ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെയും മറ്റു അപാകതകളും.

ഓഡിറ്റ് എൻക്വയറി നം. 3/17-18 dt 06.07.18

21/17-18 dt 08.11.18

സർക്കാർ ഉത്തരവ് (എം.എസ്) നം. 113/2003/ഫിൻ തീയ്യതി 24.02.2003, സർക്കുലർ നം.41/2008/ധനം/തീയതി 02.08.2008 എന്നിവ പ്രകാരം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയൽ സംബന്ധിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല വാഹനങ്ങളുമായി ബന്ധപ്പെട്ട ലോഗ് ബുക്കുകൾ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചവേളയിൽ താഴെ ചേർക്കുന്നതുപ്രകാരം പൊതുവായ അപാകതകൾ ശ്രദ്ധയിൽ പ്പെട്ടു.

1. ഇന്ധനക്ഷമതാ ടെസ്റ്റ് യഥാസമയം നടത്തിയിട്ടില്ല. ഇന്ധനം/ അറ്റകുറ്റപ്പണി സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

2. ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല.

ഈ അപാകതകൾ പരിഹരിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകുകയുണ്ടായി. മറുപടി നൽകിയതിനുശേഷമുള്ള കാലയളവിൽ മേൽപ്രകാരം അപാകതകൾ പരിഹരിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടു.

ഓഡിറ്റ് കാലയളവിൽ ലോഗ്ബുക്കും അതിനോട് അനുബന്ധമായ രജിസ്റ്ററുകളും എഴുതി സൂക്ഷിയ്ക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് പരിശോധനയിൽ കാണുവാൻ സാധിച്ചത്.

“ലോഗ്ബുക്ക് എഴുതി സൂക്ഷിക്കുന്നതിൽ ഡ്രൈവർമാർക്ക് ഉണ്ടായിരുന്ന അജ്ഞതയും അവ്യക്തതയും നിമിത്തം സംഭവിച്ചുപോയിട്ടുള്ള അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ കൈകൊണ്ടിട്ടുണ്ട്”എന്ന പൊതുവായ മറുപടിയാണ് ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. 'ഡ്രൈവർമാരുടെ വിശദീകരണം ' വിവിധ മറുപടികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശോധനയിൽ കണ്ടു . ഓഡിറ്റ് എൻക്വയറിയ്ക്ക് വിശ്വസനീയവും തൃപ്തികരവുമായ മറുപടി നൽകുന്നതിനു പകരം "ഡ്രൈവർമാരുടെ വിശദീകരണം" മറുപടിയായി നൽകിയിട്ടുള്ളത് ശരിയല്ല. സർവ്വകലാശാല രജിസ്ട്രാർക്ക് ബോധ്യമുള്ളതും വിശ്വസനീയവുമായ കാര്യങ്ങളാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി നൽകേണ്ടിയിരുന്നത്.

വിവിധ വാഹനങ്ങളുമായി ബന്ധപ്പെട്ട് ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ താഴെ നൽകുന്നു.

**I) <u>വാഹന രജിസ്റ്റർ നം. KL-08/BA-7814 (ഇന്നോവ കാർ) മൈലേജ് - 9km/ ltr</u>**

**എ)** ജനവരി 2018 ലെ സംക്ഷിപ്തം തയ്യാറാക്കിയതിൽ ടാങ്കിൽ ബാക്കിയുള്ള ഇന്ധനം 8.34Ltr ആണ്. ഈ ഇന്ധനം ഉപയോഗിച്ച് 222 km വാഹനം ഓടിയതായി കാണുന്നുണ്ട്. വിശദവിവരം താഴെ നൽകുന്നു.

24.01.2018 ലെ closing km reading = 126738 km

24.01.2018 ലെ ഇന്ധനബാക്കി =8.34Ltr

അടുത്തതായി ടാങ്കിൽ ഇന്ധനം നിറച്ച(8.2.2018 ലെ) മീറ്റർ റീഡിംങ്ങ് =126960 km

8.34Ltr ഇന്ധനം ഉപയോഗിച്ച് വാഹനം ഓടിയതായി കാണിച്ചിട്ടുള്ള ദൂരം =222 km (126960-126738)

Certified mileage പ്രകാരം 222 km ദൂരം വാഹനം ഓടാനായി ആവശ്യമുള്ള ഇന്ധനം = 24.67Ltr (222/9 )

8.34Ltr ഇന്ധനം ഉപയോഗിച്ച് 222km ദൂരം വാഹനം ഓടിയതായി കാണിച്ചിരിക്കുന്നു.

**ബി)** നവംബർ, ഡിസംബർ 2017 മാസങ്ങളിലെ ഒരുമിച്ചുള്ള സംക്ഷിപ്തം തയ്യാറാക്കിയതിൽ ഇന്ധന ബാലൻസ് 10.17Ltr എന്നാണ് നൽകിയിരിക്കുന്നത്. ഈ ഇന്ധനം ഉപയോഗിച്ച് 272km ദൂരം വാഹനം ഓടിയിരിക്കുന്നു. വിശദ വിവരം താഴെ നൽകുന്നു.

29.12.2017 ലെ closing km reading = 125814 km

29.12.2017 ലെ ഇന്ധന ബാക്കി =10.17 Ltr

അടുത്തതായി ടാങ്കിൽ ഇന്ധനം നിറച്ച റീഡിംങ്ങ് =126086km(6.1.18 ൽ)

10.17 Ltr ഇന്ധനം ഉപയോഗിച്ച് വാഹനം ഓടിയതായി കാണിച്ചിട്ടുള്ള ദൂരം = 272km ( 126086 – 125814)

Certified mileage പ്രകാരം 272 km ദൂരം വാഹനം ഓടുവാൻ ആവശ്യമായ ഇന്ധനം =30.22Ltr

10.17Ltr ഇന്ധനം ഉപയോഗിച്ച് 272km ദൂരം വാഹനം ഓടിയതായി കാണിച്ചിരിക്കുന്നു.

## II) വാഹന രജിസ്റ്റർ നം. KL-08/AS-5221 (ഒപ്ട കാർ) മൈലേജ് -10km with AC/12km withoutAC

01.07.2017 മുതൽ 17.08.2017 വരെയുള്ള സംക്ഷിപ്തം രേഖപ്പെടുത്തിയതിൽ 135.55 Ltr. ഡീസൽ വാഹനത്തിൽ നിറച്ചിട്ടുണ്ടെങ്കിലും 100.948 Ltr ഡീസൽ നിറച്ചതിന്റെ വിവരങ്ങളെ (ബിൽ)ലോഗ് ബുക്കിലും ഫ്യുവൽ രജിസ്റ്ററിലും കാണുന്നുള്ളൂ. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് 6.7.2017 ലെ 34.58 Ltr ഡീസലിന്റെ ബിൽ രണ്ട് തവണ കൂട്ടിയതുമൂലം സംഭവിച്ച പിഴവാണിതെന്ന മറുപടിയാണ് സർവ്വകലാശാല നൽകിയിട്ടുള്ളത് . എന്നാൽ ഇങ്ങനെ രണ്ടുതവണ ബിൽ കൂട്ടിയത് ഒഴിവാക്കി സംക്ഷിപ്തം തയ്യാറാക്കുമ്പോൾ ഇന്ധന ബാലൻസ് "നെഗറ്റീവ്" ആയി വരികയും പിന്നീടുള്ള മാസങ്ങളിലെ സംക്ഷിപ്തങ്ങളിലും ഈ നെഗറ്റീവ് ഇന്ധനബാലൻസ് തുടർന്നുവരികയും ചെയ്യുന്നുണ്ട്. മാസാന്ത്യസംക്ഷിപ്തത്തിൽ "നെഗറ്റീവ് ഇന്ധന ബാലൻസ്" വരുന്നതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം. 21/8.11.18) “പലപ്പോഴും വാഹനം എ.സി. പ്രവർത്തിപ്പിക്കാതെയാണ് പോകാറുള്ളത്, ആയതിനാൽ ഇന്ധനക്ഷമത കൂടുതൽ ലഭിക്കാറുമുണ്ട് . എന്നാൽ ഇന്ധനസംക്ഷിപ്തം തയ്യാറാക്കുന്നത് PWD മെക്കാനിക്കൽ സബ് ഡിവിഷനിൽ നിന്നും ലഭിച്ച ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് അടിസ്ഥാനമാക്കിയാണ് , ഇതുമൂലമാണ് മാസാന്ത്യ സംക്ഷിപ്തത്തിൽ നെഗറ്റീവ് ബാലൻസ് സംഭവിക്കാനിടയായത്" എന്ന വിശദീകരണമാണ് സർവ്വകലാശാല നൽകിയത്.വാഹനത്തിന്റെ ഇന്ധനക്ഷമത with AC/ without AC എന്നിങ്ങനെ പ്രത്യേകം പ്രത്യേകം മെക്കാനിക്കൽ എഞ്ചിനീയർ PWD വകുപ്പ് നൽകുന്നുണ്ട്. ഈ സാഹചര്യത്തിൽ ലോഗ്ബുക്ക് എഴുതിതയ്യാറാക്കുമ്പോൾ AC ഉപയോഗിച്ച്/ AC യുടെ ഉപയോഗമില്ലാതെ (with AC/ without AC) എന്നിങ്ങനെയുള്ള യാത്രയ്ക്ക് പ്രത്യേകം രേഖപ്പെടുത്തി മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കേണ്ടതുണ്ടായിരുന്നു.

## III) വാഹനരജിസ്റ്റർ നം. KL-08/BG-4952(ഇന്നോവ കാർ) മൈലേജ് - 9 km/ltr

**എ)** ഏപ്രിൽ 2017 ലെ മാസാന്ത്യ സംക്ഷിപ്തത്തിൽ ഇന്ധന നീക്കിയിരിപ്പ് 51.59 Ltr (433.59-382) എന്നതിന് പകരം 41.59 Ltr എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 10 Ltr ഡീസലിന്റെ കുറവ് കാണുന്നുണ്ട്. ഇതാണ് തുടർന്നുള്ള മാസങ്ങളിൽ സംക്ഷിപ്തം തയ്യാറാക്കുന്നതിന് മുൻ ബാക്കി ആയി രേഖപ്പെടുത്തിയിരിക്കുന്നത്.ഇതിനു നൽകിയ എൻക്വയറിയ്ക്ക് " ലോഗ്ബുക്ക് എഴുതിയപ്പോൾ ഉണ്ടായ പിഴവും, തിരുത്തി എഴുതിയപ്പോൾ സംഭവിച്ച വ്യക്തതകുറവുമാണ്

ഇതിനു കാരണം " എന്ന 'അവ്യക്ത'മായ വിശദീകരണമാണ് സർവ്വകലാശാല നൽകിയിട്ടുള്ളത്.

**ബി)** മേൽ പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമത 9 Km/L ആണ്. എന്നാൽ 2017 ജൂൺ, ജൂലൈ മാസം സംക്ഷിപ്തം തെറ്റായി രേഖപ്പെടുത്തി 61.2 Ltr (71-9.8) ഡീസൽ അധികം ഉപയോഗിച്ചിട്ടുള്ളതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Starting Km reading as on 1.6.17 = 58653 Km

Closing Km reading as on 31.7.17 = 66364 Km

Total running Km from 1.6.17 to 31.7.17 = 7711 Km

Diesel drawing in two months from 2.6.17 to 31.7.17 = 860.07 Ltr

Old Diesel balance = 67.7 Ltr

1.6.17 മുതൽ 31.7.17 വരെ ആകെ ലഭ്യമായ ഡീസൽ = 927.77 Ltr

| | ഡീസൽ ഉപഭോഗം/ നീക്കിയിരിപ്പ് ഇപ്പോൾ ലോഗ്ബുക്കിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് | മൈലേജ് 9km/l പ്രകാരം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ട ശരിയായ ഡീസൽ ഉപഭോഗം/ നീക്കിയിരിപ്പ് |
|---|---|---|
| 1.6.17 മുതൽ 31.7.17 വരെയുള്ള ഡീസൽ ഉപഭോഗം | 7711/**?** = 917.97 Ltr | 7711/9 = 856.77 Ltr |
| 31.7.17 ലെ ഡീസൽ നീക്കിയിരിപ്പ്. (ആകെ ലഭ്യമായ ഡീസൽ - 1.6.17 മുതൽ 31.7.17 വരെയുള്ള ഡീസൽ ഉപഭോഗം) | **9.8 Ltr** (927.77-917.97) | **71 Ltr** (927.77-856.77) |

31.7.17 ന് 71 Ltr ഡീസൽ ബാക്കിയുണ്ടാവേണ്ടതുള്ളപ്പോൾ 9.8 Ltr മാത്രം ഇന്ധനം ബാക്കിയുള്ളതായി കാണിച്ചിരിക്കുന്നു. ഇതിന് " വാഹനത്തിന്റെ ഹോസ്ക്ലിപ്പിലുണ്ടായ ചെറിയ തകരാർമൂലം ഇന്ധനചോർച്ച ഉണ്ടായതിനാലാണ് ഇന്ധനക്ഷമത കുറയാൻ കാരണമായതെന്നും ആയത് പരിഹരിച്ച് ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള " മറുപടിയാണ് സർവ്വകലാശാല നൽകിയത്. ഹോസ്ക്ലിപ്പിന്റെ തകരാർ സംബന്ധിച്ച വിവരം യഥാവിധി എഴുതിചേർത്തിട്ടുള്ളത് ഉത്തരവാദിയായ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇന്ധനചോർച്ച പരിഹരിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന് "വാഹനത്തിന്റെ ഡീസൽ പൈപ്പിന്റെ ക്ലിപ്പ് പൊട്ടിപ്പോയത് മൂലം ഇന്ധനചോർച്ച ഉണ്ടായെന്നും പ്രസ്തുത തകരാർ2017 ജൂലൈ മാസം അവസാനത്തോടെയാണ് ശ്രദ്ധയിൽപെട്ടത് എന്നുമാണ് വാഹനത്തിന്റെ ഡ്രൈവർ അറിയിച്ചിരിക്കുന്നത് . ഒരു ലോക്കൽ വർക്ക്ഷോപ്പിൽ രൂ .12.50(പന്ത്രണ്ട് രൂപ അമ്പത് പൈസ മാത്രം) ചെലവിൽ പ്രസ്തുത ക്ലിപ്പ് മാറ്റി തകരാർ പരിഹരിക്കുകയും, പ്രസ്തുത തുക സ്വന്തം കയ്യിൽ നിന്നും ചെലവഴിക്കുകയുമാണുണ്ടായത് എന്ന് ഡ്രൈവർ ബോധിപ്പിച്ചിട്ടുണ്ട് , ആയതിനാൽ പ്രസ്തുത പ്രവർത്തിയുടെ ബില്ല് വാങ്ങുകയുണ്ടായില്ല എന്നും ഡ്രൈവർ വിശദീകരണം നൽകിയിട്ടുണ്ട് " എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടുള്ളത്. രണ്ടുമാസക്കാലം ഇന്ധനചോർച്ചയോടെ വാഹനം ഉപയോഗിച്ചുവെന്നത് അവിശ്വസനീയമായിരിക്കുന്നു . "മറുപടിയ്ക്കു വേണ്ടിയുള്ള മറുപടി" എന്നതിൽ കവിഞ്ഞുള്ള പ്രധാന്യം ഇതിന് ഓഡിറ്റ് നൽകുന്നില്ല

## IV) വാഹന രജിസ്റ്റർ നം. KL-08/BM-368(ഡെലിവറി വാൻ) - മൈലേജ് 8.5 Km/ltr

**എ)** വാഹനത്തിന്റെ സർട്ടിഫൈഡ് മൈലേജ് 8.5Km/Ltr average ആണ്. (മൈലേജ് സർട്ടിഫിക്കറ്റ് നം. 275/17-18 തീയതി 4.8.2017). എന്നാൽ നാളിതുവരെ വാഹനത്തിന്റെ മൈലേജ് 8 km/ltr എന്നു രേഖപ്പെടുത്തിയാണ് സംക്ഷിപ്തം തയ്യാറാക്കി വരുന്നത്. വിശദ വിവരം താഴെ നൽകുന്നു.

Starting Km reading (1.9.17) = 11516km

Closing Km reading (30.6.18) = 23594km

Total running Km from 1.9.17 to 30.6.18 = 12078km

Diesel drawing from 1.9.17 to 30.6.18 = 1500.5 ltr

Old Diesel balance = 25.69ltr

ആകെ ലഭ്യമായ ഡീസൽ(1.9.17 മുതൽ 30.6.18 വരെ) = 1526.19 ltr(1500.5ltr+25.69ltr)

സാക്ഷ്യപ്പെടുത്തിയ മൈലേജ് സർട്ടിഫിക്കറ്റ് പ്രകാരം (8km/ltr) 1.9.17 മുതൽ 30.6.18 വരെ അനുവദനീയമായ ഇന്ധന ഉപഭോഗം = 1420.94 ltr (12078 / 8.5)

30.6.18 ന് യഥാർത്ഥത്തിൽ ഉണ്ടാകേണ്ട ഇന്ധന നീക്കിയിരിപ്പ് =105.25ltr (1526.19 – 1420.92)

എന്നാൽ ലോഗ്ബുക്കിൽ 30.6.18 ലെ ഇന്ധന നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 15.75 ltr ഡീസൽ ആണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് " കേരളത്തിന്റെ വിവിധഭാഗങ്ങളിലേയ്ക്ക് ഉത്തരകടലാസുകൾ എത്തിക്കുന്നതിനും തിരിച്ചുകൊണ്ടുവരുന്നതിനുമാണ് വാഹനം പ്രധാനമായും ഉപയോഗിക്കുന്നത് എന്നും, കാലിയായ വാഹനത്തിൽ മൈലേജ് ടെസ്റ്റ് നടത്തിയിട്ടുള്ളതിനാൽ ഭാരം നിറച്ച് മലയോരപ്രദേശങ്ങളിലെ കോളേജുകളിലേക്ക് ഉത്തരക്കടലാസുകൾ വിതരണം നടത്താൻ വേണ്ടിപോകുന്ന യാത്രകളിൽ സർട്ടിഫൈഡ് മൈലേജ് ലഭിക്കുന്നില്ലെന്ന് വാഹനത്തിന്റെ ഡ്രൈവർ വിശദീകരണം നൽകിയിട്ടുണ്ട്" എന്നുമുള്ള മറുപടിയാണ് സർവ്വകലാശാല നൽകിയത്. ഒരു ഭാരവാഹനം എന്നുള്ള പരിഗണനയിൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഇന്ധനസർട്ടിഫിക്കറ്റ് (8.5km/ltr)എല്ലാ സാഹചര്യങ്ങളെയും പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ളതാണ്. കൂടാതെ മൈലേജിൽ കാര്യമായ വ്യതിയാനം ഉണ്ടെങ്കിൽ റീ- ടെസ്റ്റ് നടത്താൻ വ്യവസ്ഥയുള്ളതുമാണ്. ("if any marked variation in fuel consumption is noted the vehicle may be got retested within one month") ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിയ്ക്കാതെയും ഇന്ധനക്ഷമത സാക്ഷ്യപ്പെടുത്തുന്ന നിലവിലുള്ള സംവിധാനത്തെ തന്നെ ചോദ്യം ചെയ്യുന്ന വിധത്തിൽ അംഗീകൃത മൈലേജ് 8.5km/ltr എന്നതിനു പകരം 8km/ltr ആയി ലോഗ്ബുക്ക് എഴുതി തയ്യാറാക്കി അധിക ഇന്ധന ഉപഭോഗം കാണിച്ചിട്ടുള്ള ഇനത്തിൽ 30.06.2018 വരെ ₹ 6223 നഷ്ടം സംഭവിച്ചിട്ടുണ്ട്. (89.5ltr (105.25-15.75)*₹ 69.53(31.01.2019 ലെ ഡീസൽ വില))

വാഹനങ്ങളുടെ ലോഗ്ബുക്കുകൾ എഴുതി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതും ആയതിനനുഗുണമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 അഫിലിയേറ്റഡ് കോളേജുകൾക്കും സർവ്വകലാശാല ജീവനക്കാർക്കും മുൻകൂർ അനുവദിച്ചത് ക്രമീകരിക്കുന്നതിൽ ഗുരുതരമായ വ്യവസ്ഥാ ലംഘനം.

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം I, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂർ തുകകൾ നൽകിയ തീയതി മുതൽ മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ് . 04.10.2011 ലെ സ.ഉ.(അ)419/2011/ധനം പ്രകാരം മുൻകൂർ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. മുൻകൂർ തുക പൂർണ്ണമായി വിനിയോഗിക്കാതിരിക്കുകയും എന്നാൽ ക്രമീകരണ ബിൽ യഥാസമയം സമർപ്പിക്കുകയും ചെയ്യുന്ന സംഗതികളിൽ ചെലവഴിക്കാൻ ശേഷിക്കുന്ന തുകയ്ക്ക് 18% നിരക്കിൽ പലിശ ഈടാക്കണം. നിശ്ചിത സമയപരിധിക്കകം ക്രമീകരണ ബിൽ സമർപ്പിച്ചില്ലെങ്കിൽ മുഴുവൻ മുൻകൂർ തുകയും അടിയന്തിരമായി തിരിച്ച് ഈടാക്കണം. ഇങ്ങനെ തിരിച്ച് ഈടാക്കുമ്പോൾ തുക പിൻവലിച്ച തീയതി മുതൽ തിരിച്ചുപിടിക്കുന്ന തീയതി വരെ 18% നിരക്കിൽ പലിശ ഈടാക്കണം . ആവശ്യത്തിലധികം തുക മുൻകൂറായി പിൻവലിക്കുന്നതും ചെലവഴിക്കാൻ ശേഷിക്കുന്ന തുക തിരിച്ചടയ്ക്കാതെ കൈവശം വയ്ക്കുന്നതും അന്തിമ ബിൽ സമർപ്പിക്കുന്നതിന് കാലതാമസം വരുത്തുന്നതും ഗുരുതരമായ ക്രമക്കേടുകളാണ്.

എന്നാൽ മുൻകൂർ അനുവദിക്കുന്നതിലും ആയത് ക്രമീകരിക്കുന്നതിലും മേൽപറയുന്ന വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് സർവ്വകലാശാല ഉറപ്പുവരുത്തുന്നില്ല.

i) പരീക്ഷാ ചെലവുകൾക്കായി വിവിധ അഫിലിയേറ്റഡ് കോളേജുകൾക്ക് അനുവദിച്ചതിൽ 2012-13 സാമ്പത്തിക വർഷം മുതലുള്ള പല മുൻകൂറുകളും ക്രമീകരിക്കപ്പെട്ടിട്ടില്ല.ആയതിന്റെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.

| ക്രമ നം. | സ്കീം | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | ആകെ |
|---|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ | 24400 | 22800 | 33260 | 257900 | 113600 | 82850 | 534810 |
| 2 | നഴ്സിംഗ് | - | 19500 | - | - | 15500 | 16000 | 51000 |
| 3 | ഫാർമസി | - | - | - | - | - | - | - |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | പാരമെഡിക്കൽ | - | 12000 | - | 3000 | - | 15000 | 30000 |
| 5 | ആയുർവേദ | - | - | - | - | - | - | - |
| 6 | ഡെന്റൽ | 22500 | 7000 | - | 3500 | 74650 | 123850 | 231500 |
| 7 | ഹോമിയോ | - | - | - | - | - | - | - |
| 8 | സിദ്ധ | - | - | - | - | - | - | - |
| 9 | യുനാനി | - | - | - | - | - | - | - |
| | **ആകെ** | **46900** | **61300** | **33260** | **264400** | **203750** | **237700** | **847310** |

(ii) വിവിധ ആവശ്യങ്ങൾക്കായി റിസർച്ച്, സ്റ്റുഡന്റ്സ് അഫയേർസ് ഡീൻമാർക്ക് 2017-18 വർഷം അനുവദിച്ച മുൻകൂറുകളിൽ പലതും മാസങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചിട്ടില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നം** | **നല്കിയ തുക** | **നല്കിയ തീയതി** | **ഉദ്ദേശ്യം** | **ഡീൻ** |
|---|---|---|---|---|
| 1 | 45000 | 17.1.2018 | Advance for permissive sanction and approval of Budget | റിസർച്ച് |
| 2 | 400000 | 23.1.2018 | Advance for Research Methodology Programme on Medical Research for PG students | റിസർച്ച് |
| 3 | 500000 | 10.7.2017 | Advance for the conduct of University Zonal Arts Fest 2017 | സ്റ്റുഡന്റ്സ് അഫേഴ്സ് |

| | | | | |
|---|---|---|---|---|
| 4 | 250000 | 28.7.2017 | Advance for MEDEX 2017 | സ്റ്റുഡന്റ്സ് അഫേഴ്സ് |
| 5 | 80000 | 25.1.2018 | Advance for University Students Union Election 2017-18 | സ്റ്റുഡന്റ്സ് അഫേഴ്സ് |
| **ആകെ** | **1275000** | | | |

(iii) നൽകിയ മുൻകൂറുകളിൽ തന്നെ ചിലത് ക്രമീകരിച്ചിട്ടുള്ളത് നിർദ്ദിഷ്ട സമയപരിധിക്കുള്ളിലല്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നല്കിയ തുക | നല്കിയ തീയതി | ക്രമീകരിച്ച തീയതി | ഉദ്ദേശ്യം, ആർക്ക് നല്കി, ചെലവ് |
|---|---|---|---|---|
| 1 | 32000 | 24.10.2017 | 16.7.2018 | Works in connection with the inauguration of school of Reaserch in Ayurveda,<br><br>Akhil.A.U, Asst:Engineer , 30970 രൂപ |
| 2 | 15000 | 20.10.2017 | 22.6.2018 | Conduct of Research Methodology training programme for PG students<br><br>Dr.Remadevi,Project Officer,13028 രൂപ |
| 3 | 100000 | 13.7.2017 | 29.6.2018 | Workshop on new horizon in clinical simulation, Dean(academic). 96015 രൂപ |

(iv) മുൻകൂറായി അനുവദിച്ച തുകയുടെ പകുതി പോലും ചെലവഴിക്കുന്നില്ല. ശേഷിക്കുന്ന തുക മാസങ്ങൾക്ക് ശേഷം തിരിച്ചടക്കുന്ന സന്ദർഭങ്ങളുമുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | നല്കിയ തീയതി | തുക | ചെലവ് | ക്രമീകരിച്ച തീയതി | ഉദ്ദേശ്യം, ആർക്ക് നല്കി |
|---|---|---|---|---|---|
| 1 | 18.9.2017 | 50000 | 1260 | 19.1.2018 | One day workshop for PG thesis guides on Research Methodology at Malabar Cancer Centre ,Thalassery,<br><br>Dean, Research |
| 2 | 7.11.2017 | 50000 | 19244 | 2.5.2018 | Technical Committee meeting for Gerontological studies,<br><br>Dean, research |
| 3 | 7.11.2017 | 50000 | 10920 | 2.5.2018 | Technical committee meeting for School of Health Policy and Planning Studies,<br><br>Dean, research |

(v) 2017-18 വർഷത്തെ വാർഷികകണക്കിൽ 31.3.2018 ലെ ബാലൻസ് ഷീറ്റിൽ ക്രമീകരിക്കാൻ ശേഷിക്കുന്നതായി കാണിച്ചിട്ടുള്ള മുൻകൂർ തുകയും സർവ്വകലാശാലയിൽ നിന്നും മുൻകൂറുകളുടെ വിശദാംശങ്ങളായി ഓഡിറ്റിന് ലഭ്യമാക്കിയ പട്ടികയിലെ ആകെ തുകയും തമ്മിൽ പൊരുത്തമില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാനുള്ള തുക | ഓഡിറ്റിന് ലഭ്യമാ ക്കിയ കണക്കുകൾ പ്രകാരം 31.03.2018 ന് ക്രമീകരിക്കാനുള്ളതായി കാണിച്ചിട്ടുള്ള തുക | വ്യത്യാസം |
|---|---|---|---|---|
| 1 | റിസർച്ച് വിഭാഗം ഡീനിന് നൽകിയത് | 11,47,527 | 8,88,289 | (+)2,59,238 |
| 2 | സ്റ്റുഡന്റ്സ് അഫയേഴ്സ് ഡീനിനു നൽകിയത് | 36,52,236 | 35,62,736 | (+)89,500 |
| 3 | മറ്റ് ജീവനക്കാർക്ക് നൽകിയത് | 3,03,880 | 3,29,359 | (-)25,479 |

മുൻകൂർ അനുവദിക്കുന്നതിലും ക്രമീകരിക്കുന്നതിലും നിലവിലുള്ള നിയമങ്ങളും സർക്കാർ നിർദ്ദേശങ്ങളും സർവ്വകലാശാല പാലിക്കുന്നില്ലയെന്നുള്ള വിവരവും ഈ വിഷയത്തിൽ വാർഷിക കണക്കുകളിലെ അപാകതകളും മേൽപ്പറയുന്ന വിശദാംശങ്ങൾ സഹിതം പരിഹാര നടപടികൾക്കായി അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മുൻകൂർ തുകകൾ നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 മെഡിക്കൽ എക്സിബിഷൻ-MEDEX 2017

ഫയൽ നമ്പർ - 9830/Dean SA/KUHS/2017

വൗച്ചർ നമ്പർ - P969/28.07.2017, ₹2,50,000

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ ആലപ്പുഴ TD മെഡിക്കൽ കോളേജിൽ വച്ച് മെഡിക്കൽ എക്സിബിഷൻ -MEDEX 2017 സംഘടിപ്പിച്ചിരുന്നു. ഇതിലേക്കായി സർവ്വകലാശാല 28.07.2017 ലെ 77/2017/Dean SA ഉത്തരവ് പ്രകാരം സ്റ്റുഡൻസ് അഫയേർസ് ഡീൻ മുഖാന്തിരം സ്റ്റുഡന്റ്സ് യൂണിയൻ ചെയർ മാന് 2,50,000 രൂപ മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ എക്സിബിഷൻ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവിനായി നല്കിയ തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല . പരിപാടിയുമായി ബന്ധപ്പെട്ട് സ്റ്റുഡന്റ്സ് യൂണിയനു ലഭ്യമായ സ്പോൺസർഷിപ്പ് തുകകൾ , ഗേറ്റ് പാസ്സ് കളക്ഷൻ എന്നിവയും പ്രസ്തുത പരിപാടിയുടെ ചെലവുകളുടെ വൗച്ചറുകളും , ബില്ലുകളും സർ വ്വകലാശാലയിൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല എന്നാണ് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടുള്ളത്. ചെലവു രേഖകൾ ഹാജരാക്കി മുൻകൂറുകൾ ക്രമീകരിക്കുന്നതിന് സർവ്വകലാശാല പല തവണ കത്ത് നല്കിയിരുന്നെങ്കിലും സ്റ്റുഡന്റ്സ് യൂണിയന്റെ ഭാഗത്തു നിന്നും പ്രതികരണം ഉണ്ടായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 7/17-18,01.09.2018)

കേരള ഫിനാൻഷ്യൽ കോഡ്, വാല്യം I, ആർട്ടിക്കിൾ 99 പ്രകാരം മുൻകൂർ തുകകൾ നൽ കിയ തീയ്യതി മുതൽ മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. 04.10.2011 ലെ സ.ഉ.(അ) 419/2011/ധനം പ്രകാരം ക്രമീകരണ ബില്ലുകൾ, മുൻകൂർ കൈപ്പറ്റി മൂന്നുമാസത്തിനുള്ളിൽ സമർപ്പിക്കാത്ത പക്ഷം മുൻകൂർ തുകയ്ക്ക് പിൻവലിച്ച തീയതി മുതൽ 18% പലിശ കണക്കാക്കി ഒറ്റത്തവണയായി തിരികെ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥയുണ്ട്. ഈ നിർദ്ദേശം സർ വ്വകലാശാല പാലിച്ചിട്ടില്ല.

സ്റ്റുഡന്റ്സ് യൂണിയൻ പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന മുൻകൂറുകൾ പരിപാടി പൂർത്തീകരിച്ച് 1 മാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്, ആദ്യ മുൻകൂർ ക്രമീകരിക്കാതെ രണ്ടാമത് മുൻകൂർ അനുവദിക്കാൻ പാടില്ല എന്നീ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഇവിടെ മുൻകൂർ അനുവദിക്കുന്നതിലും ക്രമീകരിക്കുന്നതിലും പാലിക്കപ്പെട്ടതായി കാണുന്നില്ല. 2017-18 ലെ മെഡിക്കൽ എക്സ്ബിഷനായി 28.07.2017 ന്

അനുവദിച്ച മുൻകൂർ തുക 2,50,000 രൂപ ക്രമീകരിക്കുന്നതിനു മുൻപുതന്നെ സ്റ്റുഡന്റ്സ് യൂണിയന് 25.01.2018 ന് 80,000 രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. സ്റ്റുഡന്റ്സ് യൂണിയൻ വഴി പരിപാടികൾ സംഘടിപ്പിക്കുമ്പോൾ സർവ്വകലാശാല അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുൻകൂറുകൾ അനുവദിക്കുന്നതിനും ക്രമീകരിക്കുന്നതിനും സർവ്വകലാശാല നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 എഫ്.ഐ.ടി യിൽ നിന്ന് ഫർണീച്ചർ വാങ്ങൽ- അപാകതകൾ

ഫയൽ നം. 6212 പർച്ചേസ് 2015

വൗ.നം./തീയ്യതി ബി.പി.662 തീയ്യതി 21.06.2017 ₹53,16,630/-

വൗ.നം./തീയ്യതി ബി.പി.1836 തീയ്യതി 16.11.2017 ₹26,47,960/-

ചെക്ക് നം./തീയ്യതി 327714 തീയ്യതി 21.06.2017 ₹53,16,630/-

ചെക്ക് നം./തീയ്യതി 347721 തീയ്യതി 16.11.2017 ₹26,47,960/-

ഓഡിറ്റ് എൻക്വയറി നമ്പർ 4 തീയ്യതി 07.07.2018

ഓഡിറ്റ് എൻക്വയറി നമ്പർ 26 തീയ്യതി 24.11.2018

മൂല്യനിർണയ കേന്ദ്രം, ആസ്ഥാന മന്ദിരം എന്നിവിടങ്ങളിലേക്ക് ആവശ്യമായ ഫർണീച്ചർ വാങ്ങുന്നതിന് 27.06.2015 ന് ഫയൽ നടപടികൾ ആരംഭിച്ചുവെങ്കിലും നടപടിക്രമങ്ങൾ തീർന്നിട്ടുള്ളത് രണ്ട് വർഷത്തിലധികം കാലതാമസത്തിനുശേഷം 14.11.2017 നാണ്.

2013 ലെ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 9.60 പ്രകാരം ഏതൊരു വാങ്ങൽ നടപടികളിലും ആയതുമായി ബന്ധപ്പെട്ടവർ തമ്മിൽ കരാറിലേർപ്പെടേണ്ടത് അത്യാവശ്യമാണ്. സർവ്വകലാശാല നൽകിയ സപ്ലൈ ഓർഡറിൽ ക്രമ നംപർ 3 പ്രകാരം വ്യവസ്ഥ ഉണ്ടായിരുന്നുവെങ്കിലും എഫ് .ഐ.ടി.കരാർ വച്ചിട്ടില്ലാത്തത് പരിശോധനയിൽ കണ്ടു. കരാറിലേർപ്പെടാതിരുന്നതിന്റെ കാര്യത്തിൽ എൻക്വയറി നൽകുകയുണ്ടായി . സർക്കാർ ഉത്തരവ് പ്രകാരമുള്ള വാങ്ങൽ നടപടിയായതിനാലും പൊതുമേഖല സ്ഥാപനമായതുകൊണ്ടുമാണ് എഫ്.ഐ.ടി.ക്ക് കരാർ സമർപ്പിക്കുന്ന കാര്യത്തിൽ ഇളവ് നൽകിയത് എന്ന മറുപടിയാണ് ലഭ്യമായത് . കരാർ സമർപ്പിക്കുന്ന വ്യവസ്ഥയിൽ നിന്നും പൊതുമേഖല സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ല . സർവ്വകലാശാലയുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് കരാറിലേർപ്പെടേണ്ടിയിരുന്നത് അത്യാവശ്യമായിരുന്നു. ഫർണിച്ചർ വാങ്ങലുമായി ബന്ധപ്പെട്ട് വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിലേർ

പ്പെടാതിരുന്നതു മൂലം നിശ്ചിത സമയത്തിനുള്ളിൽ ഫർണിച്ചർ ലഭ്യമാകാതെ വരികയും ലോഡിങ്/അൺലോഡിങ്ങ് ചാർജ്ജസ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് എന്നീയിനങ്ങളിൽ എഫ്.ഐ.ടി.ക്ക് അധികം തുക നൽകാനിടവരികയുമുണ്ടായി . വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.സപ്ലൈ ഓർഡർ പ്രകാരം രണ്ടുമാസത്തിനകം ഫർണിച്ചർ സപ്ലൈ ചെയ്യേണ്ടതുണ്ടായിരുന്നുവെങ്കിലും സപ്ലൈ ഓർഡർ കൈപ്പറ്റി ഒന്നര വർഷത്തിലധികം സമയമെടുത്ത് താഴെ ചേർത്തിരിക്കുന്നതു പ്രകാരം തവണകളായാണ് എഫ് .ഐ.ടി ഫർണിച്ചർ സപ്ലൈ ചെയ്തിട്ടുള്ളത്.

| **ക്രമ നം.** | **ഇന്റന്റ് നമ്പർ/തീയ്യതി** | **സപ്ലൈ ചെയ്ത ഫർണിച്ചറിന്റെ വില** |
|---|---|---|
| 1 | 234 എ 16-17 തീയ്യതി 23.09.2016 | ₹53,16,630/- |
| 2 | 245/ 16-17 തീയ്യതി14.08.2017 | ₹9,20,072/- |
| 3 | 246/16-17 തീയ്യതി 14.08.2017 | ₹4,80,450/- |
| 4 | 247/16-17 തീയ്യതി 14.08.2017 | ₹3,80,626/- |
| 5 | 248/16-17 തീയ്യതി 11.09.2017 | ₹1,15,622/- |
| 6 | 249/16-17 തീയ്യതി 11.09.2017 | ₹3,85,577/- |
| 7 | 250/16-17 തീയ്യതി 11.09.2017 | ₹3,65,613/- |

2. FIT/MKT/03/15-16/1605 തീയ്യതി 11.01.2016 പ്രകാരം എഫ്.ഐ.ടി.നൽകിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ലോഡിങ്ങ് ചാർജ്ജ് ₹ 1150/- ഉൾപ്പെടുത്തി ₹78,91,294/-മൂല്യം വരുന്ന ഫർണിച്ചർ വാങ്ങുന്നതിന് യു .ഒ.6212 പർച്ചേസ് 2015/ കെ.യു.എച്ച്.എസ്. തീയതി 22.01.2016 പ്രകാരം സപ്ലൈ ഓർഡർ നൽകി . ഈ സാഹചര്യത്തിൽ ലോഡിങ്ങ് ചാർജ്ജായി അധിക നിരക്കിൽ ₹1350/-യും ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ് ആയി ₹47/-കി.മീ. അനുവദിക്കുന്നതിനും പുതിയ സപ്ലൈ ഓർഡർ നൽകുന്നതിനും

10.02.2016 ലെ FIT/MKT/03/15-16/1837 നമ്പർ കത്ത് പ്രകാരം എഫ് .ഐ.ടി. ആവശ്യപ്പെടുകയുണ്ടായി. പിന്നീട് ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ് ₹1215/- അധിക നിരക്കിൽ ലോഡിങ്ങ് ചാർജ്ജ് എന്നിവ അനുവദിച്ച് 28.04.2016 ൽ 6212/പർച്ചേസ് 2015 കെ.യു.എച്ച്.എസ്.പ്രകാരം സർവ്വകലാശാല പുതുക്കിയ സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട് . ഇപ്രകാരം സപ്ലൈ ഓർഡർ പുതുക്കാനിട വന്ന സംഗതിയിൽ സർവ്വകലാശാല തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ആദ്യം നൽകിയ സപ്ലൈ ഓർഡറിന്റെ അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടിരുന്നുവെങ്കിൽ മേൽപ്രകാരം അധികരിച്ച ചെലവുകൾ ഒഴിവാക്കാമായിരുന്നു.

3. സർവ്വകലാശാല ആദ്യം നൽകിയ സപ്ലൈ ഓർഡറിൽ " rate inclusive of freight charges and unloading charges" എന്ന് ക്രമ നമ്പർ 2 പ്രകാരം വ്യവസ്ഥയുണ്ടായിരുന്നു. സപ്ലൈ ഓർഡർ പുതുക്കിയപ്പോൾ ഈ വ്യവസ്ഥ ഒഴിവാക്കിയതായി പരിശോധനയിൽ കണ്ടു . ഇൻഡൻഡ് നം,234 എ തീയതി 23.09.2016 ആയി ആദ്യത്തെ ലോഡ് ഫർണിച്ചർ സർവ്വകലാശാല ആസ്ഥാനത്തെത്തിയപ്പോൾ അൺലോഡിങ്ങ് ചാർജ്ജിനത്തിൽ അവ്യക്തതയുള്ളതിനാൽ ഫർണിച്ചർ ഇറക്കുന്നതിന് കാലതാമസമുണ്ടായി . മുമ്പ് സൂചിപ്പിച്ചതു പ്രകാരം എഫ്.ഐ.ടി.വഹിക്കേണ്ട അൺലോഡിങ്ങ് ചാർജ്ജ് സർവ്വകലാശാല നൽകുന്നതിന് പിന്നീട് 07.01.2017 ൽ ചേർന്ന 36-ാമത് ഗവേണിങ്ങ് കൗൺസിൽ അജണ്ട 4 ആയി തീരുമാനമുണ്ടാകുകയും ഈയിനത്തിൽ ₹46,500/-ചെലവഴിക്കുകയുമുണ്ടായി.

4. 01.07.2017 മുതൽ VAT ന് പകരം GST നിലവിൽ വന്നു. എന്നാൽ GST പ്രാബല്യത്തിലുള്ള കാലയളവിൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് വിവിധ ഇൻവോയ്സുകളിൽ വാറ്റ് ഈടാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു

| Sl.No | Invoice No. Date/ Amount | Excise Duty | Education Cess | H.Edu. Cess | KVAT | TOTAL |
|---|---|---|---|---|---|---|
| 1 | 245/14.08.2017 ₹ 7,18,515/- | 86,222 | 1724 | 862 | 1,08,989 | ₹197797 |
| 2 | 246/14.08.2017 ₹ 3,73,790/- | 44,855 | 897 | 449 | 56,699 | ₹102900 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 247/14.08.2017<br>₹ 2,95,515/- | 35,462 | 709 | 355 | 44,825 | ₹81351 |
| 4 | 248/11.09.2017<br>₹87,715/- | 10,526 | 211 | 105 | 13,305 | ₹24147 |
| 5 | 249/11.09.2017<br>₹99,397/- | 35,928 | 719 | 359 | 45,414 | ₹82420 |
| 6 | 250/11.09.2017<br>₹ 2,83,743/- | 34,049 | 681 | 340 | 43,040 | ₹78110 |
| ആകെ | | | | | | ₹566725 |

ഫർണിച്ചർ യഥാസമയം ലഭിക്കാതെ വന്നത്, GST പ്രാബല്യത്തിലുള്ള കാലയളവിൽ VAT ഈടാക്കികൊണ്ടുള്ള ഇൻവോയ്സ് ലഭ്യമാക്കിയിരിക്കുന്നത് , കരാറില്ലാത്ത സാഹചര്യത്തിലും സപ്ലൈ ഓർഡറിലെ വ്യവസ്ഥകൾക്ക വിരുദ്ധമായും ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജ്, അധികനിരക്കിൽ ലോഡിങ്ങ് ചാർജ്ജ് എന്നിവ സർവ്വകലാശാല നൽകാനിടവന്നത് തുടങ്ങിയവ വിശദീകരിക്കേണ്ടതാണ്.

## 3-9 ബാർകോഡഡ് ഉത്തരപുസ്തകങ്ങളുടെ അച്ചടിയും വിതരണവും- അപാകതകൾ.

ഫയൽ നം. 4627/പർച്ചേസ്/കെ.യു.എച്ച്.എസ്/2016

പരീക്ഷാ കൺട്രോളർ 06.04.2016 ന് 52 പേജ്, 32 പേജ്, 12 പേജ് ഉത്തരപുസ്തകങ്ങൾ യഥാക്രമം 7 ലക്ഷം, 4 ലക്ഷം, 6 ലക്ഷം എണ്ണം അച്ചടിച്ച് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ പർച്ചേസ് വിഭാഗത്തോട് ആവശ്യപ്പെടുകയുണ്ടായി . ആയതനുസരിച്ച് പർച്ചേസ് കമ്മിറ്റി തീരുമാനത്തെത്തുടർന്ന് 1,48,00,000/-രൂപ അടങ്കൽ തുകയ്ക്ക് വാങ്ങൽ നടത്തുന്നതിന് 2/6/2016 ലെ 286/2016/KUHS/Purchase പ്രകാരം

ഭരണാനുമതി നൽകി സർവ്വകലാശാല ഉത്തരവായിട്ടുണ്ട്. 02.06.2016 ന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് 4 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/S യൂണിവേഴ്സൽ പ്രിന്റിംഗ് സിസ്റ്റം, സുരംപള്ളി, കൃഷ്ണ ജില്ല, ഹൈദ്രാബാദ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 30.08.2016 ലെ 469/പർ ച്ചേസ്/KUHS/2016 പ്രകാരം 1,28,08,000/-രൂപയുടെ വാങ്ങൽ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 4627/Purchase/KUHS/2016/30.08.2016 ഉത്തരവ് പ്രകാരം സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും 05.09.2016 ന് സ്ഥാപനവുമായി സർവ്വകലാശാല കരാറിലേർ പ്പെടുകയും ചെയ്തിട്ടുണ്ട്. 31.12.2016 മുതൽ 31.05.2017 വരെയുള്ള കാലയളവിൽ സ്ഥാപനം ഉത്തരപുസ്തകങ്ങൾ വിതരണം ചെയ്തതായി കാണുന്നു.

ഉത്തരപുസ്തകങ്ങൾ വാങ്ങുന്നതിന് താഴെ പറയും പ്രകാരം തുക സർവ്വകലാശാല ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം./തീയ്യതി | തുക |
|---|---|
| 03280/20.01.2017 | 56,35,500 |
| 03486/10.02.2017 | 21,91,440 |
| 1061/14.08.2017 | 49,81,060 |
| | 1,28,08,000 |

സ്ഥാപനത്തിൽ നിന്നും ലഭിച്ച 1,09,373/-രൂപ വില വരുന്ന ഉത്തരപുസ്തകങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചതായി പരീക്ഷാ വിഭാഗം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് സ്ഥാപനം നൽകിയ നിരതദ്രവ്യത്തിൽ നിന്നും 1,09,373/-രൂപ യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് കണ്ടുകെട്ടുവാൻ 1191/2018/Admn/KUHS/ 27.11.2018 പ്രകാരം സർവ്വകലാശാല ഉത്തരവായിട്ടുണ്ട്.

മേൽപ്പറയുന്ന വാങ്ങൽ പ്രക്രിയയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(കൈ)13/2015/ഐ.ടി.ഡി/തീയതി 12.05.2015 പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള സാധനങ്ങളുടെ സമാഹരണത്തിന് ഇ .ടെണ്ടർ (ഇ.പ്രൊക്യൂർമെന്റ്) നടപടികൾ

പാലിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത വാങ്ങലിന് ഇ.ടെണ്ടർ നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടില്ല.

2. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ , ഖണ്ഡിക 8.2 പ്രകാരം 1 ലക്ഷം രൂപയോ അതിൽ അധികമോ വരുന്ന ടെണ്ടറുകൾക്ക് അടങ്കൽ തുകയുടെ 1% നിരതദ്രവ്യമായി ടെണ്ടറർ സമർപ്പിക്കേണ്ടതാണ്. എന്നാൽ സർവ്വകലാശാല ടെണ്ടർ നോട്ടീസിൽ ടെണ്ടറർ ക്വാട്ട് ചെയ്യുന്ന തുകയുടെ 1% ആണ് നിരതദ്രവ്യമായി ആവശ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത ടെണ്ടറിൽ അടങ്കൽ തുക 1,48,00,000/- രൂപ ആയിരിക്കെ നിരതദ്രവ്യമായി 1,48,000/-രൂപയാണ് ടെണ്ടറർ സമർപ്പിക്കേണ്ടത് . ഇവിടെ വിജയിയായ (വിതരണ കരാർ ലഭിച്ച ) M/S.യൂണിവേഴ്സൽ പ്രിന്റിംഗ് സിസ്റ്റം, ഹൈദ്രാബാദ് 1,30,000/-രൂപയും മറ്റൊരു ടെണ്ടററായ M/S.ഹൈടെക് പ്രിന്റ് സിസ്റ്റം ലിമിറ്റഡ്, ചെന്നൈ 1,42,020 രൂപയും മാത്രമാണ് നിരതദ്രവ്യമായി സമർപ്പിച്ചിട്ടുള്ളത്.

3. സ്ഥാപനവുമായുള്ള കരാറിന്റെ ഭാഗമായ സപ്ലൈ ഓർഡർ പ്രകാരം (4627/Pur/KUHS/2016/30.08.2016) 52 പേജ് ഉത്തരപുസ്തകങ്ങൾ 3.5 ലക്ഷവും, 32 പേജ് ഉത്തര പുസ്തകങ്ങൾ 2 ലക്ഷവും 12 പേജ് ഉത്തരപുസ്തകങ്ങൾ മുഴുവനായും(6 ലക്ഷം) സപ്ലൈ ഓർഡർ തീയതി മുതൽ 25 ദിവസത്തിനകവും ശേഷിക്കുന്ന 50% ഉത്തരപുസ്തകങ്ങൾ (52 പേജ്-3.5 ലക്ഷം, 32 പേജ്- 2 ലക്ഷം) സപ്ലൈ ഓർഡർ തീയതി മുതൽ 60 ദിവസത്തിനകവും വിതരണം ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സ്ഥാപനം ഉത്തരപുസ്തകങ്ങൾ വിതരണം ചെയ്യാത്ത പക്ഷം വൈകി വിതരണം ചെയ്ത സാധനങ്ങളുടെ വിതരണ വിലയുടെ 0.5% അല്ലെങ്കിൽ 1% ഓരോ ആഴ്ചയ്ക്കും എന്ന നിരക്കിൽ യഥാർത്ഥ വിതരണ തീയതി വരെ കണക്കാക്കി പരമാവധി കരാർ തുകയുടെ 10% വരെ ലിക്വിഡേറ്റഡ് ഡാമേജായി കരാർ തുകയിൽ നിന്നും കുറവുചെയ്യുന്നതാണ് എന്ന് കരാറിൽ 6(b) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. (ലിക്വിഡേറ്റഡ് ഡാമേജ് എത്ര ശതമാനമെന്ന് കൃത്യമായി കരാറിൽ രേഖപ്പെടുത്താത്തത് സർവ്വകലാശാലയുടെ ഭാഗത്തെ വീഴ്ചയാണ് ). എന്നാൽ കരാർ സ്ഥാപനം ഉത്തരപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് 97 മുതൽ 211 വരെ ദിവസങ്ങൾ കാലതാമസം വരുത്തിയിട്ടുണ്ട്. കരാർ വ്യവസ്ഥ 5 പ്രകാരം സമയനിഷ്ഠ പാലിക്കുകയെന്നത് കരാറിന്റെ കാതലാണ് . ആയതിനാൽ താഴെപ്പറയും പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കേണ്ടതായിരുന്നു.

| ക്രമ നം. | ഇനം | അളവ് (എണ്ണം) | വില (രൂപ) | വിതരണം ചെയ്ത തീയതി | വിതരണം ചെയ്യേണ്ട തീയ്യതി | കാലതാമസം ദിവസം/ ആഴ്ച | ലിക്വിഡേറ്റഡ് ഡാമേജസ് 1% നിരക്കിൽ (4x1%x7) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 52 പേജ് | 3,50,000 | 41,44,000 | 31.12.16 | 25.9.16 | 97/13 ആഴ്ച | 5,38,720 |
| 2 | 32 പേജ് | 2,00,000 | 15,88,000 | 31.12.16 | 25.9.16 | 97/13 ആഴ്ച | 2,06,440 |
| 3 | 12 പേജ് | 4,00,000 | 8,96,000 | 31.12.16 | 25.9.16 | 97/13 ആഴ്ച | 1,16,480 |
| 4 | 32 പേജ് | 1,51,000 | 11,98,940 | 12.01.17 | 31.10.16 | 72/10 ആഴ്ച | 1,19,894 |
| 5 | 12 പേജ് | 2,00,000 | 4,48,000 | 31.05.17 | 31.10.16 | 277/39 ആഴ്ച | 1,74,720 |
| 6 | 32 പേജ് | 49,000 | 3,89,060 | 31.05.17 | 31.10.16 | 211/30 ആഴ്ച | 1,16,718 |
| 7 | 52 പേജ് | 3,50,000 | 41,44,000 | 31.05.17 | 31.10.16 | 211/30 ആഴ്ച | 12,43,200 |
| | | | | | | ആകെ | 25,16,172 |

കരാർ തുക 1,28,08,000/-രൂപയായതിനാൽ പരമാവധി കുറവ് ചെയ്യാവുന്ന തുക 10% നിരക്കിൽ 12,80,800/-രൂപയാണ്. ആയത് സർവ്വകലാശാല കുറവ് ചെയ്തിട്ടില്ല.

4. സർവ്വകലാശാല സ്റ്റോറിൽ ഉത്തരപുസ്തകങ്ങൾ സൂക്ഷിച്ചുവെയ്ക്കുന്നതിന് സ്ഥലമില്ലാത്തതിനാൽ തുടർന്നുള്ള വിതരണം വൈകിപ്പിക്കാൻ സ്റ്റോറിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സപ്ലൈയർക്ക് വാക്കാൽ നിർദ്ദേശം കൊടുത്തതായി നോട്ട് ഫയൽ ഖണ്ഡിക 211ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാരണത്താലാണ് വിതരണം വൈകിപ്പിച്ചതെന്ന് കരാർ സ്ഥാപനം KUHS/UPS/3/തീയതി.28.06.2017 കത്ത് പ്രകാരം സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. സർവ്വകലാശാലയിൽ നിന്നും ഔദ്യോഗികമായി കത്ത് നൽകിയതായി കാണുന്നില്ല. സൗകര്യമായി സൂക്ഷിച്ചുവെയ്ക്കാൻ സാധിക്കാത്ത സാധനങ്ങൾ ഒരു നിശ്ചിത എണ്ണം /അളവ്, ഒരു നിശ്ചിത സമയത്തേക്ക് നിശ്ചിത നിരക്കിൽ ഘട്ടം ഘട്ടമായി വിതരണം ചെയ്യാനായി റണ്ണിംഗ് കോൺട്രാക്ടാണ് ഇത്തരം സാഹചര്യങ്ങളിൽ ഉണ്ടാക്കേണ്ടിയിരുന്നത്. ഇപ്രകാരമുള്ള ഒരു കരാറല്ല ഇവിടെ സർവ്വകലാശാല ചമച്ചിട്ടുള്ളത്.

5. ഓരോ പരീക്ഷ കേന്ദ്രത്തിലേക്കും ആവശ്യമായ ഉത്തരപുസ്തകങ്ങൾ പരീക്ഷയോടനുബന്ധിച്ച് എത്തിച്ചു നല്കുകയും പരീക്ഷയ്ക്കു ശേഷം ബാക്കിയുള്ള ഉത്തരപുസ്തകങ്ങൾ തിരികെ സർവ്വകലാശാലയിൽ എത്തിക്കുകയും ചെയ്യുന്ന രീതി സർവ്വകലാശാല സ്വീകരിക്കുന്നില്ല. 2017 ജൂൺ മാസം വരെ ഉത്തരപുസ്തകങ്ങൾ പരീക്ഷാ കേന്ദ്രങ്ങളിലേക്ക് തപാൽ/ കൊറിയർ മുഖേന അയയ്ക്കുകയോ യൂണിവേഴ്സിറ്റിയിൽ നിന്ന് നേരിട്ട് നല്കുകയോ ചെയ്തിരുന്നു. നിലവിൽ ഉത്തരപുസ്തകങ്ങൾ സർവ്വകലാശാല വാഹനത്തിൽ വിവിധ കോളജുകളിൽ എത്തിക്കുന്നു . അതേ സമയം തന്നെ വിവിധ കോളജുകളിൽ സ്റ്റോക്കുള്ള ഉത്തരപുസ്തകങ്ങളുടെ എണ്ണം അറിയുന്നതിനുള്ള സംവിധാനം നിലവിൽ സർവ്വകലാശാലയിലില്ല എന്നതിനാൽ ഓരോ വർഷത്തേയും ആവശ്യകതാ നിർണ്ണയം നടത്തിയുള്ള ഒരു വാങ്ങൽ രീതിയല്ല സർവ്വകലാശാല സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാകുന്നു.

ജീവനക്കാരുടെ കുറവ് ഉൾപ്പെടെയുള്ള കാര്യങ്ങളും പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ രൂക്ഷമായ അഭാവവുമാണ് നടപടി ക്രമങ്ങളിലെ വീഴ്ചക്ക് കാരണമായത് എന്നാണ് സർവ്വകലാശാല വിശദീകരിക്കുന്നത്. സംസ്ഥാന സെക്രട്ടറിയേറ്റ്, വിവിധ സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ഉയർന്ന തസ്തികകളിൽ നിന്നും അന്യത്ര സേവനത്തിലുള്ളവർ , അക്കൗണ്ടന്റ് ജനറൽ ഓഫീസ്, വിവിധ സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ ഉയർന്ന തസ്തികകളിൽ നിന്നും വിരമിച്ചവർ തുടങ്ങിയ ഉദ്യോഗസ്ഥരും അടങ്ങുന്നവരാണ് സർവ്വകലാശാലയുടെ സൂപ്പർവൈസറി തസ്തികകളിലുള്ളത് എന്നതിനാൽ ഇത്തരത്തിലുള്ള മറുപടി ന്യായീകരിക്കാവുന്നതല്ല. കൂടാതെ ' നടപടിക്രമങ്ങളിലെ പിഴവു കാരണം സർവ്വകലാശാലയ്ക്ക് യാതൊരു പ്രശ്നമോ കഷ്ടനഷ്ടങ്ങളോ ഉണ്ടായിട്ടില്ലായെന്നും '

സർവ്വകലാശാലയുടെ മറുപടിയിൽ പറയുന്നു . പാലിക്കപ്പെടേണ്ട നിയമ വ്യവസ്ഥകൾ ലംഘിക്കപ്പെടുമ്പോൾ ' ലംഘിച്ചതു കൊണ്ട് നിലവിൽ പ്രശ്നങ്ങളോ കഷ്ടനഷ്ടങ്ങളോ ഉണ്ടായിട്ടില്ല ' എന്ന യുക്തിക്ക് നിരക്കാത്ത മറുപടികൾ സർവ്വകലാശാലയ്ക്ക് യോജിച്ചതല്ല.

മേൽ പറയുന്ന അപാകതകൾ അന്വേഷണത്തിനും പരിഹാരനടപടികൾക്കുമായി സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 HVLS ഫാൻ SITC - അപാകതകൾ

ഫയൽ നം. 4028/വർക്സ്. കേ.ആ.സ.2017

കരാർ നം.10/2017-18 തീയ്യതി 30.10.2017

കരാറുകാരൻ: Green Air Trading Enterprises (GATE) India Pvt.Ltd, Chennai

ഭരണാനുമതി : ജി.ഒ.(ആർ.ടി.)117/17 H&FWD Dated 17.01.2017 ₹6,01,933/-

സാങ്കേതികാനുമതി : 4028/Works/KUHS 2017 Dated 17.08.2017 യൂണിവേഴ്സിറ്റി എഞ്ചിനീയർ

അടങ്കൽ തുക : ₹9,60,000/-

PAC തുക ₹9,49,575/-

ആകെ ചെലവുതുക : ₹6,62,796/- (₹9,49,575 ന്റെ 70%)

അളവുപുസ്തക നം.: MB5/2017-18

വൗച്ചർ നം. BP 554 തീയ്യതി 08.02.2016 ₹6,62,796 (പാർട്ട് ബിൽ)

ഓഡിറ്റ് എൻക്വയറി നം.34 തീയ്യതി 07.12.2018

വർക്ക് ഓർഡർ നം.4028/Works KUHS 2017 Dated 17.10.2017

സപ്ലിമെന്ററി കരാർ തീയ്യതി 12.03.2018

പൂർത്തീകരണ തീയ്യതി 20.03.2018

" the main building is covered with structural glazing on three sides and this has badly affected the air circulation in the building. The existing ventilating provisions in the building is highly deficient and the staff are finding it extremely miserable to stay inside especially during summer" എന്ന് അഭിപ്രായപ്പെട്ട് ₹6.1 ലക്ഷം ചെലവു ചെയ്ത് വെന്റിലേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിന് 07.01.2017 ലെ 36-ാമത് GC അജണ്ട 25.3 പ്രകാരം അംഗീകാരം

നൽകുകയുണ്ടായി. അഡ്മിനിസ്റ്റേറ്റീവ് ബ്ലോക്കിൽ 'exorbitant heat in the offices' എന്ന് 31.05.2017 ലെ ടെക്നിക്കൽ കമ്മിറ്റിയിലേയ്ക്ക് 7ാമത് അജണ്ടയായി കൺവീനർ കൂടിയായ യൂണിവേഴ്സിറ്റി എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളതും പരിശോധനയിൽ കണ്ടു . വെന്റിലേഷൻ സിസ്റ്റം മെച്ചപ്പെടുത്തുന്നതിന് HVLS ഫാൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ആസ്ഥാന മന്ദിരത്തിലെ വെന്റിലേഷൻ സൗകര്യങ്ങൾ വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ തരം ഫാനുകളുടെ നിർമ്മാതാക്കളായ M/S. Almonard പഠനം നടത്തിയതായി 13846/Works KUHS 2016 നമ്പർ ഫയൽ പരിശോധനയിൽ കാണുകയുണ്ടായി . പെഡസ്റ്റൽ ഫാൻ/എക്സോസ്റ്റ് ഫാൻ നിർമ്മാതാക്കളായ M/S. Almonard അല്ലാതെ ഏതെങ്കിലും വിദഗ്ധ ഏജൻസിയെ കൊണ്ട് വെന്റിലേഷനുമായി ബന്ധപ്പെട്ട് ആധികാരിക പഠനം നടത്താതിരിക്കുന്നതിനുള്ള കാരണം ഓഡിറ്റ് എൻക്വയറി മൂലം ആരായുകയുമുണ്ടായി . പ്രതിഫലം നൽകാതെ സാങ്കേതികാഭിപ്രായം തേടിയതാണെന്നും ഇവർ നിർദ്ദേശിച്ച തരം ഫാനുകൾ വാങ്ങുകയുണ്ടായില്ലായെന്നും സർവ്വകലാശാല ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർ ശയനുസരിച്ച് HVLS Fan സ്ഥാപിയ്ക്കുകയാണ് ചെയ്തത് എന്ന മറുപടിയാണ് നൽകുകയുണ്ടായത്. കെട്ടിട നിർമ്മാണത്തിലെ അപാകതകളെ തുടർന്ന് വെന്റിലേഷൻ സൗകര്യങ്ങൾ വർ ധിപ്പിയ്ക്കുന്ന കാര്യത്തിൽ വിദഗ്ധ ഏജൻസിയെകൊണ്ട് പഠനം നടത്താതിരുന്നത് ശരിയല്ല.

2. Work Order 4028/Works 20 KUHS 2017 തീയ്യതി 17.10.2017 അപ്പന്റിക്സ്-2, അനക്സർ-2 സ്പെസിഫിക്ക് കണ്ടീഷൻ 1.2.2 പ്രകാരം " the HVLS needs to test by third party as per ANSI/AMCA standard 230" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനു വിരുദ്ധമായി സർ വ്വകലാശാലാ എഞ്ചിനീയർ 'temperature test' നടത്തി റിപ്പോർട്ട് നൽ കിയതിന്റെയടിസ്ഥാനത്തിൽ കരാറുകാരന് തുക നൽകിയിട്ടുള്ളതും പരിശോധനയിൽ കണ്ടു. ഇപ്പോൾ സ്ഥാപിച്ച HVLS ഫാൻ അമേരിക്കൻ നിർമ്മിതവും ഇറക്കുമതി ചെയ്തതുമാണെന്നും ഇത്തരം ഫാനുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്ന ഏജൻസികളാണ് ANSI/AMCA എന്നിവയെന്നും standard 230 ടെസ്റ്റ് പരീക്ഷണശാലയിൽ നടത്തേണ്ടതുമാണെന്നും ഇപ്പോൾ ഇലക്ട്രിക്കൽ എഞ്ചിനീയർ നടത്തിയ താപനില പരിശോധന ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് അവശ്യം ചെയ്യേണ്ട ഒന്നായിരുന്നില്ലായെന്നതുമായ മറുപടിയാണ് ഇപ്പോൾ നൽ കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ANSI/AMCA standard 230" പരിശോധന നടത്തേണ്ടതാണെന്ന് work order-ൽ നിഷ്കർഷിക്കുവാനിടവന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

സ്റ്റാൻഡേർഡ് 230 ടെസ്റ്റ് പരീക്ഷണ ശാലയിൽ നടത്തേണ്ടതാണെന്നുണ്ടെങ്കിൽ ഇപ്പോൾ സപ്ലൈ ചെയ്തിട്ടുള്ള ഫാൻ ഇപ്രകാരം ടെസ്റ്റിന് വിജയകരമായി വിധേയമായിട്ടുണ്ടെന്നുള്ളതിനുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. സ്വാഭാവിക വെളിച്ചം, വായു സഞ്ചാരം എന്നിവ ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തിയാണ് ഓരോ നിർമിതിയുടെയും പ്ലാൻ തുടങ്ങി കെട്ടിട നിർമ്മാണത്തിന്റെ ഓരോ ഘട്ടവും നിർവഹിയ്ക്കേണ്ടത്. കരാറിന്റെ തന്നെ ഭാഗമായ Notice Inquity Tender 3.2.1 പ്രകാരം" consultant engaged for the technical cunsultancy shall produce design for a model green campus with high performance buildings and services insuring least carbon foot print. Design shall aim at optimizing the use of land water and energy minimizing pollution during implementation and while inservice as little disturbance as possible to ecological parametres and solar passive architecture എന്ന് വ്യവസ്ഥയുള്ളതുമാണ്. അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിലെ അസഹനീയമായ ചൂട്, ഏറ്റവും ചുരുങ്ങിയ ആവശ്യകതകൾക്ക് പോലും ശ്രദ്ധ നൽകാതെയാണ് കെട്ടിടത്തിന്റെ രൂപകല്പനയും നിർമാണവും നടന്നിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നിർമ്മാണ പ്രവൃത്തിയുടെ മേൽനോട്ട ചുമതലകൾ വഹിച്ച് പ്രതിഫലം കൈപ്പറ്റിയതുമായ M/S.Indigo Arkitekts നെതിരെ യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

4. (ആർ.ടി.)117/2017 എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയ്യതി 17.01.2017 സർക്കാർ ഉത്തരവനുസരിച്ച് വിവിധ പ്രവൃത്തികൾക്ക് താഴെ ചേർക്കുന്നതു പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

| | |
|---|---|
| സെനറ്റ് ഹാൾ നിർമ്മാണം | ₹ 3,41,00,000 |
| മെസ്സയ്ൻ ഫ്ലോർ | ₹45,91,017 |
| വെന്റിലേഷൻ സിസ്റ്റം | ₹6,01,933 |
| മറ്റുള്ളവ | ₹1,07,050 |
| | ₹3,94,00,000 |

മുമ്പ് സൂചിപ്പിച്ചതു പ്രകാരം വെന്റിലേഷൻ സിസ്റ്റം പ്രവൃത്തിയ്ക്ക് ₹ 6,01,933/- ചെലവഴിയ്ക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചിരുന്നത്. ഈ പ്രവൃത്തിയുടെ PAC തുകയായ ₹9,49,575/- യുടെ 70% അതായത് ₹6,62,796/- ഓഡിറ്റ് കാലയളവിൽ ഫസ്റ്റ് & പാർട്ട് ബിൽ ആയി ചെലവഴിയ്ക്കുകയുണ്ടായി . ഭരണാനുമതി ലഭിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചത് വിശദീകരിയ്ക്കേണ്ടതാണ്.

HVLS ഫാൻ സ്ഥാപിയ്ക്കുന്നതുമായി ബന്ധപ്പെട്ട് ആധികാരികമായ പഠനം നടന്നിട്ടില്ലാത്തതിനാലും അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിലെ താപനില മേൽപ്രകാരം പ്രവൃത്തി മൂലം ഗണ്യമായി കുറവു ചെയ്യുവെന്ന് ആധികാരികമായി വ്യക്തമല്ലാത്തതിനാലും മുകളിൽ സൂചിപ്പിച്ച മറ്റു കാരണങ്ങളാലും ഓഡിറ്റ് കാലയളവിൽ ₹ 6,62,796/- ചെലവ് ചെയ്തത് തടസ്സപ്പെടുത്തുന്നു.

## 3-11 M/S.Indigo Arkitekts- ടെക്നിക്കൽ കൺസൾട്ടൻസി സർവ്വീസ്- അപാകതകൾ

ഫയൽ നമ്പർ 4643/PW 2010 KUHS

ഓഡിറ്റ് എൻക്വയറി നമ്പർ 38 തീയതി 12.12.2018

ഓഡിറ്റ് എൻക്വയറി നമ്പർ 39 തീയതി 12.12.2018

08.02.2011 ലെ കരാർ , 14.01.2011 ലെയും 08.06.2011 ലെയും 4643/PW 2010 കെ.യു.എച്ച്.എസ്. വർക്ക് ഓർഡറുകൾ എന്നിവയ്ക്കു വിധേയമായി ഏൽപ്പിച്ച ടെക്നിക്കൽ കൺ സൾട്ടൻസി പ്രവൃത്തിയിൽ 60% മാത്രമാണ് M/s.ഇൻഡിഗോ ആർക്കിടെക്ട്സ് നിർവ്വഹിക്കുകയുണ്ടായതെന്നും ഈ സാഹചര്യത്തിൽ കരാർ തുകയായ 25 ലക്ഷം രൂപയുടെ 60% 15 ലക്ഷം രൂപ മാത്രമാണ് കരാറുകാരന് നൽകിയതെന്നും ഫയൽ പരിശോധനയിൽ കണ്ടു. കരാർ പ്രകാരം മുഴുവൻ ജോലികളും ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും കരാർ തുക മുഴുവനും നൽകുന്നതിന് M/s.ഇൻഡിഗോ ആർക്കിടെക്ട്സ് 18.10.2017 ൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടുള്ളതായി പരിശോധനയിൽ കണ്ടു. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. M/s.ഇൻഡിഗോ തയ്യാറാക്കിയ ഭരണ മന്ദിരത്തിന്റെ അപാകതയുള്ള പ്ലാൻ നിമിത്തം വായുസഞ്ചാരം കുറവായതിനാൽ വേനൽക്കാലത്ത് താപനില വർധിച്ച് സർവ്വകലാശാല ഭരണ മന്ദിരത്തിൽ അസുഖകരമായ അവസ്ഥ സംജാതമാകുന്ന സാഹചര്യമുണ്ട് . "The main

building is covered with structural glazing on three sides and this has badly affected the air circulation in the building. The existing ventilating provisions in the building is highly deficient and the staff are finding it extremely miserable to stay inside specially during summer" എന്ന് 07.01.2017 ലെ 36-ാമത് GC അജണ്ട 25.3 ആയി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആസ്ഥാന മന്ദിരത്തിൽ 'exhorbitant heat in the offices' എന്ന് ടെക്നിക്കൽ കമ്മിറ്റി കൺവീനർ കൂടിയായ യൂണിവേഴ്സിറ്റി എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുള്ളതും പരിശോധനയിൽ കണ്ടു. കരാറിന്റെ തന്നെ ഭാഗമായ Notice Inviting Tender 3.2.1- ' Consultant engaged for the technical consultancy shall produce design for a model green campus with high performance building and services ensuring least carbon foot print. Design shall aim at optimizing the use of land, water and energy minimizing pollution during implementation and while inservice as little disturbance as possible to ecological parametres and solar passive architecture' എന്ന് വ്യവസ്ഥയുള്ളതാണ്. ' ഗ്രീൻ ബിൽഡിങ് ' ആശയവും/സാങ്കേതിക വിദ്യയും കെട്ടിട നിർമ്മാണത്തിൽ ഉപയോഗപ്പെടുത്തണമെന്ന് പ്രത്യേകം വ്യവസ്ഥയുണ്ടായിരുന്നിട്ടും ഒരു സാധാരണ എഞ്ചിനീയറിങ് വിദ്യാർത്ഥി പോലും ഏതൊരു നിർമിതിയുടെ പ്ലാനിലും , സ്വാഭാവിക വെളിച്ചം,വായുസഞ്ചാരം എന്നിവ ശ്രദ്ധിച്ചുറപ്പുവരുത്തുമെന്നിരിക്കെയാണ് വൻ പ്രതിഫലം കൈപ്പറ്റി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയ വേളയിൽ കുറ്റകരമായ അനാസ്ഥ M/s.ഇൻഡിഗോ ആർക്കിടെക്ട് കാണിച്ചിട്ടുള്ളത്. ഭരണ മന്ദിരത്തിലെ താപനില കുറയ്ക്കുന്നതിന് HVLS ഫാൻ സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. HVLS ഫാൻ ഉറപ്പിക്കുന്നതിനുള്ള ഫ്രെയിം തയ്യാറാക്കുന്നതിനുൾപ്പെടെ ആകെ ₹ 10,93,870- (949575+144295) ചെലവഴിക്കുകയുണ്ടായി. പ്ലാനിലെ അപാകത നിമിത്തം ആവശ്യത്തിന് വെന്റിലേഷൻ സൗകര്യങ്ങളില്ലാതെ ആസ്ഥാന മന്ദിരം നിർമ്മാണം പൂർത്തിയാക്കിയതുമൂലം വർദ്ധിക്കാനിടയായ താപനില കുറവു ചെയ്യുന്നതിന് HVLS ഫാൻ സ്ഥാപിച്ചയിനത്തിൽ ₹ 10,93,870 ചെലവുചെയ്യാനിടവന്നത് കരാറുകാരൻ, സർവ്വകലാശാലക്ക് വരുത്തിവെച്ച നഷ്ടമാണ്.

2. നിശ്ചിത തീയതിയായ 16.08.2011 ന് പൂർത്തിയാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും M/s.ഇൻഡിഗോ ആർക്കിടെക്ട് കരാർ പ്രകാരം മുഴുവൻ ജോലികളും പൂർത്തീകരിക്കുകയുണ്ടായില്ല . വിവിധ ജോലികൾ ഭാഗികമായി നിർവഹിച്ചുവെന്ന് രേഖപ്പെടുത്തി U.O.4643/PW/2010 KUHS തീയതി.23.3.2012 പ്രകാരം 2.5 ലക്ഷം രൂപ അവസാനമായി കരാറുകാരന് നൽകിയിട്ടുള്ളത് പരിശോധനയിൽ കണ്ടു . മുഴുവൻ ജോലികളും ചെയ്യാത്ത സാഹചര്യത്തിൽ കരാറിന്റെ തന്നെ ഭാഗമായ Notice Inviting Tender ഖണ്ഡിക 2.8.3 പ്രകാരം കരാർ റദ്ദ് ചെയ്ത് കരാറുകാരനെതിരെ നിയമപരമായതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയോ

ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് ആകെ കരാർ തുകയായ ₹ 25 ലക്ഷത്തിൽ ഭാഗികമായി പ്രവൃത്തികൾ ചെയ്ത വകയിൽ കരാറുകാരന് നാളിതുവരെ നൽകിയ ₹ 15 ലക്ഷം കുറവ് ചെയ്ത്, ലഭിയ്ക്കുവാൻ അർഹതയില്ലാത്ത ബാക്കി തുക നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് കാലയളവിൽ മാത്രം 18.10.2017, 16.11.2017, 04.12.2017 എന്നിങ്ങനെ വിവിധ തീയ്യതികളിൽ M/s.ഇൻഡിഗോ സർവ്വകലാശാലയ്ക്ക് കത്തെഴുതി കാണുന്നത്. കരാർ റദ്ദ് ചെയ്യാതിരുന്നതിനും, കരാറുകാരനെതിരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

3. കരാറുകാരൻ ചെയ്തു തീർത്ത ജോലികളൊന്നും തന്നെ സർവ്വകലാശാല രേഖാമൂലം വിലയിരുത്തിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു . താഴെ ചേർക്കുന്നതു പ്രകാരം ജോലികളാണ് കരാറുകാരൻ നിർവ്വഹിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുകയുണ്ടായി. (എ) യൂണിവേഴ്സിറ്റി കാമ്പസ് മാസ്റ്റർ പ്ലാൻ (ബി) മണ്ണ് പരിശോധന (സി) ഭരണ മന്ദിരത്തിന്റെ detailed drawing , structural design, cost estimate, bill of quantity (ഡി) ഗസ്റ്റ് ഹൗസ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഗേറ്റ് ഹൗസ്, വാല്യുവേഷൻ സെന്റർ എന്നിവയുടെ ആർക്കിടെക്ച്ചറൽ ഡ്രോയിങ്, കോസ്റ്റ് എസ്റ്റിമേറ്റ് (ഇ) ഭരണമന്ദിര നിർമ്മാണ വേളയിൽ site visit നടത്തുകയും ഇതുമായി ബന്ധപ്പെട്ട അവലോകന യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

ഭരണമന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാരനെ ഏൽപ്പിച്ചിരുന്ന 'green building concept' യാഥാർത്ഥ്യമായില്ലായെന്നു മാത്രമല്ല 'സ്വാഭാവിക വെളിച്ചം, വായുസഞ്ചാരം ഉറപ്പുവരുത്തൽ' എന്ന സിവിൽ എഞ്ചിനീയറിങ്ങിന്റെ ബാലപാഠത്തിനുപോലും കരാറുകാരൻ പ്രാധാന്യം നൽകുകയുണ്ടായില്ല.

a) Acoustics b)Water conservation & management including rain water harvesting pond (c) landscaping (d)electrical & mechanical engineering (e) Information Technology & Connection System (f) Green building concepts & techniques (g) fire safety & Protection Engineering എന്നിങ്ങനെ വളരെ പ്രാധാന്യമുള്ള ചുമതലകൾ കരാറുകാരൻ നിറവേറ്റിയിട്ടില്ല . സെനറ്റ്ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് അക്വാസ്റ്റിക്സ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് മാത്രം 2017-18 കാലയളവിൽ സർവ്വകലാശാല ₹ 3,26,91,108/- ചെലവഴിയ്ക്കുകയുണ്ടായി.ഈ സാഹചര്യത്തിലും 60% പ്രവൃത്തികൾ പൂർത്തിയാക്കിയതായി രേഖപ്പെടുത്തി 15 ലക്ഷം രൂപ കരാറുകാരന് നൽകിയ കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

4. 4643/PW 2010/KUHS തീയതി 14.01.2011 വർക്ക് ഓർഡർ പ്രകാരം കരാർ തുകയിനത്തിൽ ₹15 ലക്ഷം എന്ന് സമ്മതിച്ചുറപ്പിച്ച് താഴെ ചേർക്കുന്നതു പ്രകാരം പ്രവൃത്തികൾ M/s.ഇൻഡിഗോ ആർക്കിടെക്ട്സിനെ ഏൽപ്പിയ്ക്കുകയുണ്ടായി.

(a) Land Scaping (b) Arkitekter, Interior Design Acoustics (c) Civil & strutual engineering (d) water conservation & waste management (e) Electrical & mechanical Engineering (f) Information Technology, Intelligent building Technology & Communication system (g) Green Building concepts & techniques (h) Fire Safety & Protection Engineering

4643/PW 2010 KUHAS dated 08.06.2011 പ്രകാരം കരാർസംഖ്യ ₹25 ലക്ഷം ആയി വർധിപ്പിച്ച് താഴെ ചേർക്കുന്നതു പ്രകാരം അധിക ജോലികൾ കൂടി എൽപ്പിയ്ക്കുകയുണ്ടായി.

Preparation of tender documents, tender scrutiny and evaluation, recommendation & participation in discussion if any required with tender for construction tender Statutory Officer മാരുടെ മീറ്റിംഗിൽ " It is understood that the consultant is depending on outside experts for structural design, electrical, fire fighting arrangements, IT and intelligent building technology as they do not have experts in these fields on hand' എന്ന് 30.05.2011 ൽ അഭിപ്രായപ്പെട്ടുകാണുന്നു . ഈ സാഹചര്യത്തിലാണ് കരാറുകാരനെ മേൽ പ്രകാരം അധിക പ്രവൃത്തികൾ ഏൽപ്പിക്കുവാനിടയായതും വർക്ക് ഓർഡർ പുതുക്കുവാനിടയായിട്ടുള്ളതും. 16.08.2011 ന് പൂർത്തിയാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും M/s.ഇൻഡിഗോ ആർക്കിടെക്റ്റ് കരാർപ്രകാരം മുഴുവൻ ജോലികളും നിർവ്വഹിക്കുകയുണ്ടായില്ലയെന്നുമാത്രമല്ല 15 ലക്ഷം പ്രതിഫലമായി സ്വീകരിക്കുവാൻ തയ്യാറായി എർപ്പെട്ട ആദ്യകരാറിലെ മുഴുവൻ ജോലികൾ പോലും ചെയ്തു തീർക്കുകയുണ്ടായില്ല.

5. 4643/PW 2010 KUHS തീയതി 08.06.2011 പ്രകാരം കൂടുതൽ ജോലികൾ കരാറുകാരനെ ഏൽപ്പിക്കുകയും PAC തുക ₹25 ലക്ഷം ആയി വർധിയ്ക്കുകയും ചെയ്തുവെങ്കിലും ഇതനുസരിച്ച് സപ്ലിമെന്ററി കരാറിലേർപ്പെടുകയോ നാളിതുവരെ കരുതൽ നിക്ഷേപമായി നൽകിയ ₹76500- പുറമെ ₹ 48500 കൂടി കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ലാത്തതും കണ്ടു . ഇപ്പോൾ റീഫണ്ടബിൾ ഡെപ്പോസിറ്റ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള കരുതൽ നിക്ഷേപം സർവ്വകലാശാല അക്കൗണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

M/s.ഇൻഡിഗോ ആർക്കിടെക്റ്റ് എന്ന സ്ഥാപനത്തിന് "ടെക്നിക്കൽ കൺസൾട്ടൻസി സർവ്വീസ്" ഏൽപ്പിച്ചതുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 ഭൂമി പൊന്നും വിലയ്ക്കെടുക്കൽ- അവാർഡുതുക അധികരിച്ച നിരക്കിൽ നൽകേണ്ടി വന്നതും/ മറ്റു അപാകതകളും

ഫയൽ നം. (1)7627/2013 അഡ്മിൻഎ.KUHS

(2) 4826/17 ലീഗൽ KUHS

(3) 401/Admin 2010 KUHS Vol. I & II

ബി.പി.2624/27.3.18 ₹5,80,616/-

ബി.പി.2625/27.3.18 ₹43,49,506/-

ബി.പി.2626/27.3.18 ₹10,74,595/-

ബി.പി.2627/27.3.18 ₹10,74,595/-

ബി.പി.2628/27.3.18 ₹10,74,595/-

ബി.പി.2629/27.3.18 ₹12,63,060/-

ബി.പി.2630/27.3.18 ₹ 8,80,376/-

ബി.പി.2631/27.3.18 ₹11,44,151/-
ഓഡിറ്റ് എൻക്വയറി നമ്പർ 48/21.01.2019

CWRDM, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ പഠനത്തിന് വിധേയമായി രണ്ടാമതൊരു മഴവെള്ള സംഭരണി കൂടി നിർമ്മിക്കുന്നതിന് 7 വ്യക്തികളുടെ അധീനതയിലുണ്ടായിരുന്നതും 4/22, 5/24, 25, 26, 27, 28, 29, 30, 32, 33 എന്നിങ്ങനെ സർവ്വെ നമ്പരിലുള്ളതുമായ 0.7067 ഹെക്ടർ നിലം കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്ക് വേണ്ടി 24.02.2012 ന് നോട്ടിഫൈ ചെയ്ത് 11.02.2013 ന് റവന്യൂ അധികൃതർ പൊന്നും വിലയ്ക്കെടുക്കുകയുണ്ടായി. തൃശ്ശൂർ LA സ്പെഷൽ തഹസീൽദാരുടെ 31.01.2013 ലെ 1/13, 2/13 നമ്പർ അവാർഡുകൾ പ്രകാരം ഒരു ആറിന് ₹37,650/- അനുവദിയ്ക്കുകയുണ്ടായി. ഈ തുക അപര്യാപ്തമെന്ന് രേഖപ്പെടുത്തി 'underprotest' ലാണ് 6 ഭൂവുടമകൾ അവാർഡ് തുക കൈപ്പറ്റിയത്. ഒരു ഭൂവുടമ ഇതിനകം മരണപ്പെട്ടിരുന്നു. തുടർന്ന് ഭൂവുടമകൾ LAR 35/13, 36/13, 37/13, 38/13, 39/13, 40/13 എന്നിങ്ങനെ തൃശ്ശൂർ സബ്

കോടതിയിൽ LAR ഫയൽ ചെയ്തതിനെത്തുടർന്ന് പൊന്നംവിലത്തുക ആറിന് ₹1,81,097/- എന്ന നിരക്കിൽ കോടതി വർധന നൽകുകയുണ്ടായി . LAR 40/13 മേൽ IA ഉണ്ടായിരുന്നതിനാൽ ഇക്കാര്യത്തിലൊഴികെ കോടതി വിധി നടപ്പാക്കി കിട്ടുന്നതിന് LAR35/13/EP280/17, LAR36/13/EP279/17, LAR37/13/EP278/17, LAR38/13/EP269/13, LAR39/13/EP277/17, എന്നിങ്ങനെ ഭൂവുടമകൾ എക്സിക്യൂഷൻ പെറ്റിഷൻ ഫയൽ ചെയ്യുകയും ഇതിനിടയിൽ കോടതിയ്ക്കുവെളിയിൽ വാദി വിഭാഗം അഭിഭാഷകനും KUHS ന വേണ്ടി സ്റ്റാന്റിങ് കൗൺസലും ഒത്തുതീർപ്പിലെത്തിയതിനെത്തുടർന്ന് 11.2.2013 മുതൽ 10.02.2014 വരെ 9%, 11.02.2014 മുതൽ അവാർഡ് സംഖ്യക്ക മുകളിൽ അധികമായി അനുവദിച്ച തുക നൽകുന്നതു വരെ 15% എന്നിങ്ങനെ കോടതി പലിശയിനത്തിൽ അനുവദിച്ചുത്തരവായതിൽ 11.02.2014 മുതൽ 15% എന്നത് 3% ആയി കുറവു ചെയ്യുന്നതിന് ഭൂവുടമകൾ തയ്യാറായി. വിവിധ LAR കളിൻമേൽ കോടതി അനുവദിച്ചുത്തരവായ തുകയിൻമേൽ ഒത്തുതീർപ്പായ തുകയാണ് ഓഡിറ്റ് കാലയളവിൽ നൽകിയിട്ടുള്ളത്. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

(1) വിവിധ LAR കേസുകളിൽ 27.01.2016 നുണ്ടായ വിധിന്യായം പേജ് നം.4 ൽ 1ഉം 3 ഉം എതിർകക്ഷികൾ മാത്രം ആക്ഷേപം ചെയ്തിട്ടുള്ളുവെന്ന് രേഖപ്പെടുത്തി കാണുന്നു. 2-ാം എതിർ കക്ഷിയായ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ഷേപം ഫയൽ ചെയ്തിട്ടില്ലായെന്ന് വ്യക്തമാകുന്നു. വിവിധ LAR കേസുകളുമായി ബന്ധപ്പെട്ട് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പ്രതിനിധീകരിയ്ക്കുവാൻ 02.12.2013 ലെ 449/2/2013 അഡ്മിൻ & ജന. കെ.യു.എച്ച്.എസ്. ഉത്തരവു പ്രകാരം അഡ്വ.എ.സി.മോഹനകൃഷ്ണൻ, സരസ്വതി, അയ്യന്തോൾ എന്ന വക്കീലിനെ ഏൽപ്പിച്ചിട്ടുള്ളതായും ഇക്കാര്യത്തിൽ G.C.തീരുമാനം ഇല്ലാത്തതായും പരിശോധനയിൽ കണ്ടു . LAR കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് അഡ്വ.എ.സി.മോഹനകൃഷണൻ പ്രതിഫലം കൈപറ്റിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകുകയുണ്ടായി.

ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് അവാർഡ് തുക നിശ്ചയിച്ചതിലെ അപാകതകൾ മാത്രമാണ് സ്വാഭാവികമായും LA തഹസിൽദാർ ആക്ഷേപത്തിൽ പ്രതിരോധിക്കുക . റിക്വിസിഷണിങ് അതോറിറ്റി എന്ന നിലയിൽ തുക നൽകേണ്ടതിനാൽ , LAR മായി ബന്ധപ്പെട്ട് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ മുഴുവൻ താൽപര്യങ്ങളെയും കണക്കിലെടുത്ത് സമഗ്രമായ ഒരു ആക്ഷേപം നൽകാൻ സാധിയ്ക്കുക കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയ്ക്കു മാത്രമാണ്. "സർവ്വകലാശാല പ്രസ്തുത കേസിൽ ഫോർമൽ പാർട്ടിയാണ്. കേസിൽ പ്രധാനമായും ആക്ഷേപം ബോധിപ്പിക്കേണ്ടത് റവന്യൂ അധികാരികൾ ആയതിനാൽ അവർ ഫയൽ ചെയ്തതിൽ കൂടുതലായി ഏതെങ്കിലും ആക്ഷേപം ഫയൽ

ചെയ്യുന്നതിന് അഭിഭാഷകൻ ആവശ്യപ്പെട്ടില്ല" എന്ന മറുപടിയാണ് ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിയ്ക്ക് സർവ്വകലാശാല നൽകിയത്. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല ആക്ഷേപം ഫയൽ ചെയ്യാതിരുന്നത്, ഭൂവുടമകൾക്ക് വർധിച്ച തുക കോടതി അനുവദിയ്ക്കുന്നതിനു കാരണമായിയെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

LAR കേസുകളുടെ നടത്തിപ്പിന് നിയോഗിച്ച അഡ്വ.A.C.മോഹനകൃഷ്ണൻ ഇതുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് യാതൊരു സേവനവും നൽകിയിട്ടില്ല . സബ്‌കോടതി വിധിന്യായം ലഭ്യമാക്കുന്നതിനും ആയതിൻമേലുള്ള നിയമോപദേശം നൽകുന്നതിനും എന്തിന് അഡ്വക്കേറ്റ് കമ്മീഷൻ LAR മായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തിയ വേളയിൽ ആയത് സർവ്വകലാശാലയെ അറിയിയ്ക്കുന്നതിനുപോലും പ്രത്യേക അഭിഭാഷകന്റെ സേവനം ഉപകാരപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ എല്ലാം തന്നെ സർവ്വകലാശാല ജില്ലാ കളക്ടറെ യും ജില്ലാ ഗവ :പ്ലീഡറെയും സമീപിച്ചിട്ടുള്ളതായാണ് കണ്ടത്. അഡ്വ.A.C.മോഹനകൃഷ്ണൻ വക്കാലത്ത് ഫയൽ ചെയ്ത് നിശബ്ദനായിരിയ്ക്കുകയാണുണ്ടായതെന്ന് വ്യക്തമാണ്. ഇത് ഭൂവുടമകളുടെ താൽപര്യം സംരക്ഷിയ്ക്കുന്നതിന് കാരണമായി . ഇക്കാര്യത്തിൽ അഭിഭാഷകനെതിരെ യാതൊരു നടപടികളും സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

11.01.2007 ൽ മുണ്ടൂർ സബ് രജിസ്ട്രാർ ഓഫീസിൽ 174/1/07 നമ്പറിൽ തീറാധാരമാക്കിയതും വെറും 4.793 സെന്റ് വിസ്തൃതിയിലുള്ളതും നിലം നികത്തി ഡവലപ്പ് ചെയ്തതുമായ ഭൂമിയുടെ അടിസ്ഥാനത്തിലാണ് കോടതി ഇപ്പോൾ അധിക തുക അനുവദിക്കാനിടവന്നിട്ടുള്ളത്. ബി.ടി.ആർ.പ്രകാരം ഇക്കാര്യത്തിലുള്ള വസ്തു നിലമാണെങ്കിലും ആയത് നികത്തി പറമ്പായി ഉപയോഗിച്ച് വരുന്നതും വാണിജ്യ പ്രാധാന്യമേറിയതും പ്രത്യേക ഗതാഗത സൗകര്യമുള്ളതുമാണ്. തീറാധാരത്തിലും ഈ വസ്തു പറമ്പ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പൊന്നും വിലയ്ക്കെടുത്ത 175 സെന്റ് (0.7067 ഹെക്ടർ) ഭൂമി ഇപ്പോഴും നിലമായി തുടർന്നുവരുന്നതുമാണെന്ന തൃശ്ശൂർ സ്പെഷൽ തഹസിൽദാർ എൽ.എ.ജനറൽ അവർകളുടെ ഇ .471/2008 തീയതി 09.07.2018 ഉത്തരവിൽ രേഖപ്പെടുത്തി കാണുന്നു.

ഇപ്പോൾ വർധിച്ച നിരക്കിൽ അവാർഡ് തുക കോടതി അനുവദിയ്ക്കുന്നതിനു കാരണമായ Ext.A1 ഭൂമിയെക്കുറിച്ച് RW1 സത്യവാങ്മൂലത്തിൽ കാര്യമായി പരാമർശിച്ചിട്ടില്ലായെന്നും ഭൂവുടമകളുടെ LAR സ്റ്റേറ്റ്മെന്റിൽ Ext.A1 വ്യക്തമായി പരാമർശിച്ചിട്ടും കോടതി നിയോഗിച്ച അഡ്വക്കേറ്റ് കമ്മീഷൻ ഇക്കാര്യം പരാമർശിയ്ക്കുകയുണ്ടായില്ലായെന്നും , ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്ന വേളയിൽ Exbt.A1 പ്രകാരമുള്ള ഭൂമി 'റെസിഡൻഷ്യൽ

പ്ലോട്ടായിരുന്നുവെന്ന തെളിവില്ലായെന്നും കോടതി നിരീക്ഷിക്കുകയുണ്ടായി . ബന്ധപ്പെട്ട കോടതി നിരീക്ഷണങ്ങളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

1. RW1 has not mentioned much about Ext.A1 property in the chief affidavit (കോടതി വിധി പേജ് നം.15)

